**JEEVA MOZHIKAL** RNI/KERBIL/-2003/21404
**May 2011** www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

## പുതിയ ക്യാപ്റ്റന്റെ പുത്തൻ തന്ത്രം

**കാ**ലം 1752 ജൂലൈ. ജോൺ ന്യൂട്ടൻ എന്ന മുൻ നാവികന് ഒരു ക്ഷണം ലഭിച്ചു – ആഫ്രിക്കയ്ക്കു പോകുന്ന ഒരു കപ്പലിന്റെ ക്യാപ്റ്റനാകാൻ.

നേരത്തെയായിരുന്നെങ്കിൽ ജോൺ ന്യൂട്ടൻ സസന്തോഷം ആ ക്ഷണം സ്വീകരിക്കുമായിരുന്നു. കാരണം ഇംഗ്ലണ്ടിൽ നിന്ന് ആഫ്രിക്കയ്ക്കു പോകുന്ന കപ്പലിന്റെ ക്യാപ്റ്റനായാൽ ജീവിതം പരമാനന്ദം. ഭക്ഷണം. മദ്യം. ആഫ്രിക്കയിൽ നിന്നു കറുത്തവർഗ്ഗക്കാരെ അടിമകളായി പിടിച്ചുകൊണ്ടു വന്നാൽ ഇഷ്ടം പോലെ പണവും സമ്പാദിക്കാം. ജഢികഉല്ലാസങ്ങൾക്കും കപ്പലിൽ ധാരാളം അവസരം. ഒരു കാലത്തു ജോൺ ന്യൂട്ടൻ ഇതിലെല്ലാം ആവേശത്തോടെ മുഴുകി നടന്നവനാണ്. എന്നാൽ ഇപ്പോൾ ജോൺ ന്യൂട്ടന് ഇതിലൊന്നും കമ്പമില്ല. അവന്റെ ജീവിതത്തിന്റെ ദിശ പാടേ മാറിപ്പോയി. യേശു കർത്താവിനെ ജീവിതത്തിൽ നാഥനായി സ്വീകരിച്ചതോടെ അവൻ 'പുതിയൊരു മനുഷ്യ'നായി.

എന്നാൽ ജീവിക്കാൻ ഒരു ജോലി വേണ്ടേ? അറിയാവുന്ന തൊഴിൽ നാവികന്റെ ജോലിയാണ്. വളരെ നേരത്തെ ആലോചനയ്ക്കും പ്രാർത്ഥനയ്ക്കും ശേഷം ജോൺ ന്യൂട്ടൻ ഒടുവിൽ ആ ക്ഷണം സ്വീകരിച്ചു.

പക്ഷേ പുതിയ ക്യാപ്റ്റനെ പല കപ്പൽ ജീവനക്കാർക്കും ഇഷ്ടമായില്ല. കാരണം സാധാരണ മനുഷ്യരുടെ താൽപര്യങ്ങളൊന്നുമല്ല ജോൺ ന്യൂട്ടനെന്ന പുതിയ ക്യാപ്റ്റന്. അയാൾ എപ്പോഴും പ്രാർത്ഥനയും ബൈബിൾ വായനയും തന്നെ.

തനിക്കെതിരെ കീഴ് ജീവനക്കാരുടെ ഇടയിലുള്ള കുശുകുശുപ്പ് ജോൺ ന്യൂട്ടൻ മനസ്സിലാക്കിയിരുന്നു. പക്ഷേ ഒരു ദിവസം നടുക്കടലിലൂടെ യാത്ര തുടരുമ്പോൾ രണ്ടു കപ്പൽ ജീവനക്കാരുടെ രഹസ്യസംഭാഷണം കേൾക്കാനിടയായ ജോൺ ഞെട്ടിപ്പോയി. ക്യാപ്റ്റനായ തന്നെ തടവിലാക്കി കപ്പൽ റാഞ്ചിയെടുക്കാനാണ് അവർ പദ്ധതിയിടുന്നതെന്നു ജോൺ ന്യൂട്ടനു മനസ്സിലായി. പക്ഷേ എന്തു ചെയ്യും? അവരോടു പ്രതികാരം ചെയ്യാൻ പഴയതു പോലെ തനിക്കാവില്ല. എങ്ങനെ രക്ഷപ്പെടും? എങ്ങനെ അവർക്കൊരു മനംമാറ്റം ഉണ്ടാക്കും?.

ഒടുവിൽ വിഷയം ദൈവസന്നിധിയിൽ വയ്ക്കാൻ ജോൺ ന്യൂട്ടൻ തീരുമാനിച്ചു. അദ്ദേഹം പ്രാർത്ഥിക്കാൻ തുടങ്ങി. ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ കപ്പൽ റാഞ്ചാൻ പദ്ധതിയിട്ടവരിൽ ഒരാൾ പെട്ടെന്നു രോഗം ബാധിച്ചു മരിച്ചു. അപരൻ അതു ദൈവകോപമാണെന്നു ധരിച്ചു ക്യാപ്റ്റനോടു തെറ്റ് പറഞ്ഞു ക്ഷമായാചനം നടത്തി. എല്ലാം കുഴപ്പം കൂടാതെ പര്യവസാനിച്ചതിൽ ജോൺ ന്യൂട്ടൻ ദൈവത്തെ സ്തുതിച്ചു. നാളുകൾക്കുശേഷം ജോൺ ന്യൂട്ടൻ രചിച്ച 'അമേസിങ് ഗ്രേയ്സ്' എന്ന വിശ്രുതഗാനത്തിൽ ഈ അനുഭവത്തിന്റെ അലയൊലികൾ കേൾക്കാം. പിന്നിട്ട നാളുകളെ നോക്കി അദ്ദേഹം പാടി:

"അധ്വാനമാപത്തേറെ ഞാൻ കടന്നു വന്നിതാ
ഇത്രനാൾ താങ്ങിയ കൃപ എത്തിക്കും എൻ വീട്ടിൽ"

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 9 – ലക്കം 5 മെയ് 2011 Rs. 7.00



**എഡിറ്റോറിയൽ**

# മരണത്തിലൂടെ ജീവനിലേക്ക്



ഉയർത്തപ്പെട്ട കുരിശും തുറക്കപ്പെട്ട കല്ലറയും - യേശു ക്രിസ്തുവിന്റെ ജീവിതത്തിലെ രണ്ടു പ്രതീകങ്ങൾ. കുരിശ് മരണത്തെ കാണിക്കുന്നു. തുറക്കപ്പെട്ട കല്ലറ പുനരുത്ഥാനത്തെ, ജീവനെ, കാണിക്കുന്നു.

യേശുവിന്റെ ജീവിതത്തിൽ ഉടനീളം അവിടുന്ന് ഒരു കുരിശു വഹിച്ചിരുന്നു. ഒടുവിൽ അക്ഷരാർത്ഥത്തിൽ തന്നെ യേശു കുരിശിൽ മരിച്ചു. ക്രിസ്തു ശിഷ്യരായ നാമോ? നമ്മെ സംബന്ധിച്ചിടത്തോളം ഇതു നേരെ മറിച്ചാണ്. നാം ക്രൂശിൽ മരിക്കുന്നു. തുടർന്ന് ജീവിതത്തിൽ ഉടനീളം ഒരു ക്രൂശ് വഹിക്കുന്നു!.

ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുവാൻ വേണ്ടി സ്വന്ത ഇഷ്ടത്തെ അടിയറ വയ്ക്കുന്നിടത്താണ്, സ്വയത്തെ മരിപ്പിക്കുന്നിടത്താണ്, ക്രൂശനുഭവം. യേശു ഭൂമിയിലെ ജീവിതത്തിൽ ഒരിക്കൽപ്പോലും സ്വന്ത ഇഷ്ടം ചെയ്തില്ല. തന്നെ അയച്ച പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ വേണ്ടി എപ്പോഴും സ്വന്ത താത്പര്യത്തെ ബലി കൊടുത്തു (യോഹന്നാൻ 6:38). ഇതാണ് യേശു മുപ്പത്തി മൂന്നര വർഷത്തെ ജീവിതത്തിൽ ഉടനീളം പേറിയിരുന്ന അദൃശ്യമായ ക്രൂശ്, ഒടുവിൽ ദൃശ്യമായ ഒരു ക്രൂശിൽ അവിടുന്ന് അക്ഷരാർത്ഥത്തിൽ തന്നെ മരിക്കുകയും ചെയ്തു. നാമാകട്ടെ, ആദ്യം ക്രിസ്തുവിനോടു കൂടി ക്രൂശിക്കപ്പെടുകയാണ് (റോമർ6:6;ഗലാത്യർ 2:20). തുടർന്ന് സ്വന്ത ഇഷ്ടത്തെ മരിപ്പിക്കുന്ന ആന്തരികമായ അദൃശ്യമായ ഒരു ക്രൂശ് ജീവിതം മുഴുവൻ കൊണ്ടു നടക്കുന്നു. (ലൂക്കോസ് 14:27,റോമർ 6:11-14).

ക്രൂശ് അതിൽ തന്നെ ഒരവസാനമല്ല. ഓരോ ക്രൂശും ഉയിർത്തെഴുന്നല്പിലേക്കാണ് നയിക്കുന്നത്. ക്രൂശ്, മരണാനുഭവമാണെങ്കിൽ ഉയിർത്തഴുന്നൽപ് ജീവന്റെ വെളിപ്പെടലാണ്.

മരണവും ജീവനും - ക്രിസ്തീയ ജീവിതത്തിൽ നിരന്തരം ഈ രണ്ടു കാര്യങ്ങളെ സ്പർശിക്കാതെ നമുക്ക് മുന്നോട്ടു പോകാനാവില്ല. മരണം എന്നതു സ്വന്ത ഇഷ്ടത്തിന്റെ മരണമാണങ്കിൽ അതിലൂടെ ലഭ്യമാകുന്ന ജീവൻ, യേശുവിന്റെ ജീവന്റെ (ദിവ്യ സ്വഭാവത്തിന്റെ) പങ്കാളിത്തമാണ്. യേശുവിന്റെ ജീവൻ നമ്മിൽ വെളിപ്പെടുമെന്നുള്ളതാണ് മരണം വഹിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്.'ക്രൂശില്ലാതെ കിരീടമില്ല'എന്നു പറയാറുണ്ടല്ലോ. സ്വന്ത ഇഷ്ടത്തിന്റെ മരണം (ക്രൂശാനുഭവം) ഇല്ലാതെ യേശുവിന്റെ സ്വഭാവത്തോട് അനുരൂപമാകുന്ന ജീവന്റെ പങ്കാളിത്തം സാധ്യമല്ല. ഈ കാര്യങ്ങളെല്ലാം അപ്പോസ്തലനായ പൗലൊസ് വളരെ വ്യക്തതയോടെ രണ്ടു വാക്യങ്ങളിൽ ഇങ്ങനെ സംക്ഷേപിച്ചിരിക്കുന്നു: "യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിനു യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു. ഞങ്ങളുടെ മർത്യശരീരത്തിൽ യേശുവിന്റെ ജീവൻ വെളിപ്പെടേണ്ടതിനു ജീവച്ചിരിക്കുന്ന ഞങ്ങൾ എല്ലായ്പ്പോഴും യേശുനിമിത്തം മരണത്തിൽ ഏല്പിക്കപ്പെടുന്നു" (2 കൊരിന്ത്യർ 4:10,11). നിരന്തരം സ്വയത്തിനു ക്രൂശിക്കപ്പെട്ട ഒരു ജീവിതം. അത്തരം ഒരു ജീവിതത്തിന്മേൽ യേശുവിന്റെ ജീവൻ എപ്പോഴും വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും.

യേശുവിന്റെ ജീവൻ, നിത്യജീവിതത്തോടുള്ള ബന്ധത്തിൽ നമ്മിൽ വെളിപ്പെടുന്നത് ആത്മാവിന്റെ ഫലങ്ങളായാണ്. ഗലാത്യർ 5:22 ൽ ഇതിന്റെ ഒരു പട്ടിക നമ്മൾ കാണുന്നു. ഈ ഫലങ്ങൾ പല അളവിൽ നമ്മുടെ ജീവിതത്തിലുണ്ടാകും. അതുകൊണ്ടുതന്നെ യേശുവിന്റെ ജീവന്റെ പ്രത്യക്ഷതയാണിതെന്നു നാം കരുതിപ്പോവുക സ്വാഭാവികം. എന്നാൽ പരിശോധനകളുടെ മുൻപിൽ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ തുടങ്ങിയവ അഴിഞ്ഞു പോകാതെ നില നില്ക്കുന്നുണ്ടോ എന്നതാണു അതു യേശുവിന്റെ ജീവൻ തന്നെയാണോ അതോ അതൊരു അനുകരണം മാത്രമായിരുന്നോ എന്നു തിരിച്ചറിയാനുള്ള അളവുകോൽ. കാരണം യേശുവിന്റെ ജീവൻ, അഴിഞ്ഞുപോകാത്ത ജീവന്റെ ശക്തിയാണ് (എബ്രായർ 7:15). നമ്മുടെ സ്നേഹവും സന്തോഷവും സമാധാനവും ക്ഷമയുമൊക്കെ പരിശോധനയുടെ മുൻപിൽ കുറഞ്ഞും നഷ്ടപ്പെട്ടും പോകുന്നെങ്കിൽ അവ അനശ്വരമായ ദൈവികസ്വഭാവത്തിന്റെ പ്രത്യക്ഷതയാകുന്നതെങ്ങനെ? യഥാർത്ഥഫലങ്ങളെപ്പോലെ ഒറ്റനോട്ടത്തിൽ തോന്നുന്ന പ്ലാസ്റ്റിക്കു കൊണ്ടു നിർമിച്ച പഴങ്ങൾ പലയിടത്തും കാണാറുണ്ടല്ലോ. യഥാർത്ഥമായതും നിർമിതമായതും കാഴ്ചയിൽ ഒരുപോലെ ഇരിക്കുമെങ്കിലും പ്ലാസ്റ്റിക് പഴങ്ങൾ ഒരാളുടെയും വിശപ്പു ശമിപ്പിക്കുകയില്ല. നമ്മുടെ ജീവിതപരിസരത്ത് എത്തുന്നവരുടെ വിശപ്പു ശമിപ്പിക്കുവാൻ നമ്മിലെ ഫലങ്ങൾക്കു കഴിയുന്നില്ലെങ്കിൽ അത് അഴിയാത്ത ജീവശക്തിയുടെ വെളിപ്പെടലല്ല, യഥാർത്ഥമായതിന്റെ ഒരനുകരണം മാത്രമായിരുന്നെന്നു നാം തിരിച്ചറിയണം. ജീവൻ യഥാർത്ഥമല്ലെങ്കിൽ അതു വിരൽചൂണ്ടുന്നത് അതിനു പിന്നിൽ നടന്ന സ്വന്ത ഇഷ്ടത്തെ മരണത്തിന് ഏല്പിച്ചതിന്റെ അപൂർണതയിലേക്കാണെന്നും നാം കണ്ടെത്തേണ്ടതുണ്ട്.

നമ്മിൽ ദൈവികമായ ജീവന്റെ അഭാവം തിരിച്ചറിഞ്ഞാൽ നാം എന്താണു ചെയ്യേണ്ടത്? യേശുവിന്റെ പരസ്യശുശ്രൂഷാകാലത്തെ ഒരു സംഭവം ഇതിന്റെ പോംവഴിയെക്കുറിച്ച് സൂചന നൽകുന്നുണ്ട്. യോഹന്നാൻ നാലാം അധ്യായത്തിൽ യേശു ശമര്യക്കാരിയെ കണ്ടു മുട്ടിയപ്പോൾ അവളോട് ആദ്യം ആവശ്യപ്പെടുന്നതു തന്റെ ദാഹം ശമിപ്പിക്കാനാണ് (4:7). ഇന്ന് യേശുവും നമ്മോടാവശ്യപ്പെടുന്നതു തന്നെ തൃപ്തിപ്പെടുത്താനാണ്. യേശുവിനോടുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തഇഷ്ടത്തെ മരണത്തിന് ഏൽപിച്ചുകൊണ്ട് യഥാർത്ഥമായ യേശുവിന്റെ ജീവനിൽ നാം വളരണമെന്നാണ് നമ്മെ സംബന്ധിച്ചുള്ള തന്റെ ദാഹം.ഈ ദാഹം ശമിപ്പിക്കാനാണ് യേശു നമ്മോട് അഭ്യർത്ഥിക്കുന്നത്. എന്നാൽ ശമര്യക്കാരിയെപ്പോലെ നമുക്ക് അതിനു കഴിയാതെ വന്നാലോ? അങ്ങനെ വന്നപ്പോൾ ശമര്യക്കാരിയോട് യേശു അതിന്റെ താഴെയുള്ള വാക്യത്തിൽ ഇങ്ങനെ പറഞ്ഞു: 'നീ ദൈവത്തിന്റെ ദാനവും നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു' (4:10).

നോക്കുക: കുടിപ്പാൻ ചോദിക്കുന്നതും യേശു. യേശുവിനു കുടിപ്പാൻ കൊടുക്കാനായി ശമര്യക്കാരിക്കു കഴിയാതെ വന്നപ്പോൾ അവൾക്ക് വെള്ളം തരാൻ തയ്യാറാണെന്നു വാഗ്ദാനം ചെയ്യുന്നതും യേശു.

ഇന്നു നമ്മെ സംബന്ധിച്ചും യേശു ഇങ്ങനെതന്നെയാണ്. ക്രിസ്തീയവളർച്ചയിലും ഫലം

(ശേഷം പേജ് 21 ൽ)

സന്ദേശം

# മരണത്തിലൂടെ ജീവന്റെ വെളിപ്പെടുത്തൽ

ഡേവിഡ് വിൽക്കേഴ്സൺ

**പെന്തക്കോസ്തു** ദിനത്തിൽ അപ്പൊസ്തലനായ പത്രോസ് യെരുശലേമിൽകൂടി വന്ന ജനത്തോട് ഇങ്ങനെ പ്രഖ്യാപിച്ചു: "ദൈവം നിങ്ങൾക്കു കാണിച്ചു തന്ന പുരുഷനായി നസറായനായ യേശുവിനെ ദൈവം തന്റെ സ്ഥിരനിർണ്ണയത്താലും മുന്നറിവിനാലും ഏല്പിച്ചിട്ടു നിങ്ങൾ അധർമ്മികളുടെ കൈയാൽ തറപ്പിച്ചു കൊന്നു." (പ്രവൃ. 2: 22, 23)

ഈ വാക്കുകളുടെ അർത്ഥം എന്താണ്? "ദൈവത്തിന്റെ സുവ്യക്തമായ പദ്ധതിപ്രകാരം യേശുവിനെ ശത്രുക്കളുടെ കൈയിൽ ഏല്പിച്ചു. അവർ അവനെ കൊന്നു." ഇതാണ് ഗ്രീക്കു നിഘണ്ടു അനുസരിച്ച് ഈ വാക്യത്തിന്റെ സാരം.



മനുഷ്യരെക്കുറിച്ചുള്ള പേടിയാണ് നിങ്ങളുടെ പ്രശ്നമെങ്കിൽ നിങ്ങളെ ഭയപ്പെടുത്തുന്ന ആരുടെയെങ്കിലും സാന്നിധ്യം നിങ്ങളുടെ ജീവിതത്തിൽ ദൈവം അനിവാര്യമാക്കും

> **യേശുവിനെ രക്ഷിതാവും കർത്താവുമായി നിങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവിടുന്നു നിങ്ങളിൽ പുനരുത്ഥാന ജീവന്റെ അതിരറ്റ ശക്തിയായി വസിക്കുന്നു. യേശുവിനെ കല്ലറയിൽനിന്നു പുറത്തുകൊണ്ടുവന്ന അതേ പുനരുത്ഥാന ശക്തി. ' യേശുവിലുള്ള ശക്തി – സാത്താനു നശിപ്പിക്കാൻ കഴിയാത്ത ജീവന്റെ ശക്തി – അതാണു നിങ്ങളിൽ വസിക്കുന്നത്.**

സ്നേഹവാനെന്നു വാഴ്ത്തപ്പെടുന്ന സ്വർഗ്ഗസ്ഥനായ പിതാവ് ബോധപൂർവ്വം തന്റെ പുത്രനെ മരണത്തിന് ഏല്പിച്ചു. എന്തൊരു വിചിത്രമായ പ്രവൃത്തി! യേശുവിനെ ഏറ്റവും നീചരായ ശത്രുക്കളുടെ കൈയിൽ ഏല്പിച്ചു കൊടുത്തിട്ട് "ഇതാ എന്റെ മകൻ നിങ്ങൾക്കു ബോധിച്ചതുപോലെ അവനോട് ചെയ്തുകൊൾക." എന്ന് ദൈവം അവരോടു പറഞ്ഞതുപോലെ. എന്നിട്ട് ആ നീചമായ കൊലപാതകം നടക്കുമ്പോൾ അതിൽ ഇടപെടാതെ മാറിനിൽക്കുകയും!

ദൈവത്തിന്റെ 'സ്ഥിരനിർണ്ണയവും മുന്നറിവും' ഇതെന്താണ്? ദൈവം തന്റെ പുത്രനെ മരണത്തിന് ഏല്പിച്ചു കൊടുത്തത് എന്തുകൊണ്ട്? തൊട്ടടുത്ത വാക്യത്തിൽ പത്രോസ് അതിന്റെ മറുപടി നൽകുന്നു. "മരണം അവനെ പിടിച്ചു വയ്ക്കുന്നത് അസാധ്യമായിരുന്നു." (പ്രവൃ. 2. 24)

മരണത്തിന് യേശുവിനെ നിത്യമായി പിടിച്ചുവയ്ക്കുക സാധ്യമല്ലെന്നു ദൈവത്തിന് അറിയാമായിരുന്നു. അതുകൊണ്ടുതന്നെ പുത്രനെ മരണത്തിന് ഏല്പിച്ചുകൊടുക്കുന്നതിൽ അപകടം ഒന്നും ഇല്ലെന്ന് അവിടുത്തേക്കു ബോധ്യമുണ്ട്. കല്ലറയിൽനിന്ന് ജീവൻ നല്കുന്ന പരിശുദ്ധാത്മാവിനാൽ ഉയിർപ്പിക്കപ്പെട്ടവനായി, ജയാളിയായി, യേശു പുറത്തുവരുമെന്ന കാര്യത്തിൽ അവിടുത്തേക്കു സംശയം ഉണ്ടായിരുന്നില്ല.

കാൽവറിക്കു മുമ്പ് മനുഷ്യന് മരണം ഭയാനകമായ ഒന്നായിരുന്നു. പിശാചിന്റെ അധികാരത്തിനും കർതൃത്വത്തിനും കീഴിൽ അടയ്ക്കപ്പെട്ടിരുന്ന മരണം അതുകൊണ്ടുതന്നെ പേടിക്കേണ്ട ശത്രുവായിരുന്നു.

മരണത്തിന്റെ ഈ ശക്തിയെ തകർക്കുവാനാണ് ദൈവം തന്റെ പുത്രനെ മരണത്തിന് ഏല്പിച്ചത്. "മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെയൊക്കെയും വിടുവിച്ചു" (എബ്രാ. 2 : 14, 15). യേശുവിനെ മരണത്തിലേക്ക് ഇറങ്ങിച്ചെല്ലുവാൻ ദൈവം അനുവദിച്ചതിനു കാരണം ഇതാണ്.

ഒരു പക്ഷേ യേശു കല്ലറയിൽ ചലനമറ്റുകിടന്നപ്പോൾ സാത്താനും സൈന്യവും ജയഘോഷം മുഴക്കിയിരിക്കാം. വലിയൊരു വിജയം തങ്ങൾ നേടിയതായി അവർ വിചാരിച്ചു കാണും. പക്ഷേ ദൈവം തന്റെ സ്ഥിരനിർണ്ണയത്തിലും മുന്നറിവിലും ഒരുക്കിയ പദ്ധതി നടപ്പാക്കുകയായിരുന്നു – പുനരുത്ഥാന ജീവന്റെ പദ്ധതി.

ദൈവം പരിശുദ്ധാത്മാവിനെ കല്ലറയിലേക്ക് അയച്ചു. പരിശുദ്ധാത്മാവ് യേശുവിന്റെ ശരീരത്തെ ഉയിർപ്പിച്ചു. കല്ലറയെ ഭേദിച്ച് യേശു പുറത്തേക്കു വന്നു; ഈ സാക്ഷ്യവുമായി – "ഞാൻ മരിച്ചവനായിരുന്നു. എന്നാൽ ഇതാ,





എന്നേക്കും ജീവിച്ചിരിക്കുന്നു. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്" (വെളി. 1 : 18).

മരണത്തിന്റെ തടങ്കലിൽനിന്ന് അവിടുന്നു പുറത്തുകടന്ന നിമിഷത്തിൽ തന്നെ യേശു പുനരുത്ഥാനവും ജീവനും ആയി മാറി. തനിക്കുവേണ്ടി മാത്രമല്ല മേലിൽ തന്നിൽ വിശ്വസിക്കാനിരിക്കുന്നവർക്കുവേണ്ടിയുംകൂടിയായിരുന്നു യേശു ആ വിജയം നേടിയത്. മരണത്തിനപ്പുറത്തുനിന്ന് അവിടുന്നു നമുക്ക് പുനരുത്ഥാന ജീവൻ കൊണ്ടുവരികയായിരുന്നു!

അതുകൊണ്ട് ഇനി ക്രിസ്ത്യാനിക്ക് മരണത്തെ പേടിക്കേണ്ടതില്ല. "ദൈവമോ മരണപാശങ്ങളെ (മരണവേദനകളെ) അഴിച്ചിട്ടു അവനെ ഉയിർത്തെഴുന്നേല്പിച്ചു." (പ്രവൃ. 2 : 24)

യേശുവിനെ രക്ഷിതാവും കർത്താവുമായി നിങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവിടുന്നു നിങ്ങളിൽ പുനരുത്ഥാനജീവന്റെ അതിരറ്റ ശക്തിയായി വസിക്കുന്നു. യേശുവിനെ കല്ലറയിൽനിന്നു പുറത്തുകൊണ്ടുവന്ന അതേ പുനരുത്ഥാനശക്തി. "യേശുക്രിസ്തു നിങ്ങളിൽ ഉണ്ട് എന്നു നിങ്ങളെത്തന്നെ അറിയുന്നില്ലയോ?!! (2. കൊരി. 13 : 5) യേശുവിലുള്ള ശക്തി – സാത്താനു നശിപ്പിക്കാൻ കഴിയാത്ത ജീവന്റെ ശക്തി – അതാണു നിങ്ങളിൽ വസിക്കുന്നത്.

**മരണവും നാമും**

അപ്പൊസ്തലനായ പൗലൊസ് എഴുതുന്നു: "യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിന് ജീവിച്ചിരിക്കുന്ന ഞങ്ങൾ എല്ലായ്പ്പോഴും യേശുനിമിത്തം മരണത്തിൽ ഏല്പിക്കപ്പെടുന്നു." (2 കൊരി. 4 : 11)

> **അതേ, ഇതു ശരിയാണ്. പിതാവ് സ്വന്തം പുത്രനെ മരണത്തിന് ഏല്പിച്ചു കൊടുത്തതുപോലെ ക്രിസ്തുവിലുള്ളവരെയും അവിടുന്ന് ഏല്പിച്ചു കൊടുക്കും. മരണകവാടത്തിലേക്കുതന്നെ നമ്മെ നയിച്ചിട്ട് ദൈവം പറയും "ഹേ, മരണമേ, ഇവനെയും കയ്യേറ്റുകൊള്ളൂ. ഇവനെ സംബന്ധിച്ച് നിനക്കുള്ളതു ചെയ്തുകൊള്ളൂ".**

പൗലൊസ് ഇവിടെ 'ജീവിച്ചിരിക്കുന്ന ഞങ്ങൾ' എന്നുപറയുമ്പോൾ അതു വെളി. 1 : 18 ലെ 'ഞാൻ ഇതാ എന്നേക്കും ജീവിച്ചിരിക്കുന്നു, എന്ന യേശുവിന്റെ വാക്കുകളെയാണ് ഓർമ്മിപ്പിക്കുന്നത്. ക്രിസ്തുവിൽ വിശ്വസിച്ച് അവിടുത്തെ ജീവനിൽ വസിക്കുന്ന നമ്മെക്കുറിച്ച് പൗലൊസ് വാസ്തവത്തിൽ എന്താണു പറയുന്നത്? നാമും മരണത്തിന് ഏല്പിക്കപ്പെട്ടിരിക്കുന്നു എന്നാണ്!

അതേ, ഇതു ശരിയാണ്. പിതാവ് സ്വന്തം പുത്രനെ മരണത്തിന് ഏല്പിച്ചുകൊടുത്തതുപോലെ ക്രിസ്തുവിലുള്ളവരെയും അവിടുന്ന് ഏല്പിച്ചു കൊടുക്കും. മരണകവാടത്തിലേക്കുതന്നെ നമ്മെ നയിച്ചിട്ട് ദൈവം പറയും "ഹേ, മരണമേ, ഇവനെയും കയ്യേറ്റുകൊള്ളൂ. ഇവനെ സംബന്ധിച്ച് നിനക്കുള്ളതു ചെയ്തുകൊള്ളൂ".

ദൈവം എന്തിനിതു ചെയ്യുന്നു എന്നാണോ നിങ്ങൾ ചോദിക്കുന്നത്? സ്വന്തം പുത്രനെ മരണത്തിന് ഏല്പിച്ച അതേ കാരണം കൊണ്ടുതന്നെയാണ് ദൈവം ഇതും ചെയ്യുന്നത്. നമ്മെ മര

**ദൈവം എന്തിനിതു ചെയ്യുന്നു എന്നാണോ നിങ്ങൾ ചോദിക്കുന്നത്? സ്വന്തം പുത്രനെ മരണത്തിന് ഏല്പിച്ച അതേ കാരണം കൊണ്ടുതന്നെയാണ ദൈവം ഇതും ചെയ്യുന്നത്. നമ്മെ മരണത്തിനു പിടിച്ചു വയ്ക്കാൻ കഴിയുകയില്ലെന്ന് അവിടുത്തേയ്ക്ക് അറിയാം! മരണത്തിന്റെ വേദനകൾക്കു നമ്മെ വിഴുങ്ങിക്കളയുവാനോ നശിപ്പിക്കുവാനോ കഴിയുകയില്ല.**

ണത്തിനു പിടിച്ചു വയ്ക്കാൻ കഴിയുകയില്ലെന്ന് അവിടുത്തേയ്ക്ക് അറിയാം! മരണത്തിന്റെ വേദനകൾക്കും സങ്കടങ്ങൾക്കും നമ്മെ വിഴുങ്ങിക്കളയുവാനോ നശിപ്പിക്കുവാനോ കഴിയുകയില്ല. മരണത്തെ അതിജീവിക്കുന്ന ഒരു ജീവശക്തി നമ്മിൽ ഉണ്ട് – ക്രിസ്തുവിന്റെ ജീവൻ തന്നെയാണത്.

യേശുവിന്റെ കാര്യത്തിൽ എന്നപോലെ നമ്മെ സംബന്ധിച്ചും അപകടം ഒന്നും ഇല്ലെന്നു ദൈവത്തിനറിയാം. നമ്മെക്കുറിച്ചും ദൈവത്തിന് ഒരു സ്ഥിരനിർണ്ണയവും മുന്നറിവും പദ്ധതിയും ഉണ്ട്. നമുക്ക് ഏറ്റവും വലിയ വിജയം നേടിത്തരാൻ വേണ്ടിയുള്ള പദ്ധതിയാണിത്. പക്ഷേ ഈ വിജയം മരണത്തിലൂടെ മാത്രമേ പൂർത്തിയാകൂ.

പൗലൊസ് നമുക്കു നല്കുന്ന മുന്നറിയിപ്പും ഇതാണ്. “ക്രിസ്തുവിന്റെ പുനരുത്ഥാനജീവൻ നിങ്ങളിൽ ഉണ്ടെങ്കിൽ ദൈവം ദിനം തോറും നിങ്ങളെ മരണത്തിന് ഏല്പിക്കാൻ പോകുകയാണ്.” (.......“ഞങ്ങൾ എല്ലായ്പ്പോഴും യേശു നിമിത്തം മരണത്തിൽ ഏല്പിക്കപ്പെടുന്നു.” 2 കൊരി. 4 : 11).

“നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു. അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു.” എന്നും പൗലൊസ് പറഞ്ഞിട്ടുണ്ട്. (റോമ. 8 : 36). “ഓരോ ദിവസവും ഞങ്ങൾ മരണത്തിന് ഏല്പിക്കപ്പെടുന്നു.” എന്നാണ് ഗ്രീക്കിൽ ഈ വാക്യത്തിന്റെ അർത്ഥം. ചുരുക്കത്തിൽ പൗലൊസ് പറയുന്നത് ഓരോ ദിവസവും താൻ മരണത്തിന്റെ ഒരു പുതിയ സാഹചര്യത്തെ നേരിടുന്നു എന്നാണ്. ശാരീരികമായ മരണത്തെയല്ല പൗലൊസ് ഇവിടെ പരാമർശിക്കുന്നതെന്നു മനസ്സിലായിരിക്കുമല്ലോ. ക്രിസ്തുവിനോടു ചേർന്നുള്ള നടപ്പിൽ നമുക്കു ദിവസവും സംഭവിക്കുന്ന ഒരുതരം മരണത്തെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഉപദ്രവങ്ങൾ, പീഡനങ്ങൾ, എല്ലാതരത്തിലുമുള്ള ക്ലേശങ്ങൾ ഇവയെല്ലാമാണ് “ഞാൻ ദിവസേന മരിക്കുന്നു” (1 കൊരി. 15 : 31) എന്നു സാക്ഷിക്കുമ്പോൾ പൗലൊസിന്റെ മനസ്സിലുള്ളത്.

പൗലൊസ് പറഞ്ഞതിന്റെ രത്നച്ചുരുക്കം ഇതാണ്: ക്രിസ്തുജീവൻ ഉള്ളിലുള്ള നമ്മൾ നിരന്തരം ഒരു മരണസാഹചര്യത്തിൽ നിന്ന് മറ്റൊന്നിലേക്കു നയിക്കപ്പെടും. ഓരോ ദിവസവും എന്തെങ്കിലും തരത്തിലുള്ള മരണ സാഹചര്യങ്ങൾ ജീവിതത്തിൽ കടന്നുവരുമെന്നു തന്നെ നിങ്ങൾക്കുറപ്പിക്കാം.”

### പൗലൊസിന്റെ അനുഭവം

അപ്പൊസ്തലനായ പൗലൊസ് പരിശുദ്ധാത്മാവും വെളിപ്പാടുകളും പരിജ്ഞാനവും നിറഞ്ഞ ഒരുവനായിരുന്നു. സംശയമില്ല. എന്നാൽ കഷ്ടം, സങ്കടം, ബുദ്ധിമുട്ട്, നിന്ദ തുടങ്ങിയവയിലൂടെ താൻ നിരന്തരം കടന്നുപോയി. തന്നെക്കുറിച്ച് മറ്റുള്ളവർ അപവാദം പറഞ്ഞു, ദുഷ്കീർത്തി പരത്തുകയും സ്വഭാവഹത്യ നടത്തുകയും ചെയ്തു. ഈ മാനസിക ക്ലേശങ്ങൾക്കു പുറമേയായിരുന്നു ശാരീരിക പീഡനങ്ങൾ – തടവ്, കല്ലേറ്, മർദ്ദനം, കപ്പൽച്ചേതം.

പൗലൊസിന്റെ ഈ അനുഭവങ്ങൾ തന്റെ തന്നെ ആത്മികസന്താനങ്ങളായ മറ്റു വിശ്വാസികളിൽപോലും ഒട്ടേറെ സംശയങ്ങൾ ഉയർത്തി വിട്ടിരിക്കാം. അവർ പൗലൊസിനെ കാണുന്ന സമയത്തെല്ലാം അവൻ ഏതെങ്കിലും പ്രയാസങ്ങളുടെ മദ്ധ്യത്തിലാണ്. അവർ ചോദിച്ചിരിക്കാം: “നിനക്കുവേണ്ടിയുള്ള ദൈവികവാഗ്ദാനങ്ങൾ എവിടെ? ദൈവം കാക്കുകയും വിടുവിക്കുകയും ചെയ്യുന്നുവെന്ന് നീ പ്രസംഗിക്കുന്നു. എന്നാൽ നിന്റെ കാര്യത്തിൽ അതു സംഭവിക്കുന്നില്ലല്ലോ?” എന്തെങ്കിലും രഹസ്യപാപം പൗലൊസിലുണ്ട് എന്നവർ കരുതിയിരിക്കാം.

ഇതു പൗലൊസിനെ കൂടുതൽ വേദനിപ്പിച്ചു കാണും. ഈ അപവാദ പ്രചാരണം തീവ്രമായപ്പോൾ തിമൊഥയോസിനുള്ള ലേഖനത്തിൽ പൗലൊസ് പറയുന്നു “ആസ്യയിലുള്ള എല്ലാവരും എന്നെ വിട്ട് പൊയ്ക്കളഞ്ഞു. ഞാൻ ഈ സഭകളെയെല്ലാം സ്ഥാപിക്കുകയും സഭാനേതൃത്വത്തെ വളർത്തിയെടുക്കുകയും ചെയ്തു. എന്നാൽ അവരും ഇപ്പോൾ എനിക്കെതിരായിരിക്കുന്നു.” എന്നാൽ തന്റെ ചങ്ങലയെക്കുറിച്ച് ലജ്ജിക്കാതെ തന്നോടൊപ്പം നിന്ന ഒനേസിഫൊരോസിനെക്കുറിച്ച് പൗലൊസിന് ഏറെപ്പറയാനുണ്ട്. (2 തിമോ. 1 : 16) “എന്റെ ബന്ധനങ്ങളെക്കുറിച്ച് ഈ സഹോദരനു ലജ്ജയില്ല. എന്റെ ജീവിതത്തിൽ രഹസ്യപാപം ഉണ്ടെന്നു വിചാരിക്കുന്ന മറ്റുള്ളവരെക്കാൾ അവന് എന്നെ നന്നായി അറിയാം”.

**പൗലൊസ് പറയുന്നത് ഓരോ ദിവസവും താൻ മരണത്തിന്റെ ഒരു പുതിയ സാഹചര്യത്തെ നേരിടുന്നു എന്നാണ്. ശാരീരികമായ മരണത്തെയല്ല പൗലൊസ് ഇവിടെ പരാമർശിക്കുന്നതെന്നു മനസ്സിലായിരിക്കുമല്ലോ? ക്രിസ്തുവിനോടു ചേർന്നുള്ള നടപ്പിൽ നമുക്കു ദിവസവും സംഭവിക്കുന്ന ഒരുതരം മരണത്തെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്.**

“എന്റെ തടവിൽ എന്നോടു സഹതാപം കാണിച്ച” ഒരുപറ്റം വിശ്വാസികളെയും പൗലൊസ് അനുസ്മരിക്കുന്നുണ്ട്. (എബ്രാ. 10 : 34 ഇംഗ്ലീഷ് ബൈബിൾ)

തന്റെ പരീക്ഷകളിൽ ഈ വിശ്വാസികൾ പൗലൊസിനോടൊപ്പം നിന്നത് എന്തുകൊണ്ടാണ്? കാരണം അതേ വാക്യത്തിലുണ്ട്. അവരും “നിന്ദകളാലും പീഡനങ്ങളാലും കൂത്തുകാഴ്ചയായി ഭവിച്ചും ആ വക അനുഭവിക്കുന്നവർക്കു കൂട്ടാളികളായിത്തീർന്നും കഷ്ടങ്ങളാൽ വളരെ പോരാട്ടം കഴിച്ചു”. (എബ്രാ. 10 : 32, 33)

ഈ വിശ്വാസികൾ കഷ്ടങ്ങളിൽ അപ്പൊസ്തലനായ പൗലൊസിനു കൂട്ടാളികളായിത്തീർന്നു. കാരണം പൗലൊസിനു സംഭവിക്കുന്ന കഷ്ടങ്ങൾ സ്വന്തം ജീവിതത്തിൽ അനുഭവിച്ചവരാണവർ! പൗലൊസിന്റെ പരീ

*(ശേഷം പേജ് 16 ൽ)*

## ദൈവവഴികൾ അറിയുക-II

# ദിവ്യസ്വഭാവത്തിലുള്ള പങ്കാളിത്തം

ഈ ദിവ്യസ്വഭാവത്തിന് പങ്കാളികളാകുമ്പോൾ നാം അതുപോലെ നമുക്കു ചുറ്റുമുള്ള ആളുകളുടെ ആവശ്യങ്ങളെയും പ്രശ്നങ്ങളെയും പറ്റി ജാഗ്രതയുള്ളവരും ആ ആവശ്യങ്ങൾ സാധിച്ചു കൊടുക്കുവാൻ നമുക്ക് കഴിയുന്നതെല്ലാം ചെയ്യുന്നവരും ആകും.

ഇതിൽ നമ്മുടെ ഭാഗത്ത് വളരെ ത്യാഗം സഹിക്കുന്നതും ഉൾപ്പെട്ടിരിക്കുന്നു. ദിവ്യസ്വഭാവത്തിന് പങ്കുകാരാകുവാൻ ഉള്ള ഈ വില കൊടുക്കാൻ നാം സന്നദ്ധരാണോ എന്നു നമ്മോടു തന്നെ നാം ചോദിക്കേണ്ടതാണ്.

നമ്മുടെ ആദാമ്യസ്വഭാവം ദിവ്യസ്വഭാവത്തിന് നേരേ എതിരാണ്. ആദാമ്യസ്വഭാവം തികച്ചും സ്വാർത്ഥത നിറഞ്ഞതും നമ്മുടെയും നമ്മുടെ കുടുംബാംഗങ്ങളുടെയും മാത്രം ആവശ്യങ്ങളെപ്പറ്റി ബോധവാന്മാരായിരിക്കുന്നതുമാണ്. വാസ്തവത്തിൽ അത് സ്വാർത്ഥതയും അസൂയയും നിറഞ്ഞതും മറ്റുള്ളവരുടെ ആവശ്യങ്ങൾ വേറൊരാൾ ചെയ്തുകൊടുക്കുന്നതുപോലും കാണാൻ ഇഷ്ടപ്പെടാത്തതുമാണ്.

അതിനുമപ്പുറം മറ്റുള്ളവർ കഷ്ടപ്പെടുന്നതു കാണുന്നതിൽ അതു സന്തോഷിക്കുകയും ചെയ്യുന്നു.

മനുഷ്യൻ പാപം ചെയ്തപ്പോൾ ജീവവൃക്ഷത്തിനു കാവൽ നില്ക്കുവാനായി ഓരോ ദിക്കുകളിലേക്കും തിരിയുന്ന വാളുമായി ദൈവം കെരൂബുകളെ നിർത്തി. ജീവവൃക്ഷം നിത്യജീവനെ (ദൈവത്തെ അറിയുന്നതിനെ ) സൂചിപ്പിക്കുന്നു.

ജീവവൃക്ഷത്തിനു മുമ്പിൽ ഈ വാൾ വച്ചിരിക്കുന്നതിൽ കൂടി ദൈവം പ്രതീകാത്മകമായി ആദാമിനെ കാണിക്കുന്നത് ആരെങ്കിലും ജീവവൃക്ഷത്തിന്റെ പങ്കാളിയാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവന്റെ സ്വാർത്ഥത നിറഞ്ഞ ജീവന്റെ മേൽ വാൾ വീഴുന്നത് അനുഭവിക്കേണ്ടിവരുമെന്നാണ്.

ഉൽപത്തി 3ന്റെ 22ൽ നാം വായിക്കുന്നത്, ആദാമും ഹവ്വയും പാപം ചെയ്തയുടനെ ദൈവം ഏദെനിൽ ഒരു മൃഗത്തെ കൊല്ലുകയും അതിന്റെ തോൽ ഉപയോഗിച്ച് അവരെ വസ്ത്രം ധരിപ്പിക്കുകയും ചെയ്തുവെന്നാണ്. അവിടെയും ദൈവം അവരെ പഠിപ്പിക്കുന്ന പാഠം ജീവാർപ്പണത്തിൽകൂടിയും മരണത്തിൽ കൂടിയുമേ അവർക്ക് വസ്ത്രധാരണം സാധ്യമാകൂ എന്നാണ്. ആദാമും ഹവ്വയും ഒരു മരണം കൂടാതെയാണ് വെറും അത്തിയിലകൾ കൊണ്ട് തന്നെത്താൻ വസ്ത്രം ധരിച്ചത്. എന്നാൽ ദൈവം ആ ഇലകളെ എറിഞ്ഞുകളഞ്ഞ് ശരിയായ വസ്ത്രധാരണരീതി അവരെ കാണിച്ചു.

അതിനാൽ ജീവാർപ്പണമാണ് മനുഷ്യനു ദൈവവുമായുള്ള കൂട്ടായ്മയ്ക്കും അവിടുത്തെ ദിവ്യസ്വഭാവം കൊണ്ടുള്ള വസ്ത്രധാരണത്തിനും ആവശ്യമായിരിക്കുന്നതെന്നാണ്. ഇതാണ് ആദി മുതൽ തന്നെ ദൈവം





ഊന്നിപ്പറയുന്നത്.

സഹോദരൻ ഹാബേലിനു വേണ്ടി "നല്ലതു ഉദ്ദേശിച്ചില്ല" എന്നും(ഉൽപത്തി 4.7) ഇതാണ് അവന്റെ അടിസ്ഥാനപ്രശ്നമെന്നും ദൈവം കയീനോടു പറഞ്ഞു.

യൂദായുടെ ലേഖനത്തിൽ "കയീന്റെ വഴിയിൽ" നടക്കുന്നവർ എന്നു പറഞ്ഞിരിക്കുന്നു. (യൂദ.11) ആരാണവർ? അവർ തങ്ങളുടെ സഹോദരന്മാരുടെ നേരേ 'നല്ലത് ഉദ്ദേശിക്കാത്തവരാണ്.

ഈ കാര്യത്തിൽ നാമെല്ലാം ഒരു ആത്മപരിശോധന നടത്തുന്നത് നല്ലതായിരിക്കും.

പ്രാദേശികസഭയിലുള്ള എല്ലാ സഹോദരന്മാരോടും സഹോദരികളോടും അവരുടെ കുടുംബങ്ങളോടും ഉള്ള നിങ്ങളുടെ മനോഭാവം അവരുടെ ഏറ്റവും വലിയ നന്മയ്ക്കുവേണ്ടിയാണ് എന്നു സത്യസന്ധമായി നിങ്ങൾക്കു പറയുവാൻ കഴിയുമോ? മറ്റു സഭാവിഭാഗങ്ങളിൽ നിങ്ങൾ അറിയുന്ന വിശ്വാസികളുടെ നന്മയാണ് നിങ്ങൾ ആഗ്രഹിക്കുന്നത് എന്നും നിങ്ങൾക്ക് പറയാൻ കഴിയുമോ? കുറച്ചുകൂടി വൃത്തം വലിയതാക്കിക്കൊണ്ട് നിങ്ങൾ അറിയുന്ന നിങ്ങളുടെ ബന്ധുക്കളുടെ, നിങ്ങളുടെ ശത്രുക്കളുടെ, നിങ്ങളെ ഏതെങ്കിലും രീതിയിൽ ഉപദ്രവിച്ചിട്ടുള്ള എല്ലാവരുടെയും ഏറ്റവും വലിയ നന്മയാണോ നിങ്ങൾ ആഗ്രഹിക്കുന്നത് എന്നു നിങ്ങളോടു തന്നെ ചോദിക്കുക.

മറ്റൊരു വ്യക്തിക്കോ അയാളുടെ മക്കൾക്കോ എന്തെങ്കിലും നന്മ വരുന്നു എന്നറിയുമ്പോൾ നിങ്ങളുടെ ഹൃദയത്തിൽ ഒരു സൈ്വരക്കേട് (സന്തോഷത്തിനു പകരം) അനുഭവപ്പെടുന്നുണ്ടെങ്കിൽ, അല്ലെങ്കിൽ അയാൾക്കോ അയാളുടെ കുടുംബത്തിനോ എന്തെങ്കിലും ദോഷം സംഭവിക്കുമ്പോൾ നിങ്ങളുടെ ഹൃദയത്തിൽ ദുഃഖത്തിനു പകരം സന്തോഷം തോന്നുന്നു എങ്കിൽ ആ

പ്രാദേശിക സഭയിലുള്ള എല്ലാ സഹോദരന്മാരോടും സഹോദരികളോടും അവരുടെ കുടുംബങ്ങളോടും ഉള്ള നിങ്ങളുടെ മനോഭാവം അവരുടെ ഏറ്റവും വലിയ നന്മയ്ക്കു വേണ്ടിയാണ് എന്നു സത്യസന്ധമായി നിങ്ങൾക്കു പറയുവാൻ കഴിയുമോ? മറ്റു സഭാവിഭാഗങ്ങളിൽ നിങ്ങൾ അറിയുന്ന വിശ്വാസികളുടെ നന്മയാണ് നിങ്ങൾ ആഗ്രഹിക്കുന്നത് എന്നും നിങ്ങൾക്ക് പറയാൻ കഴിയുമോ?

മനോഭാവം എന്താണ് സൂചിപ്പിക്കുന്നത്? അതു സൂചിപ്പിക്കുന്നത് ആദാമ്യജീവൻ ഇപ്പോഴും നിങ്ങളിൽ സജീവമാണ് എന്നാണ്.

നിങ്ങൾ നിങ്ങളോടുതന്നെ സത്യസന്ധരാണെങ്കിൽ നിങ്ങൾ കയീന്റെ വഴിയിൽ നടക്കുന്നവരാണോ അല്ലയോ എന്ന് വേഗം തന്നെ കണ്ടുപിടിക്കാൻ സാധിക്കും. ദൈവത്തിന്റെ അഭിഷേകവും അഗ്നിയും നിരന്തരമായി നിങ്ങളിൽ വസിക്കണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ ഉള്ളിലുള്ള ആദാമ്യജീവനെ മരണത്തിന് ഏല്പിക്കുന്നതിൽ നിങ്ങൾ വേഗതയുള്ളവരായിരിക്കണം.

ഗോതമ്പുമണി നിലത്തുവീണ് പൂർണമായി മരിച്ചുകഴിഞ്ഞാലേ വളരെ ഫലം പുറപ്പെടുവിക്കുകയുള്ളൂ. സ്വയത്തിനു പൂർണമായി മരിച്ച വ്യക്തി മറ്റുള്ളവർ എന്തുചെയ്താലും ചെയ്തില്ലെങ്കിലും പിണങ്ങുകയില്ല. അവൻ എപ്പോഴും എല്ലാവരെപ്പറ്റിയും നല്ലതുമാത്രമേ ഉദ്ദേശിക്കുകയുള്ളൂ. അവനെ സംബന്ധിച്ച ഒരു കാര്യത്തിലും അവൻ

**മറ്റൊരു വ്യക്തിക്കോ അയാളുടെ മക്കൾക്കോ എന്തെങ്കിലും നന്മ വരുന്നു എന്നറിയുമ്പോൾ നിങ്ങളുടെ ഹൃദയത്തിൽ ഒരു സൈ്വരക്കേട് അനുഭവപ്പെടുന്നുണ്ടെങ്കിൽ, അല്ലെങ്കിൽ അയാൾക്കോ അയാളുടെ കുടുംബത്തിനോ എന്തെങ്കിലും ദോഷം സംഭവിക്കുമ്പോൾ നിങ്ങളുടെ ഹൃദയത്തിൽ ദുഃഖത്തിനു പകരം സന്തോഷം തോന്നുന്നു എങ്കിൽ ആ മനോഭാവം എന്താണ് സൂചിപ്പിക്കുന്നത്?**

കോപിക്കുകയില്ല. അതുപോലെ ഒരിക്കലും ആരുമായും ശണ്ഠയിടുകയുമില്ല. സ്വയസഹതാപത്തിൽ ഒരു തുള്ളി കണ്ണുനീർപോലും അവൻ വീഴ്ത്തുകയില്ല. കാരണം, മരിച്ചവർ തങ്ങളുടെ കല്ലറകളിൽ കരയാറില്ലല്ലോ!

കയീൻ തന്റെ സഹോദരനെപ്പറ്റി നല്ലതു ഉദ്ദേശിക്കാത്തതുമൂലം അവന്റെ മുഖം വീർക്കുകയും ഇരുളുകയും ചെയ്തു (ഉൽപ 4:6) നാം തിരിച്ചറിയുന്നില്ലെങ്കിലും നമ്മുടെ ഹൃദയത്തിൽ ഉണ്ടാകുന്ന മനോഭാവം നമ്മുടെ മുഖത്ത് പലപ്പോഴും പ്രതിഫലിക്കാറുണ്ട്. നിങ്ങൾ എല്ലാവരെപ്പറ്റിയും നല്ലത് ഉദ്ദേശിക്കുന്നെങ്കിൽ നിങ്ങളുടെ മുഖം എപ്പോഴും കർത്താവിലുള്ള സന്തോഷത്താൽ പ്രകാശിക്കും.

അനേകവിശ്വാസികളും കയീന്റെ വഴിയിലാണ് നടക്കുന്നത്. അവരുടെ മങ്ങിയ പുഞ്ചിരിക്കും ചുണ്ടിൽ നിന്നുവരുന്ന തണുത്ത പ്രെയ്സ് ദ് ലോർഡിനും പുറകിൽ സഹവിശ്വാസികളോടുള്ള തെറ്റായ മനോഭാവം കാണാൻ സാധിക്കും.

ആളുകൾ നിങ്ങൾക്കെതിരായി തിരിയുകയും നിങ്ങൾക്കു ദോഷം പ്രവർത്തിക്കുകയും ചെയ്യുമ്പോൾ നിങ്ങളുടെ ഹൃദയത്തിന്റെ ശരിയായ സ്ഥിതി അറിയുന്നതിനായി ദൈവം അവരിൽ കൂടെ ഒരു സ്കാനിങ് അനുവദിക്കുകയാണ്. നിങ്ങൾക്ക് അവരെ സ്നേഹിക്കാൻ കഴിയുന്നില്ലെങ്കിൽ നിങ്ങളുടെ ഹൃദയത്തിന്റെ സ്കാൻ കാണിക്കുന്നത് നിങ്ങൾ ദൈവസ്വഭാവത്തിന് പങ്കാളിയായിട്ടില്ല എന്നാണ്. എന്തെന്നാൽ ദൈവസ്വഭാവം ശത്രുക്കളെയും സ്നേഹിക്കുന്നതാണ്. യേശു, ഇസ്ക്കരിയോത്തായൂദയെപ്പറ്റിയും നല്ലതേ ഉദ്ദേശിച്ചിരുന്നുള്ളു.

എല്ലാ മനുഷ്യരെപ്പറ്റിയും ഏറ്റവും നല്ലതു മാത്രമേ ദൈവം ആഗ്രഹിക്കുന്നുള്ളു. നമുക്കും ഈ സ്വഭാവത്തിനു പങ്കാളിയാകാം എന്നുള്ളതാണ് സുവിശേഷത്തിന്റെ സന്ദേശം. സുവിശേഷത്തെ ആ രീതിയിൽ മനസ്സിലാക്കിയിട്ടില്ലാത്തവൻ സുവിശേഷം മനസ്സിലാക്കിയിട്ടേ ഇല്ല.

ആദമും ഹവ്വയും പാപം ചെയ്തപ്പോൾ ദൈവം അവരെ ശപിച്ചില്ല. അവിടുന്ന് സർപ്പത്തെ ശപിച്ചു. എന്നാൽ ആദാമിനും ഹവ്വയ്ക്കും ക്രിസ്തു സ്ത്രീയുടെ സന്തതിയായി വന്ന് സർപ്പത്തിന്റെ തല തകർക്കുമെന്ന വാഗ്ദാനം ആണ് നല്കിയത് (ഉൽപ.3:15). ഈ പ്രക്രിയയിൽ ക്രിസ്തുവിന്റെ തന്നെ കുതികാൽ ചതയ്ക്കപ്പെടും. അത് ആദാമ്യവർഗത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കുവാനായി അവിടുന്നു നല്കിയ വിലയായിത്തീരുന്നു.

ഇതാണ് ദിവ്യസ്നേഹം. താൻ സ്നേഹിക്കുന്ന ഒരുവനെ രക്ഷിക്കുവാനായി സ്വന്തജീവൻ വച്ചുകൊടുക്കുന്ന സ്നേഹം.

ദൈവസ്നേഹത്തിന്റെ ആഴം അറിയുമ്പോഴാണ് നാം അതിൽ എത്ര





കുറഞ്ഞ നിലയിലേ എത്തിയിട്ടുള്ളു എന്നു കാണുന്നത്!! നാം പത്തുലക്ഷം വർഷം ഉദ്യമിച്ചാലും ഈ ദൈവജീവൻ നമുക്കു സ്വയമായി ഉത്പാദിപ്പിക്കാൻ കഴിയുകയില്ല. ഇതുനമുക്കു ദൈവം തന്നെ തരേണ്ടതാണ്. പരിശുദ്ധാത്മാവു വന്നത് നമ്മുടെ ഹൃദയത്തെ ഈ സ്നേഹത്താൽ നിറയ്ക്കുവാനാണ് (റോമ.5.5)

ഈ ത്യാഗപൂർണമായ സ്നേഹത്തിന്റെ തത്വത്തിൽ ജീവിക്കുവാൻ മനസ്സുള്ളവരെ മാത്രമേ ഭൂമിയിൽ അവിടുത്തെ സഭ പണിയുവാൻ ദൈവത്തിന് ഉപയോഗിക്കുവാൻ കഴിയുകയുള്ളു.

2 ദിന3:1 ൽ നാം വായിക്കുന്നു: “ശാലോമോൻ മോറിയാ പർവ്വതത്തിൽ യഹോവയുടെ ആലയം പണിയുവാൻ തുടങ്ങി. മോറിയാ പർവ്വതം ആയിരുന്നു അബ്രഹാം തന്റെ മകനായ യിസ്ഹാക്കിനെ ദൈവത്തിന് അർപ്പിച്ച സ്ഥലം (ഉൽപ 22). അവിടെ,ആ പർവ്വതത്തിൽ, അബ്രഹാമിന് ദൈവത്തിന്റെ വഴി, സമർപ്പണത്തിന്റെ വഴിയായി മനസ്സിലാകുകയും അദ്ദേഹം അതിനു കീഴടങ്ങുകയും ചെയ്തു. ദൈവം ആ സ്ഥലത്തെ ശുദ്ധീകരിക്കുകയും തന്റെ ആലയം ആ സ്ഥലത്തു തന്നെ 1000 വർഷങ്ങൾക്കു ശേഷം പണിയണമെന്ന് നിശ്ചയിക്കുകയും ചെയ്തു. ഇവിടെയാണ് ദൈവം തന്റെ ഭവനം (സഭ) ഇന്നു പണിയുന്നത് - അബ്രഹാമിന്റെ ആത്മാവും വിശ്വാസവും ഉള്ളവരെ എവിടെയൊക്കെ കാണുന്നുവോ അവിടെ ദൈവം തന്റെ സഭയെ പണിയും.ആദമും ഹവ്വായും ഏദെനിൽ ദൈവത്തോടു പറഞ്ഞതിന്റെ നേരേ വിപരീതമായ കാര്യമാണ് മോറിയാ പർവ്വതത്തിൽ അബ്രഹാം പ്രതീകാത്മകമായി പറയുന്നത്.

ഏദെനിൽ ആദമും ഹവ്വായും തങ്ങളുടെ പ്രവൃത്തികളിൽക്കൂടി ദൈവത്തോടു പറഞ്ഞത്, സൃഷ്ടിക്കപ്പെട്ട വിലക്കപ്പെട്ട കനി ഭക്ഷിക്കുന്നതിലുള്ള ആനന്ദം സ്രഷ്ടാവിനെക്കാൾ വിലപ്പെട്ടതാണ് എന്നതാണ്. ഇതു തന്നെയാണ് കോടിക്കണക്കിനു മനുഷ്യജീവികൾ ഇന്നും ദൈവത്തോടു പറയുന്നത്. “അവർ സ്രഷ്ടാവിനെക്കാൾ അധികം സൃഷ്ടിക്കപ്പെട്ട വസ്തുക്കളെ ആരാധിക്കുകയും സേവിക്കുകയും ചെയ്യുന്നു.” (റോമ 1:25)

എന്നാൽ മോറിയാ പർവ്വതത്തിൽ അബ്രഹാം അതിന് വിപരീതമായി പറഞ്ഞത് തന്റെ ദൈവവും സ്രഷ്ടാവുമായവൻ ഭൂമിയിൽ തനിക്ക് ഏറ്റവും പ്രിയപ്പെട്ട സ്വത്തിനെക്കാൾ (യിസ്ഹാക്ക്) വിലയേറിയതാണെന്നാണ്.അതു തെളിയിക്കുവാനായി യിസ്ഹാക്കിനെ യാഗം കഴിക്കുവാൻ അബ്രഹാം ഒരുക്കമായിരുന്നു. ത്യാഗത്തിന്റെ ആദർശത്തിൽ ജീവിക്കുന്ന എല്ലാവരെയും ദൈവം മാനിക്കും. ഈ മാർഗത്തിൽ പിടിക്കപ്പെട്ടവരാൽ ആണ് ഇന്നും യഥാർത്ഥ ദൈവഭവനം പണിയപ്പെടുന്നത്.

കാൽവറിമലയിൽ യേശു ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്നതു കേവലം ആ സത്യം മാത്രമല്ല തെളിയിക്കുന്നത്, ദൈവം എല്ലാ പ്രവൃത്തികളും ചെയ്യുന്നതു ത്യാഗത്തിന്റെ തത്വത്തിലൂടെയാണെന്ന് അവിടെ വ്യക്തമാക്കുകയും ചെയ്യുന്നു. മറ്റേതെങ്കിലും വിധത്തിൽ ആർക്കും കർത്താവിനെ സേവിക്കുവാൻ കഴിയുകയില്ല.

ഈ ലോകത്തിൽ വളരെ സുഖപ്രദമായ ജീവിതം അന്വേഷിക്കുകയും അതേസമയം സഭ പണിയുകയും ചെയ്യുവാൻ ആഗ്രഹിക്കുന്നവർ തങ്ങളെത്തന്നെ വഞ്ചിക്കുകയാണ്. രണ്ടുലോകത്തിലെയും ഏറ്റവും നല്ലത് അന്വേഷിക്കുന്നവർ സാത്താനാൽ പൂർണമായും ചതിക്കപ്പെട്ടിരിക്കയാണ്. അനേകരും ത്യാഗം കൂടാതെ ദൈവത്തെ സേവിക്കുവാൻ പരിശ്രമിച്ചി

**മനുഷ്യരോടുള്ള തന്റെ സ്നേഹത്തെ വിവരിക്കുവാൻ ദൈവം ആഗ്രഹിച്ചപ്പോൾ, അവിടുത്തെ സ്നേഹത്തെ താരതമ്യപ്പെടുത്തുവാൻ ഭൂമിയിലുള്ള ഒരു ഉദാഹരണം മാത്രമേ ഉണ്ടായിരുന്നുള്ളു. അത് ഒരു അമ്മയ്ക്ക് തന്റെ നവജാത ശിശുവിനോടുള്ള സ്നേഹം ആയിരുന്നു. നിങ്ങൾ ഒരു അമ്മയെ നിരീക്ഷിക്കുന്നു എങ്കിൽ അവളുടെ കുഞ്ഞിനോടുള്ള സ്നേഹം ത്യാഗനിർഭരമാണെന്നു കാണുവാൻ കഴിയും.**

ട്ടുണ്ട്. അവരുടെ വേലകൾ എല്ലാം തോല്വിക്കു പിന്നാലെ തോല്വിയുടെ കിരീടം അണിയുകയാണു ചെയ്തത്!

"ക്രിസ്തു, സഭയെ സ്നേഹിക്കുകയും അവൾക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുക്കുകയും ചെയ്തു (എഫെ. 5:25)

സഭ പണിയണമെങ്കിൽ നാം സഭയെ ഇതേ രീതിയിൽ സ്നേഹിക്കണം. നമ്മുടെ പണമോ സമയമോ നല്കുന്നതു മാത്രം പോരാ. നാം നമ്മെത്തന്നെ, നമ്മുടെ സ്വയജീവനെത്തന്നെ നല്കേണ്ടതാണ്.

മനുഷ്യരോടുള്ള തന്റെ സ്നേഹത്തെ വിവരിക്കുവാൻ ദൈവം ആഗ്രഹിച്ചപ്പോൾ, അവിടുത്തെ സ്നേഹത്തെ താരതമ്യപ്പെടുത്തുവാൻ ഭൂമിയിലുള്ള ഒരു ഉദാഹരണം മാത്രമേ ഉണ്ടായിരുന്നുള്ളു. അത് ഒരു അമ്മയ്ക്ക് തന്റെ നവജാത ശിശുവിനോടുള്ള സ്നേഹം ആയിരുന്നു. (യെശ 49:15 കാണുക)

നിങ്ങൾ ഒരു അമ്മയെ നിരീക്ഷിക്കുന്നു എങ്കിൽ അവളുടെ കുഞ്ഞിനോടുള്ള സ്നേഹം ത്യാഗത്തിന്റെ ആത്മാവിൽ നിറഞ്ഞതാണെന്നു കാണുവാൻ കഴിയും. അതിരാവിലെ മുതൽ രാത്രിവരെയും രാത്രിമുഴുവനും ഒരു അമ്മ തന്റെ കുഞ്ഞിനുവേണ്ടി തുടർച്ചയായി ത്യാഗം സഹിച്ചുകൊണ്ടേയിരിക്കും. അവൾക്ക് അതിനുപകരമായി ഒന്നും ലഭിക്കുന്നില്ല. അവൾ അവളുടെ കുഞ്ഞിനുവേണ്ടി വേദനയും അസൗകര്യങ്ങളും വർഷങ്ങളോളം സന്തോഷത്തോടെ സഹിക്കുകയും തിരിച്ചൊന്നും പ്രതീക്ഷിക്കാതിരിക്കുകയും ചെയ്യുന്നു. ഇപ്രകാരമാണ് ദൈവം നമ്മെ സ്നേഹിക്കുന്നതും. ഈ സ്വഭാവമാണ് അവിടുന്ന് നമ്മിലേക്കു പകരുവാൻ ആഗ്രഹിക്കുന്നത്.

അന്യോന്യം ഇതുപോലെ സ്നേഹിക്കുന്നവർ എന്നു സത്യസന്ധമായി പറയാവുന്ന ഒരു കൂട്ടായ്മയും ലോകത്തിൽ എവിടെയും കാണുവാൻ സാധിക്കുകയില്ല.

മിക്കവാറും വിശ്വാസികൾക്കു അവരോടു യോജിച്ചുപോകുന്നവരെയും അവരുടെ ഗ്രൂപ്പിൽ ചേരുന്നവരെയും എങ്ങനെ സ്നേഹിക്കണം എന്നേ അറിയുകയുള്ളു. അവരുടെ സ്നേഹം മാനുഷികമാണ്. അത് ത്യാഗപൂർണമായ അമ്മയുടെ സ്നേഹത്തിൽ നിന്നും വളരെ അകലെയാണ്.

എന്നിരുന്നാലും ദിവ്യമായ സ്നേഹം എന്ന ലക്ഷ്യത്തിലെത്താനായിരിക്കണം നാം പരിശ്രമിക്കേണ്ടത്. ഓരോ പ്രാവശ്യവും ഈ കാര്യം നാം പറയുമ്പോൾ നമ്മുടെ സ്നേഹം അതുപോലെ ആയിട്ടില്ല എന്നു സത്യസന്ധമായി സമ്മതിക്കുക മാത്രമല്ല. നമ്മുടെ സ്നേഹവും അതുപോലെ ആയിത്തീരുക എന്നതാണ് നമ്മുടെ ആശയും ആഗ്രഹവും എന്നു ഏറ്റുപറയുകയും വേണം.

ഒരമ്മ അവളുടെ ചുറ്റുമുള്ള ആളുകൾ അവളുടെ കുഞ്ഞിനുവേണ്ടി ത്യാഗം സഹിക്കുന്നുണ്ടോ എന്ന് ഉത്ക്കണ്ഠപ്പെടാറില്ല. അവൾ സന്തോഷത്തോടെ എല്ലാം ത്യജിക്കുന്നു. അതു





പോലെ തന്നെ സഭയെ തന്റെ സ്വന്തം കുഞ്ഞായി കണ്ടിട്ടുള്ളവരെ, തനിക്കുചുറ്റുമുള്ളവർ സഭയ്ക്കുവേണ്ടി ത്യാഗം സഹിക്കുന്നുണ്ടോ എന്ന കാര്യം അലട്ടാറില്ല. അവർ സന്തോഷത്തോടെ ത്യാഗം സഹിക്കുന്നു. ആരെപ്പറ്റിയും പരാതിപറയുകയോ ഒന്നും അവകാശപ്പെടുകയോ ചെയ്യാതിരിക്കുന്നു.

മറ്റാരും സഭയ്ക്കുവേണ്ടി ഒരു ത്യാഗവും സഹിക്കുന്നില്ല എന്നു പരാതി പറയുന്നവർ അമ്മമാരല്ല ശമ്പളം പറ്റുന്ന നേഴ്സുമാരാണ്. അത്തരം നേഴ്സുമാർക്ക് കൃത്യമായ ജോലിസമയമുണ്ട്. അടുത്ത എട്ടു മണിക്കൂറിലേക്കുള്ള നേഴ്സ് വരാൻ താമസിച്ചാൽ അവൾ പരാതി പറയുന്നവളായിരിക്കും.

എന്നാൽ ഒരു അമ്മ ദിവസം എട്ടു മണിക്കൂർ അല്ല ജോലി ചെയ്യുന്നത്. അവൾ 24 മണിക്കൂർ ദിവസങ്ങളും ആണ്ടുകളും ജോലി ചെയ്യുന്നെങ്കിലും അവൾക്ക് ശമ്പളം ഒന്നും ലഭിക്കുന്നില്ല. അവളുടെ കുഞ്ഞ് 20 വയസ്സായാലും അമ്മയുടെ ജോലി തീരുന്നില്ല!!

അമ്മമാർക്കു മാത്രമേ അവരുടെ കുഞ്ഞിന് ദിവസേന ആവശ്യമുള്ള പാൽ ഉല്പാദിപ്പിക്കുവാൻ കഴിയുകയുള്ളു. നേഴ്സിന് അവർ ശുശ്രൂഷിക്കുന്ന കുഞ്ഞിനുവേണ്ടി പാൽ ഉൽപാദിപ്പിക്കുവാൻ കഴിയുകയില്ല. അതുപോലെ തന്നെ സഭയിൽ അമ്മയെപ്പോലെയുള്ളവർക്ക് അവരുടെ ആത്മീയസന്താനങ്ങൾക്കായി ഒരുവചനം എല്ലാമീറ്റിംഗിലും ഉണ്ടായിരിക്കും. പല മൂപ്പന്മാർക്കും സഭയ്ക്കു വേണ്ടി ഒരു വചനം ഇല്ല, കാരണം അവർ നേഴ്സുമാരാണ്, അമ്മമാരല്ല.

ഒരമ്മ തന്റെ മക്കളിൽ നിന്നു ശമ്പളം പ്രതീക്ഷിക്കുന്നില്ല. ഒരു കുഞ്ഞും അവരുടെ അമ്മയുടെ സേവനത്തിനു ശമ്പളം കൊടുക്കാറില്ല. ഒരു അമ്മയ്ക്ക് ലഭിക്കേണ്ട ശമ്പളം ഒരു നേഴ്സിന് കൊടുക്കുന്ന നിലയിൽ മണിക്കൂറിന് 20 രൂ വച്ച് കണക്കുകൂട്ടിയാൽ ഓരോ കുഞ്ഞും അമ്മയ്ക്ക് 20 വയസു പ്രായമാകുമ്പോഴേക്കും 30 ലക്ഷം രൂപ കൊടുക്കേണ്ടി വരും! ഏതു കുഞ്ഞിനാണ് ഇത്രവലിയ ഒരുതുക അമ്മയ്ക്ക് മടക്കിക്കൊടുക്കാൻ സാധിക്കുന്നത്?

ഇപ്പോൾ നമ്മുടെ നേരേ വരുന്ന ചോദ്യം ഇതാണ്: കർത്താവിനുവേണ്ടിയും അവിടുത്തെ സഭയ്ക്കുവേണ്ടിയും ഈ രീതിയിൽ വേലചെയ്യാൻ ആർക്കാണ് മനസ്സുള്ളത്? ഒരു ശമ്പളവും പറ്റാതെ തന്നെത്താൽ ഏല്പിച്ചുകൊടുത്തുകൊണ്ട് ദിവസങ്ങളും ആണ്ടുകളും? കർത്താവു വരുന്നതുവരെ?

ആ ആത്മാവുള്ള ഒരു വ്യക്തിയെ എവിടെയെങ്കിലും കാണുവാൻ ദൈവത്തിന് കഴിഞ്ഞാൽ ത്യാഗത്തിന്റെ ആത്മാവില്ലാതെ കർത്താവിനെ സേവിക്കുന്ന 10,000 അർദ്ധമനസ്ക്കരെക്കാളധികം അവനെ സഭ പണിയുവാൻ ദൈവത്തിന് ഉപയോഗിക്കുവാൻ കഴിയും.

യേശു ഭൂമിയിലേക്ക് മടങ്ങിവരുമ്പോൾ അവിടുത്തെ മുമ്പിൽ നില്ക്കുന്ന നിങ്ങൾക്ക് ലോകത്തിൽ നിങ്ങൾ ജീവിച്ച വഴികളെപ്പറ്റി എന്തെങ്കിലും ദുഃഖങ്ങൾ ഉണ്ടായിരിക്കുമോ? ?അതോ ദൈവരാജ്യത്തിനുവേണ്ടി പ്രയോജനമായ രീതിയിൽ ജീവിതത്തെ ചെലവഴിച്ചു എന്ന് കാണാൻ കഴിയുമോ?

അനേകരും ഒഴുകിപ്പോകുകയും അവരുടെ ഭൂമിയിലെ ജീവിതം പാഴാക്കിക്കളയുകയും ചെയ്യുന്നു.

അധികം താമസിച്ചുപോകുന്നതിനു മുമ്പ് ഉണരുക. അവിടുത്തെ വഴികൾ ത്യാഗത്തിന്റെ വഴികളാണെന്ന് കാണിച്ചുതരുവാനായി ദൈവത്തോടു പ്രാർത്ഥിക്കുക.

ചെവിയുള്ളവൻ കേൾക്കട്ടെ.

**മൊഴിമാറ്റം: വി.എം. വർഗീസ്.**

# മരണത്തിലൂടെ ജീവന്റെ വെളിപ്പെടുത്തൽ

പേജ് 9 ൽ നിന്ന് തുടർച്ച

ക്ഷകൾ കണ്ടിട്ട് പാപത്തിനുള്ള ശിക്ഷ അനുഭവിക്കുകയാണെന്ന് കുറ്റപ്പെടുത്താൻ അവർക്കു കഴിയുന്നില്ല. കാരണം, അതേ കഷ്ടങ്ങൾ അവർക്കും ഉണ്ട്. പൗലൊസിനോട് കരുണയും സഹതാപവും മാത്രമേ അവർക്കുള്ളൂ.

വളരെ ആത്മിയനായ ഒരു ശുശ്രൂഷകനെ എനിക്കറിയാം. ഏറെ കഷ്ടങ്ങളും സഹവിശ്വാസികളിൽ നിന്നുള്ള നിന്ദയും നിരന്തരം സഹിക്കുന്ന ഒരുവനായിരുന്നു അദ്ദേഹം. എന്നെക്കാണുമ്പോഴൊക്കെയും തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അദ്ദേഹം അപേക്ഷിക്കും. ഞാൻ സസന്തോഷം അങ്ങനെ ചെയ്തുപോന്നു. എന്നാൽ നാളുകൾ കഴിയുന്തോറും അദ്ദേഹത്തിന് പരീക്ഷകൾ വർദ്ധിച്ചു വരികയാണ് ചെയ്തത്. ഇതെന്നെ സംശയാലുവാക്കി. ഒരു ദിവസം ഞാൻ നേരേ അദ്ദേഹത്തോട് ചോദിച്ചു "താങ്കൾ എപ്പോഴും ഇങ്ങനെ പ്രയാസത്തിലിരിക്കുന്നതിന്റെ കാരണം എനിക്കു മനസ്സിലാകുന്നില്ല. കർത്താവിനോട് താങ്കൾക്കു സജീവമായ ബന്ധം ഉണ്ട്. എപ്പോഴും പ്രാർത്ഥിക്കുന്നു. വചനം പഠിക്കുന്നു. എന്നിട്ടും നിരന്തരം പ്രയാസങ്ങളെ അഭിമുഖീകരിക്കാൻ ദൈവം താങ്കളെ അനുവദിക്കുന്നത് എന്തുകൊണ്ടാണ്?" ഒരു നിമിഷത്തേക്ക് അദ്ദേഹത്തിന്റെ ആത്മീയതയെപ്പോലും ഞാൻ സംശയിച്ചു എന്നതാണ് നേര്.

എന്നാൽ ഈ ദൈവിക മനുഷ്യൻ 'മരണസാഹചര്യ'ങ്ങളിൽ ദിനംതോറും ഏല്പിക്കപ്പെട്ടത് എന്തുകൊണ്ടാണെന്ന് ഇന്നെനിക്കു മനസ്സിലാകും. ദൈവം തന്നെ ശക്തമായ നിലയിൽ ഉപയോഗിക്കാൻ ആഗ്രഹിച്ചു. അതുകൊണ്ട് ദൈവം അവനെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും മരണത്തിന് ഏല്പിച്ചു. ക്രിസ്തു തന്നിൽ പൂർണ്ണമായി വിളങ്ങേണ്ടതിനായിരുന്നു അത്.

> **നമ്മുടെ ജീവിതത്തിലെ ഇനിയും വീണ്ടെടുക്കപ്പെട്ടിട്ടില്ലാത്ത ചില മേഖലകൾ ദൈവത്തിന് അറിയാം. ക്രിസ്തുജീവൻ നമ്മിൽ വിളങ്ങുന്നതിന് ഇവയാണു തടസ്സം- നമ്മുടെ ഇടർച്ചകൾ, പേടികൾ, അഭിലാഷങ്ങൾ, മോഹങ്ങൾ.ഹൃദയത്തിൽനിന്ന് ഈ തടസ്സങ്ങൾ നീക്കുവാൻവേണ്ടി ദൈവം നമ്മെ മരണസാഹചര്യത്തിലൂടെ കടത്തിവിടുകയാണ്.**

പൗലൊസിനെയും ദിനംതോറും ദൈവം മരണത്തിന് ഏല്പിച്ചതിനുള്ള കാരണവും അതാണ്.

മരണത്തിന് ഏല്പിക്കുന്നത് എന്തിന്?

"ഞങ്ങളുടെ മർത്യശരീരത്തിൽ യേശുവിന്റെ ജീവൻ വെളിപ്പെടേണ്ടതിന്....... ഞങ്ങൾ എല്ലായ്പ്പോഴും മരണത്തിൽ ഏല്പിക്കപ്പെടുന്നു." (2 കൊരി. 4 : 11) എന്നാണ് പൗലൊസ് പ്രസ്താവിക്കുന്നത്. ദൈവം നമ്മെ മരണസാഹചര്യങ്ങളിലേക്കു നടത്തുന്നത് നമ്മിലുള്ള യേശുവിന്റെ ജീവൻ മറ്റുള്ളവരുടെ മുമ്പിൽ വെളിപ്പെടേണ്ടതിനാണ്.

അപ്പൊസ്തലൻ തുടർന്നുപറയുന്നതു ശ്രദ്ധിക്കുക "ഞങ്ങൾ ലോകത്തിന്, ദൂതന്മാർക്കും മനുഷ്യർക്കും തന്നെ കൂത്തുകാഴ്ചയായിത്തീർന്നിരിക്കയാൽ ദൈവം അപ്പൊസ്തലന്മാരായ





ഞങ്ങളെ ഒടുക്കത്തവരായി മരണവിധിയിൽ ഉൾപ്പെട്ടവരെപ്പോലെ നിർത്തി എന്ന് എനിക്കു തോന്നുന്നു" (1 കൊരി. 4 : 9)

ഇതിന്റെ അർത്ഥം എന്താണ്? വിശുദ്ധന്മാർ മരണസാഹചര്യത്തിലേക്കു നയിക്കപ്പെടുമ്പോൾ അതൊരു സ്വകാര്യസംഭവമല്ല. മറിച്ച് തിരുവെഴുത്തു പറയുന്നത് ചുരുങ്ങിയത് മൂന്നു കൂട്ടരുടെ മുമ്പിൽ നാം കാഴ്ചയായിത്തീരും എന്നാണ് – ദൂതന്മാർ, പിശാചുക്കൾ, മനുഷ്യർ എന്നിവരാണ് ആ മൂന്നു കൂട്ടർ.

ഇപ്പോൾ ഒരു പക്ഷേ നിങ്ങൾ ഒരു മരണസാഹചര്യത്തിലൂടെ കടന്നു പോകുകയായിരിക്കാം. ശത്രു എതിരെ വരുന്നു. ഒന്നിനു മീതെ ഒന്നായി വരുന്ന പ്രതികൂലങ്ങൾ നിങ്ങളെ ഭയത്തിലേക്കു തള്ളിവിടുന്നു. പോരാട്ടങ്ങളിൽ തനിയെ ആണെന്നാണു നിങ്ങളുടെ ധാരണ.

എന്നാൽ നിങ്ങൾ ഏതെങ്കിലും രഹസ്യയുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയല്ല. മറിച്ച് മൂന്നു കൂട്ടർ നിങ്ങളെ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ് – പിശാചുക്കൾ, ദൂതന്മാർ, ആളുകൾ. "ഈ ദൈവദാസൻ ഈ പരീക്ഷയിൽ എങ്ങനെയാണു പെരുമാറാൻ പോകുന്നത്?" എന്ന് അവർ ആകാംക്ഷയോടെ ശ്രദ്ധിക്കുകയാണ്.

എന്തിനാണ് ഇത്തരം പരീക്ഷകൾ? നാം എന്തിനുവേണ്ടിയാണ് ഈ മരണത്തിലൂടെ കടന്നുപോകുന്നത്? ദൈവം എന്താണ് നമ്മിൽനിന്ന് ആഗ്രഹിക്കുന്നത്?

നമ്മുടെ ജീവിതത്തിലെ ഇനിയും വീണ്ടെടുക്കപ്പെട്ടിട്ടില്ലാത്ത ചില മേഖലകൾ ദൈവത്തിന് അറിയാം. ക്രിസ്തുജീവൻ നമ്മിൽ വിളങ്ങുന്നതിന് ഇവയാണു തടസ്സം. നമ്മുടെ ഇടർച്ചകൾ, പേടികൾ, അഭിലാഷങ്ങൾ, മോഹങ്ങൾ – ക്രിസ്തുവിന്റെ പൂർണ്ണതേജസ്സിന്റെ പ്രതിഫലനത്തിന് ഇവയെല്ലാം വിഘാതം സൃഷ്ടിക്കുന്നു. ഹൃദയത്തിൽനിന്ന് ഈ തടസ്സങ്ങൾ നീക്കുവാൻവേണ്ടി ദൈവം നമ്മെ മരണസാഹചര്യത്തിലൂടെ കടത്തിവിടുകയാണ്.

താഴെപ്പറയുന്ന ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

1. മനുഷ്യരെക്കുറിച്ചുള്ള പേടിയാണ് നിങ്ങളുടെ പ്രശ്നമെങ്കിൽ നിങ്ങളെ ഭയപ്പെടുത്തുന്ന ആരുടെയെങ്കിലും സാന്നിധ്യം നിങ്ങളുടെ ജീവിതത്തിൽ അനിവാര്യമാക്കും. ആ വ്യക്തി പറയുന്നതും ചെയ്യുന്നതും എല്ലാം നിങ്ങളെ ഭയവിഹ്വലനാക്കും. മിക്കപ്പോഴും നിങ്ങൾ തോറ്റവനും, അയോഗ്യനും മുന്നോട്ട് ഒരുചുവടു പോകുവാൻ കഴിയാത്തവനുമായി ഭാരപ്പെടും. അങ്ങനെയുള്ള ഒരു പുരുഷനെയോ സ്ത്രീയേയോ ദൈവം നിങ്ങളുടെ ജീവിതത്തിലേക്ക് അയയ്ക്കുന്നത് എന്തിനാണ്? അതിലൂടെ സ്നേഹവാനായ പിതാവ് നിങ്ങളെ മരണത്തിന് ഏല്പിക്കുകയാണ്! അവിടുന്നു പറയുന്നു "മനുഷ്യനെക്കുറിച്ചുള്ള ഭയം ദൈവജീവന്റെ ഒഴുക്കിനു തടസ്സമായി നിൽക്കുന്നു. മറ്റുള്ളവരിൽ ജീവൻ ഉളവാക്കുവാൻ അതുകൊണ്ട് നിനക്കു കഴിയാതെ പോകുന്നു. നിന്നിലുള്ള ഈ ഭയത്തിന് ഒരറുതി ഉണ്ടാകേണ്ടിയിരിക്കുന്നു. നീ അതിനു മരിക്കേണ്ടതുണ്ട്."

"കർത്താവേ, എന്നെ ഇതിൽനിന്നു വിടുവിക്കേണമേ" എന്നതാകാം നിന്റെ നിലവിളി. പക്ഷേ ദൈവം പറയുന്നു: "ഇല്ല. മരണം നിന്നിൽ ഒരു പ്രവൃത്തി ചെയ്യുവാൻ ഞാൻ അനുവദിക്കുകയാണ്. ഞാൻ ഈ കാര്യങ്ങളെല്ലാം ക്രമീകരിച്ചിരിക്കുന്നത് നിന്നെ മരണത്തിലേക്കു നയിക്കുവാനാണ്."

*(തുടരും)*

# ഉന്നതമായ ക്രിസ്തീയജീവിതം: ഹന്നാ വിറ്റോൾ സ്മിത്ത്

**ചില** കിസ്ത്യാനികൾ മറ്റുള്ളവരേക്കാൾ ഉന്നതമായ ആത്മീയമായ തലത്തിൽ ജീവിക്കുന്നു. എന്ന കാര്യം സത്യമല്ലേ? ഞായറാഴ്ചകളിൽ മുടങ്ങാതെ ദൈവാലയത്തിൽ പോകുകയും സഭാകാര്യങ്ങൾക്ക് സാമ്പത്തിക സഹായം ചെയ്യുകയും ഇതേ സമയം ആത്മീയ കാര്യങ്ങളിൽ ഒട്ടും താൽപ്പര്യം ഇല്ലാത്ത മറ്റുള്ളവരിൽ നിന്നും വ്യത്യസ്തരല്ലാതിരിക്കയും ചെയ്യുന്ന ഒട്ടനേകം പേരില്ലേ? അവർ മറ്റുള്ളവരെപ്പോലെ തന്നെ വ്യാകുലപ്പെടുന്നു, കോപിഷ്ഠരാകുന്നു, നിഗളിക്കുന്നു, അസ്വസ്ഥരാകുന്നു, ആത്മീയകാര്യങ്ങളെ പുച്ഛിക്കുന്നവരിൽ നിന്നും ഈ കൂട്ടർ ഒട്ടും വ്യത്യസ്തരല്ല. എന്നാൽ ചില ക്രിസ്ത്യാനികൾ ഒരു മുറിയിൽ പ്രവേശിക്കുമ്പോൾ തന്നെ അവിടുത്തെ അന്തരീക്ഷം പ്രകാശമാനമാകുന്നു. ആന്തരികമായ സന്തോഷത്തിന്റെ രഹസ്യം ഗ്രഹിച്ചിട്ടുള്ള ഇവർ ആരെയും വിമർശിക്കുന്നില്ല എന്നു മാത്രമല്ല, തങ്ങളെപ്പറ്റി പുകഴ്ത്തിപ്പറയുന്നുമില്ല. നിങ്ങളുടെ വാക്കുകൾക്കായി അത്യന്തം താത്പര്യപൂർവ്വം കാതോർക്കുന്നവരായി അവരെ കാണാൻ കഴിയുന്നു.



മുകളിൽപ്പറഞ്ഞ സാഹചര്യമാണ് ക്രിസ്ത്യാനികളായ അനേകരെ മുൻകാലങ്ങളിൽ വിശുദ്ധജീവിത പ്രസ്ഥാനങ്ങളിലേക്ക് ആകർഷിച്ചത്. പത്തൊമ്പതാം നൂറ്റാണ്ട് വിശുദ്ധ ജീവിതത്തിനായി വ്യാപകമായ ദാഹം ഉളവാക്കിയ കാലഘട്ടമായിരുന്നു. മിക്കവാറും എല്ലാ അത്തരം ആത്മീയ മുന്നേറ്റങ്ങളും പ്രചോദനത്തിനായി ജോൺ വെസ്ലിയിലേക്കായിരുന്നു തിരിഞ്ഞുനോക്കിയിരുന്നുത്. ദൈവത്തിന്റെ പ്രത്യേകമായ സ്പർശം അവകാശപ്പെടുവാൻ കഴിഞ്ഞിരുന്ന ചുരുക്കം ചില വ്യക്തികൾ വെസ്ലിക്കുശേഷം രംഗപ്രവേശം ചെയ്തു. ഹന്ന വിറ്റോൾ സ്മിത്ത്(1832–1911) എന്ന വനിത അത്തരക്കാരിൽ ഒരുവളായിരുന്നു.

ഫിലഡെൽഫിയായിലെ ദൈവഭക്തിയുള്ള ഒരു കോക്കർ കുടുംബത്തിൽ പിറന്ന ഹന്നാ വിറ്റോൾ കൗമാരപ്രായത്തിൽ സംശയത്തിനും, മാനസിക രോഗത്തിനും അടിമയായിരുന്നു. 1858ൽ പ്ലിമത്ത് ബ്രദറൻ പ്രസ്ഥാനത്തിലൂടെ ക്രിസ്തീയവിശ്വാസത്തിലേക്ക് വന്നപ്പോൾ ഹന്നായുടെ സംശയരോഗത്തിന് അവസാനമായി. ഇതേവർഷം പ്രസ്ബിറ്റേറിയൻ സഭാശുശ്രൂഷയിലൂടെ റോബർച്ച് പീയെഴ്സൽ സ്മിത്ത് എന്ന യുവാവും മാനസാന്തരപ്പെടാൻ ഇടയായി, ദൈവികമായ ഒരു നടത്തിപ്പിലൂടെ ഇവർ ഇരുവരും കണ്ടുമുട്ടുവാനും വിവാഹിതരാകുവാനും ഇടയായി.

1867 ൽ റോമാലേഖനം ആറാം അദ്ധ്യായത്തിന്റെ ആറാം വാക്യം വായി





## താഴ്മകൊണ്ടുള്ള പ്രയോജനം

**ഫെനലൻ**

ദൈവം തന്റെ കരത്തിന്റെ ഉള്ളത്തിൽ നിന്നെ സൂക്ഷിക്കട്ടെയെന്ന് ഞാൻ മിക്കപ്പോഴും പ്രാർത്ഥിക്കാറുണ്ട്. അനുസരത്തിന്റെയും താഴ്മയുടെയും ആത്മാവിൽ നീ നിന്നെത്തന്നെ സൂക്ഷിക്കുവാൻ ശ്രദ്ധിക്കുകയാണെങ്കിൽ ദൈവം അത് നിനക്കുവേണ്ടി ചെയ്യും.

എല്ലാ സന്ദർഭങ്ങളിലും താഴ്മ നല്ലതുതന്നെ. എന്തെന്നാൽ ഉപദേശിക്കപ്പെടാനും തിരുത്താനും തയ്യാറുള്ള ആത്മാവിനെ ഉളവാക്കുവാൻ അതിനു സാധിക്കും. അത് കാര്യങ്ങൾ എളുപ്പമുള്ളതാക്കും. താഴ്മയുടെ കാര്യത്തിൽ ദൈവത്തോട് മറുതലിക്കുമ്പോഴാണ് ദൈവമുമ്പാകെ നീ മറ്റുള്ളവരെക്കാൾ കൂടുതൽ കുറ്റക്കാരനാകുന്നത്. ശിശുവിനെപ്പോലെയാകുന്നതിന്റെ പരിജ്ഞാനം ദൈവം ഒരു വശത്ത് നിനക്കു തന്നു കഴിഞ്ഞു. എന്നാൽ മറുവശത്ത്, വളരെ കുറച്ചാളുകൾക്കു മാത്രമേ ഹൃദയത്തെ താഴ്ത്തി തങ്ങളിൽ തന്നെയുള്ള വിശ്വാസത്തെ തകർക്കുവാനുള്ള സന്നദ്ധത പ്രകടമാക്കിയിട്ടുള്ളു.

നാം അനുസരണമുള്ള ചെറിയ ആളുകളായിരിക്കുവാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു എന്ന തിരിച്ചറിവാണ് വ്യക്തിപരമായ ബലഹീനതയിലേക്കു നയിക്കുന്ന ഒരോ അനുഭവത്തിലൂടെയും നമുക്കു ലഭിക്കുന്ന നന്മ. ദൈവം നിന്നെ താഴ്മയിൽ കാത്തു സൂക്ഷിക്കട്ടെ.

മൊഴിമാറ്റം: ജയൻ ആൻഡ്രൂസ്1

ക്കുമ്പോൾ ഹന്നാ ആത്മീയമായ ജയജീവിതത്തെപ്പറ്റി ഒരു പുതിയ വെളിപ്പാട് പ്രാപിക്കുവാൻ ഇടയായി. “നാം ഇനി പാപത്തിന് അടിമപ്പെടാതവണ്ണം ......” എന്ന വേദഭാഗം അവരിൽ വലിയ വ്യത്യാസം വരുത്തി. യേശുക്രിസ്തുവിനോടുള്ള പുതിയ സമർപ്പണത്തിലൂടെ കൈവന്ന അസാധാരണമായ ആത്മീയ സ്വസ്ഥതയെപ്പറ്റി അവർക്ക് സാക്ഷിക്കുവാൻ കഴിഞ്ഞു. തുടക്കത്തിൽ ഭർത്താവ് സംശായാലുവായിരുന്നെങ്കിലും വൈകാതെ അയാൾക്കും ഇതേ അനുഭവം ഉണ്ടായപ്പോൾ, ഇരുവരും ചേർന്ന് “ക്രിസ്തീയ ജീവിതത്തിലേക്ക് മറ്റുള്ള ക്രിസ്തീയ വിശ്വാസികളെ നടത്തുവാനായി സഭാവ്യത്യാസം കൂടുതെയുള്ള ഉണർവ്വുയോഗങ്ങൾ നടത്തുകയുണ്ടായി. പാപത്തിന്മേലുള്ള ജയത്തിലൂടെ ഉയരത്തിലേക്ക് നടത്തപ്പെടുക എന്ന ലക്ഷ്യമായിരുന്നു ഇരുവരുടേയും മനസ്സിൽ. 1872ൽ ഭർത്താവിന്റെ ആരോഗ്യത്തിനായി ഹന്നയും ബ്രിട്ടനിലേക്ക് താമസം മാറ്റുകയും മേൽപ്പറഞ്ഞവിധത്തിലുള്ള വിജയകരമായ ക്രിസ്തീയ ജിവിതത്തിനായുള്ള ഉണർവ്വു യോഗങ്ങൾ തുടരുകയും ചെയ്തു. മൂന്നു വർഷങ്ങൾക്കുശേഷം പ്രസിദ്ധമായിത്തീർന്ന തന്റെ ആദ്യഗ്രന്ഥം ഹന്ന എഴുതുവാൻ ഇടയായി. “സന്തുഷ്ടമായ ക്രിസ്തീയ ജീവിതത്തിന്റെ രഹസ്യം” എന്ന ഈ ഗ്രന്ഥം അനേകായിരം പേർക്ക് അനുഗ്രഹമായിത്തീർന്നു. വടക്കേ ഇംഗ്ലണ്ടിൽ വർഷത്തിൽ ഒരിക്കൽ നടക്കുന്ന കെസ്വിക് സമ്മേളനങ്ങളുടെ തുടക്കം ഈ കാലത്തായിരുന്നു. ഈ ആത്മീയ ഉണർവ്വുയോഗങ്ങൾ പിൽക്കാലത്ത് അമേരി

ക്കൻ ഐക്യനാടുകളിലേക്ക് വ്യാപിക്കുകയും താമസിയാതെ ലോകത്തിന്റെ അനേകരാജ്യങ്ങളിൽ കെസ്‌വിക് മഹായോഗങ്ങൾ എന്ന പേരിൽ നിലനിൽക്കുകയും ചെയ്തുവരുന്നു.

ദൈവസന്നിധിയിൽ സമ്പൂർണ്ണ സമർപ്പണത്തിലൂടെ കൈവരുന്ന വ്യക്തിഗതമായ വിശുദ്ധജീവിതവും, സ്ഥിരമായ ആശ്രയത്തിലൂടെ ലഭ്യമാകുന്ന ആത്മീയവളർച്ചയുമാണ്. കെസ്‌വിക് പ്രസ്ഥാനത്തിന്റെ ഊന്നൽ. കീഴടങ്ങലും ആശ്രയവും-ഈ രണ്ട് ഊന്നലുകൾ ഹന്നാ വിറ്റോൾ സ്മിത്തിന്റെ രചനകളിലും പ്രഭാഷണങ്ങളിലും നിറഞ്ഞുനിന്നിരുന്നു. തുടർന്നു വായിക്കുന്ന ഉദ്ധരണി “സന്തുഷ്ടമായ ക്രിസ്തീയജീവിതത്തിന്റെ രഹസ്യം” എന്ന പ്രസിദ്ധമായ ഗ്രന്ഥത്തിൽ നിന്നാണ്. ഈ രണ്ട് ഊന്നലുകളും നമുക്കിവിടെ ദർശിക്കാൻ കഴിയും.

**ഭാരം ഇറക്കിവയ്ക്കാം.**

ഭാരിച്ച ഒരു ചുമടുമായി കഷ്ടപ്പെട്ട് യാത്രചെയ്യുന്ന ഒരുവന്റെ അടുത്ത് ഒരു ചരക്കുവണ്ടി വന്നുനിന്നു. ഡ്രൈവർ ദയതോന്നി ഈ യാത്രക്കാരനെ സഹായിക്കാൻ തയ്യാറായി. സന്തോഷപൂർവ്വം ക്ഷണം സ്വീകരിച്ച ക്ഷീണിതനായ ഈ യാത്രക്കാരൻ, വാഹനത്തിൽക്കയറി ഇരുന്നശേഷവും ചുമട് തോളിൽ ത്തന്നെ വച്ചിരിക്കുന്ന കാഴ്ച ഡ്രൈവറെ അത്ഭുതപ്പെടുത്തി. ദയാപൂർണ്ണനായ അയാൾ യാത്രക്കാരനോട് എന്തുകൊണ്ടാണ് ചുമട് വാഹനത്തിൽ ഇറക്കി വയ്ക്കാത്തത് എന്ന് ചോദിക്കുന്നു. മറുപടി: “എന്നെ വാഹനത്തിൽ കയറ്റാൻ അങ്ങു കാണിച്ച സന്മനസ്സിന് എങ്ങനെ നന്ദിപറയേണ്ടു എന്നറിയാതെ വിഷമിക്കയാണ് ഞാൻ. എന്റെ ചുമലിലുള്ള ഈ ഭാരിച്ച ചുമടുകൂടി വഹിക്കുവാൻ പറയുന്നത് ഒട്ടും ശരിയല്ല എന്നാണ് എന്റെ ചിന്ത.” നാം ഈ മടയനായ യാത്രക്കാരനെ നോക്കി ചിരിക്കും. എന്നാൽ നമ്മിൽ പലരും തങ്ങളെത്തന്നെ കർത്താവായ യേശുക്രിസ്തുവിന്റെ സംരക്ഷണയിൽ സമർപ്പിച്ചശേഷവും ജീവിതത്തിലെ ഭാരച്ചുമടുകൾ ഇറക്കിവയ്ക്കാതെ ചുമലുകൾ ഭാരത്താൽ കുനിയുന്ന വിധം കഷ്ടപ്പെടുന്നവരല്ലേ?ജീവിതയാത്രയിലുടനീളം ഭാരപ്പെട്ട് തളരുന്ന നിരവധി ക്രിസ്ത്യാനികളുടെ ചിത്രമാണ് മേൽപ്പറഞ്ഞ യാത്രക്കാരൻ നൽകുന്നത്.

“ഭാരം ഇറക്കിവയ്ക്കാം’ എന്നു ഞാൻ പറയുമ്പോൾ ആത്മീയവും ഭൗതികവുമായ എല്ലാത്തരം ഭാരങ്ങളെയും പറ്റിയാണ് പറയുന്നത്. ഒന്നാമതായി നമ്മെത്തന്നെയാണ് ഉദ്ദേശിക്കുന്നത്. ജീവിതത്തിൽ നാം ചുമക്കുന്ന ഏറ്റവും വലിയ ഭാരച്ചുമട് ‘സ്വയം’ആണ് ഉദ്ദേശിക്കുന്നത്. നമുക്ക് കൈകാര്യം ചെയ്യേണ്ട ഏറ്റവും ബുദ്ധിമുട്ടുള്ള ചുമടും ‘സ്വയം’ തന്നെ. നമ്മുടെ അനുദിനജീവിതം, നമ്മുടെ വൈകാരിക മണ്ഡലങ്ങൾ, നമ്മുടെ തനതായ ബലഹീനതകളും പരീക്ഷകളും....ഇവയൊക്കെയാണ് നമ്മെ ആകുലചിത്തരാക്കുന്നതും കുഴയ്ക്കുന്നതും. മിക്കപ്പോഴും ഇവ നമ്മെ അന്ധകാരത്തിലേക്കും ബന്ധനത്തിലേക്കും നയിക്കുന്നു. ഭാരം ഇറക്കി വയ്ക്കാൻ യേശുക്രിസ്തു നമ്മെ ക്ഷണിക്കുമ്പോൾ ഒന്നാമതായി നാം ഇറക്കി വയ്ക്കേണ്ടത് ‘സ്വയത്തിന്റെ ഭാര’മത്രേ

തുടർന്ന് മറ്റെല്ലാ ഭാരങ്ങളും ഇറക്കി വയ്ക്കണം-നിങ്ങളുടെ ആരോഗ്യം സൽപ്പേര്, ക്രിസ്തീയപ്രവർത്തനങ്ങൾ, ഭവനങ്ങൾ, മക്കൾ, വ്യാപാരം, വേലക്കാർ എല്ലാം എല്ലാം... ചുരുക്കത്തിൽ പറഞ്ഞാൽ ആന്തരികമോ ബാഹ്യമോ ആയ, നിങ്ങളെ ബാധിക്കുന്ന എല്ലാ ഭാരങ്ങളും ക്രിസ്തുവിൽ ഇറക്കിവച്ചേ മതിയാവൂ.

ഭൗതികമായ വിഷയങ്ങളിൽ വളരെ കഠിനമായി ഭാരപ്പെട്ടിരുന്ന ഒരു ക്രിസ്തീ





യവനിതയെ എനിക്കറിയാം. വിശപ്പും ഉറക്കവും നഷ്ടപ്പെട്ട അവളുടെ ആരോഗ്യം അപകടത്തിലായി. ജീവിതസാഹചര്യങ്ങൾ വ്യത്യാസപ്പെടുത്തുവാൻ ഒരുവിധത്തിലും കഴികയില്ലായിരുന്നു. ഭാഗ്യവശാൽ അവൾ തന്റെ ഭാരങ്ങൾ കർത്താവിന്റെ അടുത്തേയ്ക്ക് കൊണ്ടുവന്ന് അവിടുത്തേക്ക് കൈകാര്യം ചെയ്യാനായി ഏൽപ്പിച്ചു. കർത്താവ് തന്റെ ഭാരങ്ങൾ ഏറ്റെടുത്തെന്ന് ഹൃദയപൂർവ്വം വിശ്വസിച്ച അവൾ സമ്പൂർണ്ണ ഉത്തരവാദിത്വവും, വ്യാകുലചിന്തകളും കർത്താവിനെ ഭരമേൽപ്പിച്ചു. തന്റെ സ്വയജീവിതത്തെ-തനിക്കുള്ളതും താൻ തന്നെയും - കർത്താവിന്റെ കൈകളിൽ എറിഞ്ഞുകൊടുത്ത ശേഷം തികഞ്ഞ സ്വസ്ഥതയിലേക്ക് അവൾ പ്രവേശിച്ചു. കർത്താവിനെ വിശ്വസിച്ച് ഏൽപ്പിച്ച കാര്യം അവിടുന്ന് പരിപൂർണ്ണമായും ഏറ്റെടുത്തു എന്ന വിശ്വാസമാണ് അവളെ ആകുലചിന്തയിൽ നിന്നും വിടുവിച്ചത്. അവളുടെ ജീവിതം പ്രകാശമാനമായി. കർത്താവിന്റെ വകയാണ് താനെന്ന ചിന്ത അവളെ ആനന്ദഭരിതയാക്കി. ഇതായിരുന്നു ഉന്നതതലത്തിലുള്ള ക്രിസ്തീയ ജീവിതം....

ഭാരങ്ങൾ ഇറക്കി വയ്ക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? ഒരു പ്രകാരത്തിലും നിങ്ങൾക്ക് കൈകാര്യം ചെയ്യാൻ കഴിയാത്ത സ്വയത്തെ വിദഗ്ധകരങ്ങളിൽ, ബലിഷ്ഠകരങ്ങളിൽ, ഭരമേൽപ്പിക്കുവാൻ നിങ്ങൾ തയ്യാറാകുമോ? നിങ്ങൾ അധ്വാനിച്ച് ഭാരം ചുമന്ന് തളർന്നിരിക്കുന്നുവോ? ഞാൻ പറയുന്ന ഈ സ്വസ്ഥത നിങ്ങൾക്ക് മധുരതരമായിത്തോന്നുന്നില്ലേ?

നിങ്ങൾ ആകെക്കൂടെ ചെയ്യേണ്ടത് ഇത്രമാത്രം: വിശ്രമിക്കുക! നിങ്ങളെ സ്വസ്ഥതയിൽ നിലനിർത്തുന്നത് കർത്താവിന്റെ ഉത്തരവാദിത്വമാണ്. ആ കാര്യത്തിൽ അവിടുന്ന് ഒരിക്കലും പരാജയപ്പെടുകയില്ല!

സമ്പാദകൻ: മാത്യു ജോർജ്

**കടപ്പാട് :**(All the Saints Adore Thee Bruce Shelly)

❖

## എഡിറ്റോറിയൽ.... തുടർച്ച

കായിക്കുന്നതിലും ജീവന്റെ പങ്കാളിത്തത്തിലും താൻ പ്രതീക്ഷിക്കുന്ന അളവിലേക്ക് ഉയർന്ന് തന്നെ തൃപ്തിപ്പെടുത്താൻ നമ്മോട് യേശു ആവശ്യപ്പെടുന്നുണ്ട്. അതേ സമയം നമുക്ക് അതിനു കഴിയാതെ വന്നാലോ? കഴിയാതെ വന്നാൽ അതിനുള്ള ഉത്തരവും യേശുവിലുണ്ട്. അവിടുന്നു വേണ്ടുവോളം ജീവന്റെ പങ്കാളിത്തം നമുക്കു തരുവാൻ സന്നദ്ധനായി നമ്മുടെ സമീപെ ഉണ്ട്. നാം ചെയ്യേണ്ടത് ‘അവൻ ആരെന്ന് അറിഞ്ഞ് അവനോടു ചോദിക്കുക മാത്രം’.

രണ്ടധ്യായം കൂടി കഴിയുമ്പോൾ യേശു ഇതേ കാര്യം തന്നെ മറ്റൊരു തരത്തിൽ പറയുന്നുണ്ടല്ലോ: ‘ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട് ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു’ (7:37, 38).

നമ്മെ സംബന്ധിച്ച യേശുവിന്റെ ദാഹം ശമിപ്പിക്കാനായി നമുക്ക് ഒരു ദാഹമുണ്ടോ? ഉണ്ടെങ്കിൽ അവൻ ആരെന്ന് അറിഞ്ഞ് നമുക്ക് അവനോടു ചോദിക്കാം. അവന്റെ അടുക്കൽ ചെല്ലാം. അവനിൽ നിന്നു കുടിക്കാം.

❖



# ബൈബിളിലൂടെ...

## ലൂക്കോസിന്റെ സുവിശേഷം
(തുടർച്ച)

**സാക്പുന്നൻ**

**നാലാം അധ്യായം**

4:14-ൽ നാം ഇങ്ങനെ വായിക്കുന്നു. യേശു തന്റെ പരീക്ഷകളെ നേരിട്ട ശേഷം ആത്മാവിന്റെ ശക്തിയോടെ തന്റെ പ്രസംഗശുശ്രൂഷയിലേക്കു മടങ്ങിവന്നു. പരീക്ഷകളെ അതിജീവിക്കുന്നത് വചനം ശക്തിയോടെ ശുശ്രൂഷിപ്പാൻ നമ്മെ പ്രാപ്തരാക്കും. നസറേത്തിലെ പള്ളിയിൽ യെശയ്യാ 61-ാം അദ്ധ്യായം വായിച്ചിട്ട് 'ഈ പ്രവചനം നിവൃത്തിയായിരിക്കുന്നു' എന്ന് യേശു പറഞ്ഞു. സുവിശേഷം പ്രസംഗിപ്പാനും തടവിലുള്ളവരെ സ്വതന്ത്രരാക്കുവാനും കുരുട്ടുകണ്ണുകൾ തുറക്കുവാനും ബന്ധനങ്ങളിലായിരിക്കുന്നവരെ മോചിപ്പിക്കുവാനും ഇങ്ങനെ മറ്റുള്ളവരെ അനുഗ്രഹിക്കേണ്ടതിന് ദൈവം തന്റെ ആത്മാവിനാൽ യേശുവിനെ അഭിഷേകം ചെയിതിരുന്നു. അഭിഷേകത്തിന്റെ മുഴുവൻ ഫലവും മറ്റുള്ളവർക്കുവേണ്ടിയായിരുന്നു.

ആത്മാവിന്റെ ഫലങ്ങൾ നമുക്കുവേണ്ടിയുള്ളതാണ്- സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവ.എന്നാൽ ആത്മാവിന്റെ വരങ്ങൾ മറ്റുള്ളവർക്കുവേണ്ടിയാണ്. പ്രസംഗത്തിനുള്ള വരം, രോഗശാന്തിവരം ഇവയൊക്കെ ദൈവം നൽകുന്നത് ധനവും മാനവും നേടാനുള്ള ഉപാധികളായല്ല മറ്റുള്ളവരെ അനുഗ്രഹിക്കേണ്ടതിനാണ്. ഭാഷാവരം പോലും മറ്റുള്ളവരെ അനുഗ്രഹിപ്പാൻ തക്കവണ്ണം നിങ്ങളെ സദാ പുതുക്കത്തിൽ നിർത്തേണ്ടതിനാണ്. നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന ആത്മവരം നിങ്ങൾക്കായിത്തന്നെ ഉപയോഗിക്കുന്നപക്ഷം നിങ്ങൾ പണിയുന്നതു ബാബിലോണായിരിക്കും. ഇക്കാര്യം എപ്പോഴും ഓർമ്മിക്കണം.

**അഞ്ചാം അധ്യായം**

5:1-11-ൽ അത്ഭുതകരമായ ഒരു മീൻപിടിത്തത്തെക്കുറിച്ച് നാം വായിക്കുന്നു. ആഴത്തിലേക്കു നീക്കി മീൻപിടിത്തത്തിന് വലയിറക്കുവാൻ യേശു പറഞ്ഞു. പത്രോസ് രാത്രി മുഴുവനും അധ്വാനിച്ച് തളർന്നതാണ്. ഒന്നും പിടിച്ചില്ല. എന്നാൽ വലിയ വിശ്വാസത്തോടെയല്ലെങ്കിലും അവൻ യേശുവിനെ അനുസരിക്കുവാൻ തീരുമാനിച്ച് വലയിറക്കി. തന്റെ ജീവിതത്തിൽ ഒരിക്കലും പിടിച്ചിട്ടില്ലാത്തത്ര വലിയ കൂട്ടത്തെ അന്ന് പിടിച്ചു.കർത്താവ് നമ്മോട് ചില കാര്യങ്ങൾ പറയുമ്പോൾ നാം പറഞ്ഞേക്കാം. "കർത്താവേ, ഇതെത്ര പ്രാവശ്യം ശ്രമിച്ചതാണ്. ഫലപ്രദമായില്ല" പക്ഷേ കർത്താവ് പറയുന്നു "നീ ഇപ്പോൾ വീണ്ടും അത് ചെയ്യുക. കാരണം, ഞാൻ വീണ്ടും നിന്നോട് കല്പിക്കുന്നു അതു ചെയ്‌വാൻ" അപ്പോൾ അതിന്റെ ഫലം കണ്ട് നാം തന്നെ അത്ഭുതപ്പെട്ടുപോകും. കർത്താവ് കല്പിക്കുന്ന ഇടത്തേക്ക് പോകുക. മറ്റൊരിടത്തും പോകരുത്. നിങ്ങൾക്കിഷ്ടമുള്ളയിടത്തേക്ക് നിങ്ങൾ പോയാൽ ഒരിക്കലും







**ആളുകളോടൊപ്പം ആയിരിക്കുന്നത് നല്ലതാണ്. എന്നാൽ ദൈവത്തോടൊപ്പം ഏകനായിരിക്കുന്നതിന് അതിലധികം സമയം കണ്ടെത്തേണ്ടതാവശ്യമാണ്.**

നിത്യമായ ഫലങ്ങൾ നിങ്ങൾക്ക് കാണുവാൻ കഴിയുകയില്ല. കർത്താവ് നയിക്കുന്ന ഇടത്തേക്ക് നിങ്ങൾ പോകുന്നുവെങ്കിൽ നിത്യമായ ഫലങ്ങൾ നിങ്ങൾ പ്രാപിക്കും. അതുകൊണ്ട് കർത്താവ് തന്നെ എവിടേക്ക് പോകണമെന്നും എപ്പോൾ പോകണമെന്നും നിങ്ങളോട് പറയട്ടെ.

5'15, 16-ൽ തങ്ങളുടെ രോഗങ്ങൾക്ക് സൗഖ്യം ലഭിക്കേണ്ടതിന് വലിയ പുരുഷാരം യേശുവിന്റെ അടുക്കൽ വന്നതായി നാം വായിക്കുന്നു. തിരുവചനം പഠിക്കുമ്പോൾ ഓരോ സന്ദർഭത്തോടും നമ്മെ ചേർത്തുവയ്ക്കുകയും ആ സ്ഥാനത്ത് നാം ആയിരുന്നെങ്കിൽ എന്ന് ചിന്തിക്കുകയും ചെയ്യുന്നത് നല്ലതാണ്. നമ്മുടെ ശുശ്രൂഷയ്ക്ക് അത്തരം ഫലങ്ങൾ ഉണ്ടാവുകയാണെങ്കിൽ എങ്ങനെയുള്ള അപകടത്തിലായിരിക്കും അത് നമ്മെ എത്തിക്കുക? നിഗളത്തിൽ അത് നമ്മെ എത്തിക്കും. യേശുവും നമ്മെപ്പോലെ പരീക്ഷിതനായിരിക്കാം. അവിടുന്ന് എന്തായിരിക്കാം ചെയ്തത്? നിർജ്ജനപ്രദേശത്ത് പോയി പ്രാർത്ഥിക്കുകയായിരുന്നു തന്റെ പതിവ്. (5:16). മറ്റുള്ളവർ കൂടിയിരുന്ന് സംസാരിക്കുന്നതിനിടയിൽനിന്ന് യേശു പ്രാർത്ഥനയ്ക്കായി ഏകാന്തസ്ഥലത്തേക്ക് വഴുതി മാറിയിരുന്നു. അങ്ങനെയൊരു ശീലം വളർത്തിയെടുക്കുന്നത് നല്ലതാണ്. ദൈവത്തോടൊപ്പം തനിയെ ആയിരിക്കുക. ആളുകളോടൊപ്പം ആയിരിക്കുന്നത് നല്ലതാണ്. എന്നാൽ ദൈവത്തോടൊപ്പം ഏകനായിരിക്കുന്നതിന് അതിലധികം സമയം കണ്ടെത്തേണ്ടതാവശ്യമാണ്. നിങ്ങളുടെ ശുശ്രൂഷ അധികം വ്യാപിക്കുന്നതിനനുസരിച്ച് കൂടുതൽ സമയം ദൈവത്തോടൊപ്പം ചെലവഴിക്കുക. യേശു എല്ലായ്പ്പോഴും അങ്ങനെയായിരുന്നു. ചിലപ്പോഴല്ല.

5:27-29-ൽ ലേവി എന്ന മത്തായിയെ യേശു വിളിക്കുന്നതും അവൻ കർത്താവിനുവേണ്ടി വലിയൊരു വിരുന്നൊരുക്കുന്നതും നാം കാണുന്നു. എന്നാൽ താൻ എഴുതിയ സുവിശേഷത്തിൽ ആ

> **'ആളുകൾ നിങ്ങളെ വെറുത്ത് ഒന്നിനും കൊള്ളാത്തവരെന്ന് വിചാരിക്കുമ്പോഴും നിങ്ങളുടെ പേർ ഒരു പരിഹാസമായി മാറ്റുമ്പോഴും നിങ്ങൾ ഭാഗ്യവാന്മാരെന്ന് നിങ്ങളെത്തന്നെ കണ്ടിട്ടുണ്ടോ? ഇതിൽ നിങ്ങളുടെ ബന്ധുക്കളും മറ്റു ക്രിസ്ത്യാനികളും അക്രൈസ്തവരും അയൽക്കാരുമൊക്കെ കണ്ടേക്കാം.**

വിരുന്ന് ആരാണ് ഒരുക്കിയതെന്നതിനെക്കുറിച്ച് മത്തായി ഒന്നുംതന്നെ പറയുന്നില്ല. (മത്താ. 9:9,10). നിങ്ങൾ എന്തെങ്കിലും നന്മ ചെയ്യുന്നുവെങ്കിൽ മറ്റുള്ളവർ അതേക്കുറിച്ച് പറയട്ടെ.

**ആറാം അദ്ധ്യായം**

6:12-13-ൽ യേശു എങ്ങനെയാണ് തന്റെ ശിഷ്യന്മാരെ വിളിച്ചതെന്ന് നാം വായിക്കുന്നു. യേശു രാത്രി മുഴുവൻ പ്രാർത്ഥിച്ചു.കാരണം ആരെ തെരഞ്ഞെടുക്കണമെന്ന കാര്യത്തിൽ വ്യക്തത ലഭിക്കേണ്ടതിന്. പാപം കൂടാതെ ജീവിച്ച യേശുവിനുപോലും പിതാവിന്റെ ഹിതമറിവാൻ പ്രാർത്ഥന ആവശ്യമായിരുന്നു. യേശു വിളിക്കുമ്പോൾ യൂദാ ഇസ്ക്കര്യോത്താവും വക്രത തീണ്ടാത്ത ഒരു വ്യക്തിയായിരുന്നു എന്നകാര്യവും ചൂണ്ടിക്കാട്ടുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവൻ പിന്നീട് വക്രതയുള്ളവനായിത്തീർന്നു. വിളിക്കുമ്പോൾ പത്രോസിനേയും യോഹന്നാനെയുംപോലെ അവനും പൂർണ്ണഹൃദയവും പരമാർത്ഥതയും ഉള്ള വ്യക്തിയായിരുന്നു. യേശു പൂർണ്ണഹൃദയവും പരമാർത്ഥതയും ഉള്ള ഒരുവനെ തെരഞ്ഞെടുത്തു. അവൻ വക്രതയുള്ള ഒരുവനായിത്തീരുകയും നരകത്തിലേക്ക് പോവുകയും ചെയ്തു.

6:20-49-ൽ ഗിരിപ്രഭാഷണത്തിന്റെ ഒരു സംക്ഷിപ്തരൂപം നമുക്കു കാണാം. ഉപദ്രവിക്കപ്പെടുന്നവരായി തെറ്റിദ്ധരിക്കപ്പെട്ടവരായി വിമർശനം നേരിട്ട് പീഡിപ്പിക്കപ്പെട്ട് അപമാനം സഹിച്ച് നിന്ദിക്കപ്പെട്ട്, ശാരീരിക പീഡനങ്ങൾ ഏറ്റ് കർത്താവിനെ പ്രതികൂല സാഹചര്യങ്ങളിലൂടെ സേവിക്കുന്നവർക്ക് കർത്താവിന്റെ ഈ വാക്കുകൾ വായിച്ച് ധൈര്യം പ്രാപിക്കാം. മനുഷ്യപുത്രൻ നിമിത്തം മനുഷ്യർ നിങ്ങളെ ദ്വേഷിച്ച് ഭ്രഷ്ടരാക്കി നിന്ദിച്ച് നിങ്ങളുടെ പേർ വിടക്ക് എന്നു തള്ളുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. ആ നാളിൽ സന്തോഷിച്ച് തുള്ളുവിൻ. നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വലിയത് അവരുടെ പിതാക്കന്മാരും പ്രവാചകന്മാരോട് അങ്ങനെ തന്നെ ചെയ്തുവല്ലോ. "ആളുകൾ നിങ്ങളെ വെറുത്ത് ഒന്നിനും കൊള്ളാത്തവരെന്ന് വിചാരിക്കുമ്പോഴും നിങ്ങളുടെ പേര് ഒരു പരിഹാസമായി മാറ്റുമ്പോഴും നിങ്ങൾ ഭാഗ്യവാന്മാരെന്ന് നിങ്ങളെത്തന്നെ കണ്ടിട്ടുണ്ടോ? ഇതിൽ നിങ്ങളുടെ ബന്ധുക്കളും മറ്റു ക്രിസ്ത്യാനികളും അക്രൈസ്തവരും അയൽക്കാരുമൊക്കെ കണ്ടേക്കാം. നിങ്ങൾ യേശുവിന്റെ ഒരു ശിഷ്യനാണെന്നതുകൊണ്ടും ദൈവത്തിന്റെ മുഴുവൻ ആലോചനയും സംസാരിക്കുന്നതുകൊണ്ടും നിങ്ങൾ ഭാഗ്യവാനാണ്. യേശു പറഞ്ഞു നിങ്ങൾ സന്തോഷിച്ചു തുള്ളുക എന്ന്. അതാണ് ആത്മാവിൽ നൃത്തം ചെയ്യേണ്ട സമയം. പിന്നെ എന്തുകൊണ്ടാണ് ധാരാളം ക്രിസ്ത്യാനികൾ മാനവും അംഗീകാരവും അന്വേഷിക്കുന്നത്? നിങ്ങളുടെ മണവാളനായ യേശു തന്നെ ദ്വേഷിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും അപമാനിക്ക്പ്പെടുകയും പരിഹസിക്കപ്പെടുകയും ചെയ്തുവല്ലോ. മണവാട്ടിക്കെന്തുകൊണ്ട് മണവാളനൊപ്പം നിന്നുകൂടാ?





ആളുകൾ നിങ്ങളെ പുകഴ്ത്തുകയും നല്ല വാക്കുകൾ നിങ്ങളെക്കൊണ്ട് പറകയും ചെയ്യുമ്പോൾ നിങ്ങൾ ഒരു കള്ള പ്രവാചകനാണെന്നതിന്റെ തെളിവാകാൻ സാധ്യതയുണ്ട്. പഴയ നിയമകാലത്ത് കള്ളപ്രവാചകന്മാർ എല്ലായ്പ്പോഴും മാനിക്കപ്പെടുകയും പ്രശംസിക്കപ്പെടുകയും ചെയ്തിരുന്നു. കള്ള പ്രവാചകന്മാർ എല്ലാ കാലത്തും പ്രശംസിക്കപ്പെടുകയും മാനിക്കപ്പെടുകയും സത്യപ്രവാചകന്മാർ എല്ലായ്പ്പോഴും എല്ലാനൂറ്റാണ്ടുകളിലും വിമർശിക്കപ്പെടുകയും ത്യജിക്കപ്പെടുകയും ചെയ്യപ്പെട്ടിരുന്നു.

ഈ ആളുകളോടു നാം എങ്ങനെയാണു പെരുമാറേണ്ടത്? 6:27-ൽ പറയുന്നു. "അവരെ സ്നേഹിക്കുകയും നന്മചെയ്കയും അവർക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്യുക." ഞാൻ എന്നെ ഉപദ്രവിച്ചിട്ടുള്ളവർക്കുവേണ്ടി ഇപ്രകാരം പ്രാർത്ഥിക്കുന്നു: "കർത്താവേ, അവർക്കു നന്മ ചെയ്വാനും അവരെ ശുശ്രൂഷിപ്പാനും എനിക്ക് അവസരങ്ങളെ തരണമേ. അവർ ചെയ്ത എല്ലാ തിന്മയ്ക്കും പകരമായി ദൈവസ്നേഹത്തിൽ ഞാൻ അവരെ സ്നേഹിക്കുന്നു എന്ന് അവർ അറിയുവാൻ ഇടയാക്കണമേ. അവർ ആവശ്യത്തിലായിരിക്കുന്നു എങ്കിൽ അവരെ സാമ്പത്തികമായി സഹായിക്കുവാനും ഞാൻ ഒരുക്കമാണ്. എന്റെ രാജ്യം ഐഹികമല്ല എന്നും അവരെ കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.' നാം സ്നേഹത്താൽ നിറയപ്പെട്ട ഒരു രാജ്യത്തിലെ പൗരന്മാരാണ്. അവിടെ വിദ്വേഷത്തിന്റെ ഒരു അണുപോലും ഇല്ല. നമ്മെ ശപിക്കുന്ന ഏവരെയും അതുകൊണ്ടുതന്നെ നാം അനുഗ്രഹിക്കുന്നവരാകും (6:28)

> **എന്തുകൊണ്ടാണ് ധാരാളം ക്രിസ്ത്യാനികൾ മാനവും അംഗീകാരവും അന്വേഷിക്കുന്നത്? നിങ്ങളുടെ മണവാളനായ യേശു തന്നെ ദ്വേഷിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും അപമാനിക്ക്പ്പെടുകയും പരിഹസിക്കപ്പെടുകയും ചെയ്തുവല്ലോ. മണവാട്ടിക്കെന്തുകൊണ്ട് മണവാളനൊപ്പം നിന്നുകൂടാ?**

പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടില്ലെങ്കിൽ ഇത്തരം ഒരു ജീവിതം നിങ്ങൾക്കു സാദ്ധ്യമല്ല. ആളുകൾ നിങ്ങളെ ഉപദ്രവിക്കുമ്പോൾ നിങ്ങൾ ക്ഷമിക്കുന്നതു കൊണ്ടു മാത്രമാകുന്നില്ല അതു നല്ലതുതന്നെ. പക്ഷേ നിങ്ങൾ അവർക്കു വേണ്ടി പ്രാർത്ഥിക്കയും ചെയ്യേണ്ടതുണ്ട്. നമ്മുടെ ചെകിട്ടത്ത് അടിക്കുന്നവനെ തിരിച്ചടിക്കുന്നില്ല. നമ്മുടെ പുതപ്പ് എടുക്കുന്നവർക്ക് നമ്മുടെ ഉടുപ്പുകൂടി വിട്ടുകൊടുക്കേണ്ടതുണ്ട്. ഇത് മറ്റുള്ളവരെ തള്ളി താഴെയിട്ട് അവരുടെ പുറത്തുചവിട്ടി മുകളിലേക്കു കയറാൻ ശ്രമിക്കുന്ന ഈ ലോകത്തിന്റെ വഴികൾക്ക് അന്യമായ ഒരു വഴി തന്നെയാണ്. നിങ്ങൾ ക്രിസ്തുശരീരം പണിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ വാക്കുകൾ നിങ്ങളുടെ സഭയിലുള്ളവരോടു സംസാരിക്കയും ഈ വഴി പഠിപ്പിക്കയും വേണം.

യേശു തുടർന്നു പറയുന്നു: 'നമുക്കു ഉപകാരം ചെയ്യുന്നവർക്കു പ്രത്യുപകാരം ചെയ്യുന്നതുകൊണ്ടു നമുക്കുമാർക്ക് ഒന്നും ലഭിക്കില്ല." (വാക്യം 33)

**നമുക്ക് ജ്ഞാനത്തിന്റെ കാര്യത്തിലോ ശക്തിയുടെ കാര്യത്തിലോ ദൈവത്തെപ്പോലെ പൂർണ്ണരാകുവാൻ കഴിയില്ല. മറ്റുള്ളവരോടു ക്ഷമിക്കുന്ന കാര്യത്തിൽ നമുക്കു പൂർണ്ണരാകുവാൻ കഴിയും. അതിന്റെയർത്ഥം നമുക്കു പത്തു ശത്രുക്കളുണ്ടെങ്കിൽ പത്തുപേരോടും ക്ഷമിക്കുക എന്നാണ്. നിങ്ങളുടെ സ്വർഗ്ഗീയ പിതാവു കരുണയുള്ളവനാകുന്നതുപോലെ കരുണയുള്ളവരാകുക.**

നമുക്കു ദാനങ്ങൾ നൽകുന്നവർക്കു നാം തിരികെ ദാനങ്ങൾ നൽകുന്നു എങ്കിൽ നമുക്കു പൂജ്യം മാർക്കു ലഭിക്കും. നമ്മെ ഉപദ്രവിക്കുന്നവർക്കു നന്മ ചെയ്താൽ നമുക്കു നൂറുമാർക്കും ലഭിക്കും.

6:31-ൽ യേശു പറയുന്നു: നമ്മോടു മറ്റുള്ളവർ എങ്ങനെ പെരുമാറണമെന്ന് നാം ആഗ്രഹിക്കുന്നുവോ നാമും അങ്ങനെതന്നെ അവരോടു പെരുമാറണം. മറ്റുള്ളവർ നമ്മെക്കുറിച്ച് നാം കേൾക്കാതെ അപവാദം പറയണമെന്നു നാം ആഗ്രഹിക്കുന്നുണ്ടോ? ഇല്ല. എങ്കിൽ നാം അത്തരം അപവാദം പറച്ചിലുകളിൽ നിന്നും ഒഴിഞ്ഞുനിൽക്കുക. നിങ്ങൾ വലിയ ഒരു മണ്ടത്തരം കാണിച്ചാൽ മറ്റുള്ളവർ നിങ്ങളോടു ക്ഷമിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? ഉണ്ട്. അങ്ങനെയെങ്കിൽ മറ്റുള്ളവരോടും അവരുടെ മണ്ടത്തരങ്ങൾ ക്ഷമിക്കുക. അത്രയും ലളിതമാണീക്കാര്യം.

6:36-ൽ യേശു പറഞ്ഞു: ഒരു കാര്യത്തിൽ നമ്മുടെ സ്വർഗ്ഗീയപിതാവു സമ്പൂർണ്ണൻ ആയിരിക്കുന്നതുപോലെ നാമും സമ്പൂർണ്ണർ ആകണമെന്ന്. മത്താ. 5:48-മായി താരതമ്യം ചെയ്യുക: "നിങ്ങളുടെ സ്വർഗ്ഗീയ പിതാവു സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ." മനസ്സലിവിന്റെ, കരുണയുടെ, കാര്യത്തിലാണത്. നമുക്ക് ജ്ഞാനത്തിന്റെ കാര്യത്തിലോ ശക്തിയുടെ കാര്യത്തിലോ ദൈവത്തെപ്പോലെ പൂർണ്ണരാകുവാൻ കഴിയില്ല. മറ്റുള്ളവരോടു ക്ഷമിക്കുന്ന കാര്യത്തിൽ നമുക്കു പൂർണ്ണരാകുവാൻ കഴിയും. അതിന്റെയർത്ഥം നമുക്കു പത്തു ശത്രുക്കളുണ്ടെങ്കിൽ പത്തുപേരോടും ക്ഷമിക്കുക എന്നാണ്. നിങ്ങളുടെ സ്വർഗ്ഗീയ പിതാവു കരുണയുള്ളവനാകുന്നതുപോലെ കരുണയുള്ളവരാകുക.

'അന്യരെ വിധിക്കരുത്' (6:38). വിധിക്കുന്ന കാര്യം ദൈവത്തിനു വിട്ടുകൊടുക്കുക. ദൈവത്തിനക്കാര്യത്തിൽ നിങ്ങളുടെ സഹായം ആവശ്യമില്ല.

'ലുബ്ദുകാട്ടാതെ ദാനം ചെയ്യുക. ആവശ്യത്തിലിരിക്കുന്നവർക്ക് ഔദാര്യം കാട്ടുക.' (6:38) ദൈവവും നിങ്ങളോടു ഔദാര്യം കാട്ടും. തന്റെ വരുമാനത്തിന്റെ 90ശതമാനവും കർത്താവിനു നൽകാറുണ്ടായിരുന്ന ഒരു വ്യവസായി ഇങ്ങനെ പറഞ്ഞു: "ഞാൻ ഒരു വലിയ കോരിക ഉപയോഗിച്ചു കോരിയായിരുന്നു ധനം കൊടുത്തുകൊണ്ടിരുന്നത്. ദൈവവും അതുപോലെ തന്റെ കോരിക കൊണ്ടു കോരി തിരികെ നൽകിക്കൊണ്ടിരുന്നു. പക്ഷേ ദൈവത്തിന്റെ കോരിക വളരെ വലിയ ഒന്നായിരുന്നു."

6:40-ൽ യേശു പറയുന്നു: "അഭ്യാസം തികഞ്ഞവരാകുവാൻ നാം നമ്മെത്തന്നെ ഗുരുവിനു പൂർണമായി ഏല്പിക്കുന്നുവെങ്കിൽ ഒരു ദിവസം നാം തന്നെപ്പോലെയാകും. അത്തരം അത്ഭുതകരമായ വാഗ്ദാനങ്ങൾക്കായി കർത്താവിനെ നമുക്കു സ്തുതിക്കാം. നമ്മെ അവിടുന്നു നടത്തിക്കൊണ്ടുപോകുന്ന





എല്ലാ കഷ്ടങ്ങളുടെയും ശോധനകളുടെയും വഴിയിൽ നമ്മെ പരിശീലിപ്പിച്ചെടുക്കുവാൻ നമുക്കു കർത്താവിനെ അനുവദിക്കാം."

### ഏഴാം അദ്ധ്യായം

7:13-ൽ മാനവരാശിയുടെ കഷ്ടതകൾ കണ്ട് മനസ്സിലാക്കുന്ന കർത്താവിനെ നാം കാണുന്നു. നയീനിലെ വിധവയ്ക്ക് തന്റെ മകൻ നഷ്ടപ്പെട്ടുണ്ടായ ദുഃഖം കണ്ട് യേശു അവളോട് മനസ്സലിഞ്ഞു. യേശുവിന്റെ ഈ മനസ്സലിവിൽ നിന്നാണ് യേശു രോഗികളെ സൗഖ്യമാക്കിയതെന്നും ആയിരങ്ങൾക്ക് ഭക്ഷണം നൽകിയതെന്നും വചനം പഠിപ്പിച്ചതെന്നുമൊക്കെ നാം തിരുവചനത്തിൽ നിന്നും മനസ്സിലാക്കുന്നു. യേശുവിന്റെ ഈ മനസ്സലിവു ഹൃദയത്തിൽ നിറയുന്നതിൽ നിന്നാകണം സഭയിലെ എല്ലാ ശുശ്രൂഷകളും ഉളവായി വരേണ്ടത്. നമ്മുടെ ചുറ്റിലും പിശാചിനാൽ വഞ്ചിക്കപ്പെട്ട് ചിതറിക്കപ്പെട്ട് കഷ്ടവും ദുരിതവും പേറി ജീവിക്കുന്ന ആളുകളെക്കുറിച്ചു ചിന്തിക്കുക. അവരോടുള്ള മനസ്സലിവിനാൽ നിങ്ങളുടെ ഹൃദയങ്ങൾ നിറയുവാൻ അനുവദിക്കുക. ആ മനസ്സലിവിൽ നിന്നും അവരെ ശുശ്രൂഷിക്കുക. അവരോടു പ്രസംഗിക്കുകയും പഠിപ്പിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.

7:36 - ൽ ഒരു പരീശൻ യേശുവിനെ ഭക്ഷണത്തിനു ക്ഷണിച്ചതു നാം വായിക്കുന്നു. പരീശന്മാരുടെ വീട്ടിൽ ഭക്ഷണത്തിനു പോകാതിരിക്കുവാൻ തക്ക അഹന്തയൊന്നും യേശുവിനുണ്ടായിരുന്നില്ല. മറ്റുള്ളവരെ അനുഗ്രഹിക്കുവാൻ കഴിയുന്ന എല്ലായിടങ്ങളിലേക്കും യേശു പോകുമായിരുന്നു. പാപികളുടെ അടുത്തേക്ക് മാത്രമായിരുന്നില്ല താൻ പോയിരുന്നത്. പരീശന്മാരുടെ വീടുകളിലേക്കും താൻ പോകുമായിരുന്നു. മാനസാന്തരപ്പെട്ട

**നമ്മുടെ ചുറ്റിലും പിശാചിനാൽ വഞ്ചിക്കപ്പെട്ട് ചിതറിക്കപ്പെട്ട് കഷ്ടവും ദുരിതവും പേറി ജീവിക്കുന്ന ആളുകളെക്കുറിച്ചു ചിന്തിക്കുക. അവരോടുള്ള മനസ്സലിവിൽ നിന്നും അവരെ ശുശ്രൂഷിക്കുക.**

ഒരു വേശ്യാസ്ത്രീ ആ വീട്ടിൽ വരികയും അനേകമായ തന്റെ പാപങ്ങൾ മോചിക്കപ്പെടുകയും താൻ രക്ഷിക്കപ്പെടുകയും ചെയ്തതിന്റെ നന്ദിയാൽ ഒരു ഭരണി വിലപിടിപ്പുള്ള സുഗന്ധതൈലം യേശുവിന്റെ കാലിൽ പൂശി. അവൾ ആ തൈലം വാങ്ങിയതു തീർച്ചയായും തന്റെ വേശ്യാവൃത്തിയിൽ നിന്നും സമ്പാദിച്ച ധനം കൊണ്ടാകും. ആവ: 23:18-ൽ "വേശ്യയുടെ കൂലി ഒരു തരത്തിലും യഹോവയുടെ ആലയത്തിൽ കൊണ്ടുവരരുതെ"ന്ന ഒരു അടിയന്തിര കല്പന നമുക്കു കാണാം. യേശു അതറിഞ്ഞിരുന്നില്ലേ? തീർച്ചയായും അറിഞ്ഞിരുന്നു. എന്നാൽ തന്റെ ആതിഥേയനെപ്പോലെ യേശു ഒരു നിയമാനുസാരി ആയിരുന്നില്ല. തന്റെ ആതിഥേയനായ ശീമോനെന്ന പീരശൻ ഇങ്ങനെ ചിന്തിച്ചു: "ഇവൻ ഒരു പ്രവാചകനെങ്കിൽ തന്നെ തൊടുന്നതാരെന്ന് അറിയുമായിരുന്നു." യേശു ആ സമയം ഒരു ഉപമ പറഞ്ഞു. ഒരു മനുഷ്യൻ തന്റെ രണ്ടു കടക്കാർക്ക് അവരുടെ കടം ഇളച്ചുകൊടുത്തു. ഒരുവന് അൻപതും മറ്റവന് അഞ്ഞൂറും. രണ്ടുപേർക്കും കടം വീട്ടുവാൻ വകയില്ലായിരുന്നു. അവൻ രണ്ടു പേർക്കും ഇളച്ചു കൊടുത്തു. ഇവരിൽ ആരായിരിക്കും അവനെ അധികം സ്നേഹിക്കുക? "തീർച്ചയായും അധികം ഇളച്ചു കിട്ടിയവനായിരിക്കും." ശീമോൻ മറുപടി പറഞ്ഞു. ശീമോനു കർത്താവിനോ

ടുള്ള സ്നേഹത്തെക്കാൾ മാനസാന്തരപ്പെട്ട ആ വേശ്യസ്ത്രീയ്ക്ക് അനേകമടങ്ങ് സ്നേഹമുണ്ടാകാൻ കാരണമെന്തെന്ന് അപ്പോൾ യേശു ചൂണ്ടിക്കാട്ടി. തനിക്കു ക്ഷമ ലഭിക്കേണ്ട പാപങ്ങൾ വളരെ കുറച്ചു മാത്രമേയുള്ളൂ എന്നുള്ള ശീമോന്റെ ചിന്തയാണതിന്റെ കാരണം. എന്നാൽ ആ സ്ത്രീയോ? ആർക്കും തീർക്കാൻ കഴിയാത്ത പാപങ്ങളുടെ ബഹുലത തനിയ്ക്കുണ്ടെന്ന് അവൾ തന്നെ അറിഞ്ഞിരുന്നു. നമുക്കെത്രമാത്രം ഇളച്ചുകിട്ടിയെന്ന ബോധമായിരിക്കും നമ്മുടെ സ്നേഹത്തിന്റെ അടിസ്ഥാനം.

"ഞാനൊരു മഹാപാപിയാ"ണെന്ന് ഏറ്റുപറയുന്ന ഒരു കപടവിനയം അധികം ക്രിസ്ത്യാനികൾക്കുമുണ്ട്. നിങ്ങൾ നിങ്ങളെക്കുറിച്ച് അങ്ങനെ വിശ്വസിക്കുന്നു എങ്കിൽ നിങ്ങൾ ആരെക്കാളുമധികം കർത്താവിനെ സ്നേഹിക്കുന്ന ഒരു വ്യക്തിയായിരിക്കും. അധികം ഇളച്ചു കിട്ടിയവൻ അധികം സ്നേഹിക്കും. എന്നാൽ സ്വയം ഏറ്റവും വലിയ പാപി എന്നു വിശേഷിപ്പിക്കുന്നവർ ഏറ്റവുമധികം ധനത്തെ സ്നേഹിക്കുന്നവരായിരിക്കും. കർത്താവിനു വേണ്ടി ജീവിക്കുന്നവരല്ല. അവർ മറ്റുള്ളവരുടെ അംഗീകാരത്തിനുവേണ്ടി താഴ്മ നടിക്കുക മാത്രമാണ്. പാപികളിൽ പ്രധാനി എന്നു വിശേഷിപ്പിച്ച പൗലോസിനെപ്പോലെ എല്ലാം ക്രിസ്തുവിനുവേണ്ടി വിട്ടുകളയാൻ മനസ്സില്ലെങ്കിൽ ഒരിക്കലും സ്വയം അങ്ങനെ വിശേഷിപ്പിക്കാൻ പാടില്ല. നിങ്ങൾക്ക് അധികം ഇളച്ചുകിട്ടി എന്ന ബോദ്ധ്യമുണ്ടെങ്കിൽ അധികം സ്നേഹിക്കും. നിങ്ങൾ വളരെക്കുറച്ചു മാത്രമേ കർത്താവിനായി നൽകിയിട്ടുള്ളുവെങ്കിൽ അതു തെളിയിക്കുന്നതു നിങ്ങൾക്കു വളരെക്കുറച്ചു മാത്രമേ ഇളച്ചു കിട്ടിയിട്ടുള്ളു എന്നാണ്.

**അദ്ധ്യായം എട്ട്**

8:1-3-ൽ യേശുവിന്റെ ശുശ്രൂഷയെ സഹായിച്ചിരുന്ന ധനികരായ ചില സ്ത്രീകളെക്കുറിച്ചു നാം വായിക്കുന്നു. യേശു ഒരിക്കലും ധനികർക്ക് എതിരായിരുന്നില്ല. അവിടുന്ന് നിഗളികൾക്ക് എതിരായിരുന്നു. ധനികരായിരുന്നാലും ദരിദ്രരായിരുന്നാലും താഴ്മയുള്ളവരെങ്കിൽ അവർക്ക് തന്റെ ശുശ്രൂഷയെ സഹായിക്കാൻ അനുവാദമുണ്ടായിരുന്നു. മുപ്പതുവയസ്സുവരെ യേശു മരപ്പണി ചെയ്തു ഉപജീവിച്ചിരുന്നു. അതിനുശേഷം തന്റെ മുഴുസമയ ശുശ്രൂഷാകാലയളവിൽ ചില ശിഷ്യരുടെ സ്വമേധാ ദാനങ്ങൾ സ്വീകരിച്ചിരുന്നു. താൻ ഒരിക്കലും തന്റെ ആവശ്യങ്ങൾ ആരെയും അറിയിച്ചിരുന്നില്ല. ഒരിക്കലും ആരോടും ചോദിച്ചിരുന്നില്ല. ഒരിക്കലും യേശു തന്റെ ശിഷ്യന്മാർക്ക് ഒരു ശമ്പളം വാഗ്ദാനം ചെയ്തിരുന്നില്ല. തന്റെ പിതാവ് തങ്ങളുടെ ആവശ്യങ്ങളറിഞ്ഞ് മറ്റ് ആളുകളെ പ്രേരിപ്പിച്ചിരുന്നു. അവർക്കു വേണ്ടതു നൽകുവാൻ. ധനികരായ ആളുകൾക്കും ഒരു ശുശ്രൂഷ നാം ഇവിടെ കണ്ടെത്തുന്നു - ദൈവത്തിന്റെ വേലയെ തങ്ങളുടെ ധനം കൊണ്ടു സഹായിക്കുക.

8:16-18 വെളിച്ചമായിരിക്കുന്നതിനെക്കുറിച്ച് കർത്താവു സംസാരിക്കുന്നു. വിളക്കു കത്തിച്ചു വയ്ക്കുന്നവർ ഒരിക്കലും അതിനെ കട്ടിൽക്കീഴിൽ വയ്ക്കുകയോ പാത്രം കൊണ്ടു മൂടുകയോ ചെയ്യുന്നില്ല. എല്ലാവർക്കും കാണത്തക്ക ഒരിടത്താണ് അതു വയ്ക്കുക. ഇങ്ങനെ നമ്മുടെ വെളിച്ചവും കർത്താവിനായി പ്രകാശിക്കേണ്ടതുണ്ട്. ഇൻഡ്യയിലെ ബാങ്കുകളിലും ഗവണ്മെന്റ് ഓഫീസുകളിലും അക്രൈസ്തവരായ ആളുകൾ തങ്ങളുടെ ദൈവങ്ങളുടെ പടങ്ങൾ തങ്ങളുടെ മേശകൾക്കരികൾ പതിയ്ക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ ഒരു ക്രൈസ്തവനായ ഉദ്യോഗസ്ഥൻ അപ്ര

(ശേഷം പേജ് 37ൽ)





ചരിത്രകഥ



# മരണത്തെ പേടിയില്ലാത്തവർ

കഥ ഇതുവരെ

*റോമാനഗരം ആദ്യനൂറ്റാണ്ടിൽ . റോമൻചക്രവർത്തിമാരുടെ പീഡനത്തെ ഭയന്ന് ക്രിസ്ത്യാനികൾ രഹസ്യതാവളത്തിൽ കഴിയുന്ന കാലം. റോമിലെ അരീനയിൽ ക്രിസ്തീയവിശ്വാസികൾ മൃഗങ്ങളോട് ഏറ്റുമുട്ടി രക്തസാക്ഷിമരണം വരിക്കുന്നത് റോമൻ പട്ടാളഉദ്യോഗസ്ഥനായ മാർസില്ലസ് തന്റെ സഹപ്രവർത്തകനായ ലൂക്യുല്ലസിനോടൊപ്പം കാണാൻ ഇടയായി. മാർസില്ലസിന് ക്രിസ്ത്യാനികളോട് സഹതാപം തോന്നി. ഇതിനിടെ ക്രിസ്ത്യാനികളെ പിടികൂടി നിയമത്തിനു മുൻപിൽ കൊണ്ടുവരിക എന്ന ദൗത്യം ചക്രവർത്തി മാർസില്ലസിനെ ഏൽപ്പിച്ചു. മാർസില്ലസ് ഒരു കുട്ടിയെ പിന്തുർന്ന് ക്രിസ്ത്യാനികളുടെ ഭൂഗർഭതാവളത്തിൽ എത്തിച്ചേർന്നു. അവിടെ അദ്ദേഹം ക്രിസ്ത്യാനികളെ സംബന്ധിച്ച സത്യങ്ങൾ മനസ്സിലാക്കി. മാർസില്ലസും സുവിശേഷം അംഗീകരിച്ചു.തുടർന്ന് മാർസില്ലസ് പട്ടാളക്യാമ്പിൽ മടങ്ങിയെത്തി. എന്നാൽ അദ്ദേഹം ക്രിസ്ത്യാനിയായത് അറിഞ്ഞ് പട്ടാളമേധാവി തടവിലാക്കാൻ തുനിഞ്ഞു. സുഹൃത്ത് ലൂക്യുല്ലസ് അദ്ദേഹത്തെ രക്ഷപെടാൻ അനുവദിച്ചു. ക്രിസ്ത്യാനിയായ പോളിയോ എന്ന ബാലൻ ഇതിനിടെ അധികാരികളുടെ പിടിയിലായി.അവനെ രക്ഷിക്കാൻ മാർസില്ലസ് ശ്രമിച്ചെങ്കിലും പ്രയോജനമുണ്ടായില്ല. പോളിയോയെ വിസ്തരിച്ചെങ്കിലും അവൻ വിശ്വാസം തള്ളിപ്പറഞ്ഞില്ല ..**തുടർന്നു വായിക്കുക.***

## അദ്ധ്യായം 9

# പോളിയോയുടെ മരണം

പോളിയോയുടെ വിധിതീർപ്പ് പൊടുന്നനെ ആയിരുന്നു. പിറ്റേന്ന് പോർക്കളത്തിൽ ഒരു പ്രദർശനം നടന്നു.

പോരാളികൾ ഓരോരുത്തരായും കൂട്ടമായും പരസ്പരം കൊന്നു വീഴ്ത്തി. പല തരത്തിലുള്ള യുദ്ധമുറകളും അരങ്ങേറി. ഏറ്റവും മാരകമായതിനാണ് ഏറ്റവും വലിയ കയ്യടി ലഭിച്ചത്.

കരുണയ്ക്കുവേണ്ടി കെഞ്ചുന്ന മുറിവേറ്റ പോരാളിക്ക് താഴേക്കു ചൂണ്ടുന്ന പെരുവിരൽ അടയാളം (മരണം) മാത്രം കാട്ടുന്ന നിർദ്ദയരായ, രക്തദാഹികളായ കാഴ്ചക്കാർ.

ഇത്രയേറെ രക്തമൊഴുകുന്നതു കണ്ടിട്ടും അധികം രക്തത്തിനു വേണ്ടി മുറവിളികൂട്ടുന്ന കാണികൾ. എപ്പോഴും ഒടുവിലായി കലാശതാണ്ഡവത്തിനായി

സൂക്ഷിക്കുന്നതു ക്രിസ്ത്യാനികളെത്തന്നെ.

ചക്രവർത്തിയുടെ ഇരിപ്പിടത്തിനു സമീപം നിലയുറപ്പിച്ചിട്ടുള്ള പടയാളികളോടൊപ്പം ല്യൂക്യുല്ലസ് നിന്നു. അവന്റെ മുഖം മങ്ങിയിരുന്നു. ചിന്താഭാരത്താൽ പുരികങ്ങൾ വക്രിച്ചിരുന്നു. പ്രസന്നതയും ഉന്മേഷവും അയാളെ വിട്ടകന്നുപോയി.

മുകൾ നിരസീറ്റുകളിലൊന്നിൽ പോർക്കളത്തിലേക്ക് ഇമ വെട്ടാതെ മിഴിനട്ടിരുന്ന ഗൗരവമാർന്ന ഒരു മുഖം ആരുടെയും ശ്രദ്ധപിടിച്ചു പറ്റുന്നതായിരുന്നു.

ഇരുമ്പുവാതിലുകൾ നിരങ്ങി നീങ്ങുന്ന ശബ്ദം . ഒരു കടുവ പോർക്കളത്തിലേക്കു ചാടി വന്നു പിന്നാലേ ഒരു ബാലനും പോർക്കളത്തിലേക്കു തള്ളി വിടപ്പെട്ടു. കൂറ്റൻ ഹിംസ്ര ജന്തുവിന്റെ മുമ്പിൽ വിളറിയ ആ മെലിഞ്ഞ കുട്ടി ഒന്നുമല്ലായിരുന്നു. അവനെ പരിഹസിക്കാനെന്നവണ്ണം ഒരു പോരാളിയുടെ വസ്ത്രം അവനെ ധരിപ്പിച്ചിരുന്നു.

പ്രായക്കുറവും ബലഹീനതയും ഉണ്ടായിരുന്നെങ്കിലും അതൊന്നും അവന്റെ കണ്ണുകളിൽ നിഴലിച്ചില്ല. ഭയത്തിന്റെ ലാഞ്ഛന പോലുമില്ലാത്ത പ്രശാന്തമായ മുഖം. അവൻ പോർക്കളത്തിന്റെ നടുവിലേക്കു നീങ്ങുകയും എല്ലാവരും കാൺകെ കൈകൾ കൂപ്പി പ്രാർത്ഥിക്കുകയും ചെയ്തു.

ഈ സമയം കടുവ പോർക്കളത്തിനു ചുറ്റും നടക്കുകയായിരുന്നു. അതു ബാലനെ കണ്ടു എങ്കിലും ആ കാഴ്ച അതിനെ സ്വാധീനിച്ചതായിത്തോന്നിയില്ല. അതു പോർക്കളത്തിനു ചുറ്റുമുള്ള പടുകൂറ്റൻ കെട്ടുകളിലേക്കു നോക്കി ഇടയ്ക്കിടെ അലറി.

ഒടുവിൽ അതു ബാലന്റെ നേരെ തിരിഞ്ഞു രക്തദാഹം അതിന്റെയുള്ളിൽ ഇരമ്പി. അതുകത്തുന്ന കണ്ണുകളോടെ വാലാട്ടി തന്റെ ഇരയെ നോക്കി അങ്ങനെ നിന്നു.

തന്റെ അവസാനം അടുത്തെത്തിയതായി ബാലനു മനസ്സിലായി. അവൻ മുട്ടുകുത്തി. ആൾക്കൂട്ടം ശ്വാസം പിടിച്ചിരുന്നു. എല്ലാവരും കൊലയുടെ പുളകം അല്പം പോലും ചോർന്നു പോകാതെ ഒപ്പിയെടുക്കാൻ കാത്തുകൊണ്ട്. പോർക്കളത്തിലേക്കു മിഴിയൂന്നിയിരുന്നു ഒരു മനുഷ്യൻ അക്ഷമനായി എണീറ്റു നിന്നു നോക്കി.

"ഇരിക്കൂ!ഇരിക്കൂ! ഇരിക്കവിടെ!"

ആൾക്കൂട്ടത്തിനിടയിൽ നിന്നും ആരവമുയർന്നു. "നിങ്ങൾ കാഴ്ച മറയ്ക്കുകയാണ്.

പക്ഷേ അയാൾ അതുകേൾക്കാതിരിക്കുകയോ അവഗണിക്കുകയോ ചെയ്തു. അതോടെ ആൾക്കൂട്ടം തീർത്തും അസ്വസ്ഥരായി. ഇരമ്പം പ്രകമ്പമായി. ഉദ്യോഗസ്ഥന്മാർ തിരിഞ്ഞു നോക്കി ശ്രദ്ധിച്ചു. ലൂക്യൂല്ലസും നോക്കി. അവനുകാര്യങ്ങളെല്ലാം പിടികിട്ടി. അതുണ്ടാക്കിയ ഞെട്ടലിൽ അവൻ മരിച്ചവനെപ്പോലെ വിളറി.

"മാർസില്ലസ്!" അവൻ വിളിച്ചു. ഒരു നിമിഷം, തുടർന്ന് ഒരു സ്ഥലത്തേക്കോടി. ഈ സമയം ജനക്കൂട്ടമിരമ്പി ചുറ്റി നടന്നിരുന്ന കടുവ ഒരു ബാലനു നേരേ തിരിഞ്ഞ് രോഷത്തോടെ ഒന്നു പതുങ്ങി. ബാലൻ മുട്ടുകുത്തിയിരുന്നിടത്തു നിന്നും എണീറ്റു. അവന്റെ മുഖം ഒരു ദൈവദൂതന്റെ മുഖം പോലെ പ്രകാശിച്ചു. ആ പോർക്കളവും അതിന്റെ പടുകൂറ്റൻ കെട്ടുകളും അതിലുപവിഷ്ടരായിരിക്കുന്ന രക്ത ദാഹികളായ ക്രൂരജനവും തന്റെ മുമ്പിൽ നിൽക്കുന്ന ഒരു ഹിംസ്രജന്തുവും ഒന്നും അവന്റെ കണ്ണുകൾക്കു മുമ്പിലുണ്ടായിരുന്നില്ല ഈ സമയം.

അവന്റെ ആത്മാവ് പുത്തൻ യെരുശലേമിന്റെ കവാടത്തിനുള്ളിലേക്കു പ്രവേശിച്ചതുപോലെ സ്വർഗ്ഗീയമായ





കാഴ്ചകൾ അവന്റെ കണ്ണുകൾക്കു മുമ്പിൽ മദ്ധ്യാഹ്നസൂര്യനെപ്പോലെ പ്രകാശിച്ചു നിന്നു.

"അമ്മേ, ഞാനിതാ വരുന്നു".

"കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ. അവൻ വിളിച്ചു പറഞ്ഞു. അവന്റെ വാക്കുകൾ വ്യക്തതയുള്ളതും ശബ്ദം കാതുകൾക്കിമ്പമുള്ളതുമായിരുന്നു. അതു ശ്രോതാക്കൾക്കു കേൾക്കാൻ കഴിയുമായിരുന്നു. ഒരു നിമിഷം അവർ ശ്രദ്ധിച്ചു. കടുവാ ചാടി പൊടിപടലമുയർന്ന് ഒരു ദൃശ്യം ഭാഗികമായി മറയ്ക്കപ്പെട്ടു.

അതവസാനിച്ചു.

നിശ്ശബ്ദതയിൽ നിന്നും കാഹളനാദം പോലെ ഒരു ശബ്ദം മുഴങ്ങി. എല്ലാവരും സ്തബ്ധരായി.

"........ മരണമേ, നിന്റെ വിഷമുള്ള് എവിടെ? പാതാളമേ, നിന്റെ ജയമെവിടെ? .... കർത്താവായ യേശുക്രിസ്തുവിലൂടെ നമുക്കു ജയം നൽകുന്ന ദൈവത്തിനു സ്തോത്രം."

ഇതു കേട്ടു വർദ്ധിച്ച കോപത്തോടെ കൂടിയിരുന്ന ആളുകൾ എണീറ്റു. പതിനായിരക്കണക്കിനു കരങ്ങൾ തങ്ങളുടെ സന്തോഷത്തിലേക്ക് അതിക്രമിച്ചു കടന്ന ഒരു പാതകനു നേരേ നീണ്ടു. അവർ ഏക സ്വരത്തിൽ അലറി:

"ഒരു ക്രിസ്ത്യാനി! ഒരു ക്രിസ്ത്യാനി! അവനെ ചുട്ടുകളയുക! അവനെ കടുവയ്ക്കു കൊടുക്കുക! അവനെ പോർക്കളത്തിലേക്ക് എറിയുക!".

ആ കേട്ട വാക്കുകളോടുള്ള ജനക്കൂട്ടത്തിന്റെ പ്രതികരണമിതായിരുന്നു.

മാർസില്ലസിനെ പിച്ചിച്ചീന്തുവാൻ തയ്യാറായി നിൽക്കുന്ന ക്രുദ്ധരായ റോമക്കാരുടെ നടുവിലേക്ക് ലുക്യൂല്ലസ് പാഞ്ഞെത്തി. ഒരു കടുവാ പോലും അത്രതന്നെ രക്ത ദാഹിയായി കാണപ്പെട്ടില്ല. ലൂക്യൂല്ലസിന്റെ സാന്നിദ്ധ്യം ജനക്കൂട്ടത്തെ തെല്ലു ശാന്തരാക്കി. കൂടെയുണ്ടായിരുന്ന സൈനികരും ഓടിയെത്തി. മാർസില്ലസിനെ ലൂക്യുല്ലസ് തന്നെ പുറത്തേക്കു കൊണ്ടുപോയി. പട്ടാളക്കാർ പിന്നാലേ ചെന്നു.

"കഷ്ടം! മാർസില്ലസ്, നിന്റെ ജീവനെ വെറുതെ ഇങ്ങനെ എറിഞ്ഞു കൊടുക്കേണ്ടതുണ്ടോ?"

"ഞാൻ ആ സന്ദർഭത്തിൽ അങ്ങനെ പ്രതികരിച്ചു പോയതാണ്. ഞാൻ വളരെ സ്നേഹിച്ചതാണവനെ. അവന്റെ അന്ത്യം എന്റെ കൺമുമ്പിലായിപ്പോയി. എനിക്കു സ്വയം നിയന്ത്രിക്കാൻ കഴിഞ്ഞില്ല. എങ്കിലും ഞാൻ അനുതപിക്കുന്നില്ല. എന്റെ വീണ്ടെടുപ്പുകാരനു വേണ്ടി എന്തും സഹിക്കാൻ എനിക്കു സന്തോഷമേയുള്ളൂ."

"കഷ്ടം! എന്റെ സുഹൃത്തേ! നിന്റെ ജീവനെക്കുറിച്ചു നിനക്കു ഒരു വിചാരവും ഇല്ലേ?"

''ഞാൻ എന്റെ ജീവനെക്കാൾ എന്റെ രക്ഷകനെ സ്നേഹിക്കുന്നു.

"നോക്കൂ മാർസില്ലസ്. ഇതാ ഇവിടെ നിരത്തു തുറന്നു കിടന്നു. വിജനമാണ് ഇപ്പോൾ നിനക്കു രക്ഷപ്പെടാൻ കഴിയും. ഓടി രക്ഷപ്പെട്ടു കൊള്ളുക."

ലൂക്യൂല്ലസ് പെട്ടെന്ന് മാർസില്ലസിന്റെ കാതിൽ മന്ത്രിച്ചു.

മാർസില്ലസ് സുഹൃത്തിന്റെ കരം പിടിച്ചമർത്തി.

"ഇല്ല ലൂക്യൂല്ലസ്, നിനക്ക് അപമാനമുണ്ടാക്കിക്കൊണ്ടു ഞാൻ രക്ഷപെടുകയില്ല. എനിക്ക് ആ പ്രേരണ തന്ന ഹൃദയത്തെ ഞാൻ സ്നേഹിക്കുന്നു. പക്ഷേ ഞാനുമായുള്ള സ്നേഹബന്ധം നിന്നെ കുഴപ്പത്തിലാക്കാൻ ഞാനനുവദിക്കില്ല."

ലൂക്യൂല്ലസ് ഒരു നിശ്വാസമുതിർത്തു. നിശ്ശബ്ദനായി നടന്നു.

തുടരും

മൊഴിമാറ്റം:**ബോബി ചെറിയാൻ**

# സ്വയത്തിന്റെ നിഴൽ

ഏ.ബി. സിംസൺ

**ആകയാൽ** യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളണമേ; ജീവിച്ചിരിക്കുന്നതിനെക്കാൾ മരിക്കുന്നത് എനിക്ക് നന്ന് എന്നു പറഞ്ഞു. (യോനാ 4:3)

ശരിയായ നിലയിൽ അർത്ഥമാക്കി പ്രാർത്ഥിച്ചിരുന്നെങ്കിൽ യോനയുടെ ജീവിതത്തിലെ ഏറ്റവും ഉത്തമമായ പ്രാർത്ഥന ആയിരുന്നേനെ ഇത്. യോനായുടെ ജീവിതത്തിലെ ഏറ്റവും വലിയ ആവശ്യം തനിക്കു തന്നെ മരിക്കുക എന്നതായിരുന്നു. മനുഷ്യരിൽ പൊതുവേ പ്രത്യേകിച്ച് ദൈവവേലയിൽ ആയിരിക്കുന്നു എന്ന് അവകാശപ്പെടുന്ന, ആത്മാക്കൾക്കുവേണ്ടി പ്രവർത്തിക്കുന്നവർ എന്ന് കരുതുന്ന, ആളുകളിൽ കാണുന്ന സ്വാർത്ഥതയുടെ വൈരൂപ്യവും ഭോഷത്തവും എത്രവലിയതാണെന്ന് വരച്ചുകാട്ടുന്നതത്രേ യോനായുടെ ജീവിതം. സ്വാർത്ഥത എപ്പോഴും നികൃഷ്ടവും ദോഷകരവുമാണ്. ക്രൂശിതനായ രക്ഷകനെയും സ്നേഹനിധിയായ ദൈവത്തെയും പ്രതിനിധാനം ചെയ്യുന്നവരിൽ സ്വാർത്ഥത എത്രയധികം നിന്ദ്യമാണ്!

പഴയ നിയമകാലഘട്ടത്തിൽ ആദ്യം കാണപ്പെടുന്ന പ്രവാചകരിൽ ഒരുവനത്രേ യോനാ. യൊരൊബെയാം രണ്ടാമന്റെ സമകാലികനായിരുന്ന യോനയുടെ പ്രവചന ശുശ്രൂഷയുടെ ഫലമായി യിസ്രായേലിനെ വിഗ്രഹാരാധനയുടെ കുഴിയിൽ നിന്നും കയറ്റി അവരെ യിസ്രായേൽ രാഷ്ട്രത്തിന്റെ ചരിത്രത്തിൽ ശക്തിയുടെയും മഹത്വത്തിന്റെയും ഉന്നതശൃംഗത്തിലെത്തിക്കാൻ ഇടയായി. സ്വന്തജനമായ യിസ്രായേലിലേക്ക് സദ്വർത്തമാനത്തിന്റെ പ്രവാചകനായി അയയ്ക്കപ്പെടുമ്പോൾ യോനാ അത്യുത്സാഹത്തോടെ പോകുകയും അവന്റെ ശുഷ്ക്കാന്തിയോടെയുള്ള പ്രവചനശുശ്രൂഷയിൽ യിസ്രായേൽ ശത്രുക്കളെ കീഴടക്കുകയും നഷ്ടപ്പെട്ട ഭൂപ്രദേശങ്ങൾ തിരിച്ചുപിടിക്കുകയും ചെയ്തിരുന്നു.

ഈ കാലഘട്ടത്തിൽ യോനയുടെ പ്രവാചക ദൗത്യം അവസാനിച്ചിരുന്നെങ്കിൽ യിസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും പ്രഗല്ഭരായ പ്രവാചകന്മാരിൽ ഒരുവനായി അവൻ അറിയപ്പെടുമായിരുന്നു. ഇപ്പോൾ ഇതാ ദൈവം അവന് പുതിയൊരു ദൗത്യം നൽകുന്നു. അശ്ശൂർ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ നിനെവേ പട്ടണത്തിനെതിരെ ദൈവിക ന്യായവിധിയുടെ മുന്നറിയിപ്പുമായി പോകുവാനാണ് ദൈവം പ്രവാചകനോട് ആവശ്യപ്പെടുന്നത്. യോനയെ സംബന്ധിച്ചിടത്തോളം തികച്ചും അപ്രതീക്ഷിതവും അസ്വീകാര്യവുമായ നിയോഗമായിരുന്നു ഇത്. എല്ലാ നിലയിലും ആത്മാർത്ഥതയുള്ള ഒരു ദേശസ്നേഹിയായിരുന്ന യോനയ്ക്ക് യിസ്രായേലിന്റെ ഏറ്റവും വെറുക്കപ്പെട്ട ശത്രുവായ നിനെവേ പട്ടണ നിവാസികളുടെ മേൽ ദൈവത്തിന്റെ കടാക്ഷം ഉണ്ടാകുന്നത് അസഹ്യമായിരുന്നു. യോനയുടെ ഇച്ഛാശക്തി ഉണർന്നു, ദൈവകല്പനയോടു മത്സരിച്ച് യോന നിനെവേയിലേക്ക്





പോകേണ്ട എന്ന് തീരുമാനിച്ചു. അനുസരണക്കേട് എപ്പോഴും ദൈവത്തിൽ നിന്നും ഒരുവനെ അകറ്റുന്നു. സകലതും കാണുന്ന ദൈവത്തിന്റെ ദൃഷ്ടിയിൽ നിന്നും ഓടിയൊളിക്കുവാനായി ഏതെങ്കിലും ഒരു സ്ഥലം തിരയുകയായിരുന്നു യോന. ദൈവത്തിന്റെ നോട്ടം യോനയ്ക്ക് ഇപ്പോൾ അസഹനീയമായിരുന്നു.

യോനാ പോകുവാൻ ആഗ്രഹിച്ച ഇടത്തേയ്ക്ക് ഇപ്പോൾ സാഹചര്യങ്ങൾ എല്ലാം വിരൽ ചൂണ്ടുന്നതായിത്തോന്നി. യോപ്പ തുറമുഖത്ത് എത്തിയ പ്രവാചകൻ തർശീശിലേക്കു പോകുന്ന ഒരു കപ്പൽ തയ്യാറായി നിൽക്കുന്നത് കാണുന്നു. ആ കപ്പലിൽ ഒരു ഇടം കണ്ടെത്തിയ യോന ഒളിച്ചിരിക്കാൻ കണ്ടെത്തിയ ഇടം കപ്പലിന്റെ അടിത്തട്ടായിരുന്നു. ഈ സമയത്ത് കൊടുങ്കാറ്റ്, ദൈവത്തിന്റെ കരുണയുടെയും ന്യായവിധിയുടെയും സന്ദേശവാഹകനായി എത്തി. കടലിൽ എറിയപ്പെട്ട യോനയെ ദൈവം ഒരുക്കി നിർത്തിയിരുന്ന വലിയ മത്സ്യം വിഴുങ്ങുന്നു. മൂന്നു ദിവസങ്ങൾക്കു ശേഷം നിനെവേയുടെ കരയിൽ മത്സ്യം യോനയെ “ഉയിർത്തെഴുന്നേറ്റ” ഒരുവനെപ്പോലെ ഛർദ്ദിക്കുന്നു. നിനെവേപ്പട്ടണത്തിലേക്ക് പോയി ദൈവം കൽപ്പിച്ച ന്യായവിധിയുടെ സന്ദേശം അറിയിക്കാനുള്ള നിയോഗം ദൈവം പുതുക്കുന്നു.

ഈ പ്രാവശ്യം യോനാ ചോദ്യം ചെയ്യാതെ പോകാൻ തയ്യാറായി. ‘ക്രൂശിക്കപ്പെട്ട’ ഒരു മനുഷ്യന്റെ അവസ്ഥയിലായിരുന്നു കുറേ സമയത്തേക്ക് പ്രവാചകൻ. എന്നാൽ പഴയ ‘യോനാ’ രംഗപ്രവേശം ചെയ്യാൻ അധിക നേരം വേണ്ടിവന്നില്ല. തന്റെ ‘പ്രസംഗം’ വിജയകരമായി നിർവഹിക്കാൻ കഴിഞ്ഞതും ജനം ശ്രദ്ധിച്ച് മാനസാന്തരപ്പെടാൻ തയ്യാറായതുമെല്ലാം ഒരു പക്ഷേ

> **ആത്മാക്കൾക്കുവേണ്ടി പ്രവർത്തിക്കുന്നവർ എന്ന് കരുതുന്ന ആളുകളിൽ കാണുന്ന സ്വാർത്ഥതയുടെ വൈരൂപ്യവും ഭോഷത്തവും എത്രവലിയതാണെന്ന് വരച്ചുകാട്ടുന്നതത്രേ യോനായുടെ ജീവിതം. ക്രൂശിതനായ രക്ഷകനെയും സ്നേഹനിധിയായ ദൈവത്തെയും പ്രതിനിധാനം ചെയ്യുന്നവരിൽ സ്വാർത്ഥത എത്രയധികം നിന്ദ്യമാണ്.**

യോനയ്ക്ക് സംതൃപ്തി നൽകിക്കാണും എന്നാൽ കരുണാസമ്പന്നനായ ദൈവം നിനെവേക്കാരുടെ അനുതാപത്തെ ദയാപൂർവ്വം വീക്ഷിക്കുകയും വരുത്താൻ നിരൂപിച്ച ന്യായവിധി നടത്താതിരിക്കയും ചെയ്തപ്പോൾ യോനാ കയ്പുനിറഞ്ഞവനായി, കോപിഷ്ഠനാകുന്നു. പട്ടണത്തിന്റെ ന്യായവിധിയെപ്പറ്റിയുള്ള തന്റെ മുന്നറിയിപ്പ് വൃഥാവായപ്പോൾ ഒരു പ്രവാചകൻ എന്ന നിലയിൽ യോനയുടെ പേരിനാണ് മങ്ങലേറ്റത്. പട്ടണവാതിലിനു വെളയിൽ ഒരു മരത്തണലിൽ ഇരുന്ന് ഒരു കൊച്ചുകുട്ടിയെപ്പോലെ കോപിക്കുന്ന യോനയെ നാം കാണുന്നു. ഒടുവിൽ വാടിക്കരിഞ്ഞുപോയ ആവണക്കിന്റെ ചുവട്ടിൽ നിന്ന് ലജ്ജാകരമായ വിധത്തിൽ ‘അപ്രത്യക്ഷനാകുന്ന’ പ്രവാചകനെയാണ് നാം കാണുന്നത്. തന്റെ സ്വാർത്ഥതയിലും ഭോഷത്തത്തിലും ദൈവദത്തമായ തേജസ്സുള്ള ശുശ്രൂഷയ്ക്ക് നേരിട്ട തകർച്ചയുടെ പശ്ചാത്തലത്തിൽ യോനയെ

**അനുഗ്രഹങ്ങളുടെ പ്രഭയിൽ നമ്മിൽ പലരും മാതൃകാപുരുഷന്മാരാണെന്ന് തോന്നിപ്പോകും. എന്നാൽ പരിശോധനകളാണ് യഥാർത്ഥ അവസ്ഥ വെളിവാക്കുന്നത്. ദൈവവേലയേക്കാൾ ദിവ്യസ്വഭാവമാണ് പ്രധാനം എന്നതിനാൽ സ്വയജീവന് മരണം കൊണ്ടുവരുന്ന ശോധനകളിലൂടെ നമ്മെ നടത്തി, നമ്മെ വാസ്തവമായും ഉപയോഗമുള്ളവരാക്കാൻ ദൈവം ശ്രദ്ധിക്കുന്നു.**

നാം കാണുന്നത് സ്വയജീവന്റെ നിഴലിൽ ദൈവതേജസ്സ് പ്രതിഫലിപ്പിക്കാൻ കഴിയാത്ത അവസ്ഥയിലത്രേ.

യോനയുടെ ജീവിതത്തിൽ നിന്നും നമുക്ക് വിലപ്പെട്ട പല പാഠങ്ങൾ പഠിക്കാൻ കഴിയും:

1. തനിക്ക് ഇഷ്ടമുള്ള ഒരു ശുശ്രൂഷ വിജയകരമായി ചെയ്യുന്നവനെങ്കിലും, തന്റെ സ്വഭാവം ശോധന ചെയ്യപ്പെടുമ്പോൾ അമ്പേ പരാജയപ്പെടുന്നവനായി യോനയെ നാം കാണുന്നു. കാര്യങ്ങൾ തന്റെ ഇംഗിതപ്രകാരം നീങ്ങുമ്പോൾ സന്തുഷ്ടനായിരുന്ന യോനാ സാഹചര്യങ്ങൾ പ്രതികൂലമായപ്പോൾ ആകെ തകർന്നുപോകുന്നു. അനുഗ്രഹങ്ങളുടെ പ്രഭയിലും, മതപരമായ അഭിവൃദ്ധിയിലും കർമ്മോത്സുകരായി കാണപ്പെടുന്ന നമ്മിൽ പലരും മാതൃകാപുരുഷന്മാരാണെന്ന് തോന്നിപ്പോകും. എന്നാൽ പരിശോധനകളാണ് യഥാർത്ഥ അവസ്ഥ വെളിവാക്കുന്നത്. ദൈവവേലയേക്കാൾ ദിവ്യസ്വഭാവമാണ് പ്രധാനം എന്നതിനാൽ സ്വയജീവന് മരണം കൊണ്ടുവരുന്ന ശോധനകളിലൂടെ നമ്മെ നടത്തി, നമ്മെ വാസ്തവമായും ഉപയോഗമുള്ളവരാക്കാൻ ദൈവം ശ്രദ്ധിക്കുന്നു.

2. തനിക്ക് സൗകര്യപ്രദമെന്നു തോന്നുമ്പോൾ മാത്രം ദൈവത്തെ അനുസരിക്കുന്നവൻ, യജമാനന്റെ ഇഷ്ടം മാത്രം എപ്പോഴും തെരഞ്ഞെടുക്കുന്ന യഥാർത്ഥ അനുസരണം എന്തെന്ന് അറിയാതെയിരുന്നേക്കാം.

3. യഥാർത്ഥ മിഷനറിയുടെ ആത്മാവില്ലാത്ത ഒരുവനായിരുന്നു തിരക്കുള്ള ശുശ്രൂഷയുടെ മദ്ധ്യത്തിലും യോനാ. ദൈവത്തോട് യഥാർത്ഥ സ്നേഹമോ മനുഷ്യരുടെ ആത്മാക്കളെക്കുറിച്ച് കരുതലോ ഇല്ലാത്ത പ്രവാചകൻ. സ്വന്തം സഭയുടെ പേരിനുവേണ്ടി മാത്രം കഠിനാദ്ധ്വാനം ചെയ്യാൻ തയ്യാറുള്ളവരുടെ പ്രതിനിധിയാണ് യോനാ. നിനെവേക്കാരുടെ (അക്രൈസ്തവരുടെ) അടുത്തേക്ക് സുവിശേഷ സന്ദേശവുമായിപ്പോകാൻ അവർക്ക് അശേഷം താല്പര്യമില്ല.

4. ദൈവത്തിൽ നിന്ന് ഒളിച്ചോടിപ്പോകുന്നവനായിരുന്നു യോന. നാം അനുസരണക്കേടു കാണിക്കുമ്പോൾ ദൈവസന്നിധിയിൽ നിന്നും ഓടിയൊളിക്കാൻ ആഗ്രഹിക്കും. ആദാമിന്റെ ഒറ്റ അനുസരണക്കേട് സ്രഷ്ടാവിൽ നിന്നും അവനെ അകറ്റിക്കളഞ്ഞു. അവൻ ദൈവസന്നിധിയിൽ നിന്നും ഓടിയൊളിക്കുന്നതായി നാം കാണുന്നു. ഒരു പ്രാവശ്യം എങ്കിലും അനുസരണക്കേടു കാണിച്ചശേഷവും സ്വർഗ്ഗീയപിതാവിന്റെ മുഖത്തുനോക്കി നിങ്ങൾക്ക് അവിടുത്തെ മകനാണെന്ന് സ്വയം വിളിക്കാൻ കഴിയും എന്ന് ചിന്തിക്കുന്നത് തികഞ്ഞ ഭോഷത്തമാണ്. ഹൃദയത്തിൽ നിരൂപിച്ച പദ്ധതി പ്രാവൃത്തികമാക്കാനുള്ള ഉപാധികൾ കണ്ടെത്താൻ യോനയ്ക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടായില്ല. ആർക്കുവേണ്ടിയും സാഹചര്യങ്ങൾ ഒരുക്കുവാൻ പിശാചിന്





ബുദ്ധിമുട്ടില്ല. ഇവിടെ ഇതാ, ആഗ്രഹിച്ച സ്ഥലത്തേക്ക് പോകാൻ തയ്യാറായി നില്ക്കുന്ന ഒരു കപ്പൽ! യോനാ വേഗത്തിൽ കപ്പലിന്റെ അടിത്തട്ടിൽ ഉറക്കമായി. പിൻമാറ്റത്തിൽ സംഭവിക്കുന്ന ഏറ്റവും ദുഃഖകരമായ കാര്യം, പിൻമാറ്റത്തോടൊപ്പം പിശാച് നമ്മെ മയക്കിക്കളയാൻ ഉതകുന്ന മരുന്നുകൾകൂടി നൽകുന്നു എന്നതാണ്. അതിശക്തമായ കൊടുങ്കാറ്റിലും എല്ലാം ശുഭമായിരിക്കുന്നു എന്ന് സ്വപ്നം കണ്ടു ഉറങ്ങാൻ കഴിയുന്ന അപകടകരമായ അവസ്ഥ! ദൈവിക ന്യായവിധിയിൽ മത്സരിക്കുന്ന ഒരു മനസ്സും, സംവേദനക്ഷമത നഷ്ടപ്പെട്ട ഒരു ആത്മാവും പോലെ ഭയങ്കരമായ മറ്റൊന്നും ഇല്ല.

5. ദൈവികപോലിസിനാൽ പിന്തുടരപ്പെട്ട, നേരിടുന്ന പരിശോധനകളിലും ബുദ്ധിമുട്ടുകളിലും തനിക്കു മാത്രമല്ല മറ്റുപലർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരുവനെയാണ് യോനയിൽ നാം കാണുന്നത്. നമ്മുടെ സ്വയതൃപ്തിയിൽ മയങ്ങിക്കിടക്കാൻ നമ്മെ അനുവദിക്കാത്ത ദൈവത്തിന്റെ കരുണയ്ക്കായി നമുക്ക് നന്ദി പറയാം. വേണ്ടിവന്നാൽ നമ്മെ മുറിവേൽപ്പിച്ചും തന്റെ സ്നേഹമസൃണമായ മാർവിടത്തിലേക്ക് അടുപ്പിക്കുന്ന പിതാവിന്റെ സ്നേഹം എത്ര വലിയത്! പിൻമാറ്റക്കാരൻ തന്റെ പാപവും ഭോഷത്തവും മൂലം മറ്റുള്ളവർക്കും കഷ്ടം വരുത്തുന്നു എന്നതാണ് സങ്കടകരമായ കാര്യം. യോനയുടെ കപ്പലിൽ ഉണ്ടായിരുന്ന മറ്റുള്ളവർക്ക് അവന്റെ അനുസരണക്കേടിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടിവന്നു. പലപ്പോഴും ഒരുവൻ തന്റെ പണം എല്ലാം നഷ്ടപ്പെട്ട് കുടുംബം തകർന്ന് മാത്രമാണ് തന്റെ ജീവിതത്തിലെ കൊടുങ്കാറ്റുകളുടെ കാരണം കണ്ടെത്തുന്നതും തന്നെ സൗഖ്യമാക്കാനായി അടിച്ചവനിലേക്കും, മുറിവുകെട്ടാനായി ചതച്ചവനിലേക്കും മടങ്ങി വരുന്നത്. സ്വമേധയാ സ്നേഹമുള്ള പിതാവിന്റെ കരങ്ങളിലേയ്ക്ക് ഓടിയെത്തേണ്ട നാം ദൈവിക ശിക്ഷാവിധിയിലൂടെ മാത്രം മടങ്ങിവരാൻ ഇടയാകുന്നത് എത്ര പരിതാപകരമാണ്! നമുക്ക് നൽകാനുള്ള യഥാർത്ഥഅനുഗ്രഹങ്ങൾ ഒന്നും നമുക്ക് നഷ്ടമാകരുത് എന്ന് സ്വർഗ്ഗീയ പിതാവിന് നിർബന്ധമുണ്ട്.

6. ശരിയായ നിലയിൽ എന്തെങ്കിലും നന്മചെയ്യണമെങ്കിൽ യോനാ തനിക്കു തന്നേ മരിക്കേണ്ട ആവശ്യം ഉണ്ടായിരുന്നു. സ്വയജീവന്റെ ക്രൂശീകരണമാണ് യോനാ നമുക്കു നൽകുന്ന വിലപ്പെട്ട പാഠം. യേശു തന്റെ മരണ പുനരുത്ഥാനങ്ങളുടെ നിഴലായിട്ടാണ് യോനയുടെ അനുഭവം വിവരിക്കുന്നത്. യേശുവിന്റെ ക്രൂശ് നമുക്കുള്ള ജീവിത മാതൃകയാകയാൽ അവിടുന്ന് മരിച്ചതുപോലെ നാമും സ്വയജീവനും പാപത്തിനും മരിക്കേണ്ടതാണ്. യോനയുടെ ചരിത്രത്തിൽ ദൈവം തികഞ്ഞ സ്നേഹത്തിൽ സ്വയത്തിന്റെ മരണത്തിലൂടെ 'യോന'യെ വഴിയിൽ നിന്നും മാറ്റി, താൻ ആഗ്രഹിക്കുന്ന വിധം അനുഗ്രഹിക്കാനാണ് ശ്രമിക്കുന്നത്. സ്വയത്തിന് മരിക്കുവാൻ യോനയ്ക്കു ലഭിച്ച സുവർണ്ണാവസരം അവൻ ഉപയോഗിച്ചില്ലെങ്കിൽ കുറ്റം അവന്റേതുമാത്രമാണ്. മത്സ്യത്തിന്റെ വയറ്റിൽ കിടക്കുമ്പോൾ താൻ "പാതാളത്തിന്റെ വയറ്റിൽ" ആണെന്നാണ് യോനാ പറയുന്നത്. (യോനാ 2:2) ആ സാഹചര്യത്തിൽ പറയുന്നത് തികഞ്ഞ ആത്മാർത്ഥതയോടെയല്ലെന്ന് നാം സംശയിക്കില്ല. മത്സ്യത്തിന്റെ വയറ്റിൽ നിന്നും പുറത്തുവന്നശേഷം പഴയ യോനയെ ഇനിമേൽ കാണുവാൻ ഇടയാകയില്ല എന്ന് നാം കരുതിപ്പോകും. പക്ഷേ, അത്ഭുതകരമായ കാര്യം അപ്പോഴും യോനാ പകുതിമാത്രം മരിച്ചവനായിരുന്നു

> **ലോകക്കാരിൽ നിന്നുള്ള താരപരിവേഷം വേണ്ടെന്നു വച്ച ഒരു സഹോദരി, സഭയിലെ കൂട്ടുസഹോദരിമാരുടെ ആദരവിൽ സന്തോഷിക്കുന്ന അനുഭവം ഉണ്ടാകാം. ആയിരക്കണക്കിന് ആളുകളെ പിടിച്ചിരുത്താൻ കഴിയുന്ന ഒരു സുവിശേഷ പ്രസംഗി, ലോകക്കാരനായ ഒരു നടനെക്കാളും രാഷ്ട്രീയക്കാരനെക്കാളും ഉദ്ദേശ്യശുദ്ധിയിൽ ഒട്ടും മെച്ചമല്ല എന്നു വരാം**

എന്നതാണ്! ക്രൂശിതനായ രക്ഷകനെ പ്രസംഗിക്കാൻ ദൈവത്തിന് ക്രൂശിതനായ ഒരുവനെ മാത്രമേ ഉപയോഗിക്കാൻ സാധിക്കൂ. സ്വയത്തിനും പാപത്തിനും നാം യഥാർത്ഥമായി മരിച്ചവരെങ്കിൽ "കർത്താവേ! ഞാൻ എന്തു ചെയ്യേണം?" എന്ന ഏക ചോദ്യമേ നമുക്ക് ഉണ്ടാകുകയുള്ളൂ. യജമാനൻ അയയ്ക്കുന്നിടത്തെല്ലാം നാം ചോദ്യം ചെയ്യാതെ സന്തോഷത്തോടെ പോകുന്നവരായിരിക്കും.

7. വലിയ കഷ്ടതയിലൂടെയും, നിന്ദയിലൂടെയും കടന്നുപോയിട്ടും പകുതി മാത്രം 'മരിച്ച' ഒരുവനായി യോനയെ നാം കാണുന്നു. കുറച്ചുസമയത്തേക്ക് വിശ്വസ്തനും അനുസരണമുള്ളവനുമായി യോനാ ദൈവം പറഞ്ഞ സന്ദേശം തന്നെ നിനെവേപട്ടണനിവാസികളോട് അറിയിക്കയും, തൽഫലമായി അത്ഭുതകരമായ വിധത്തിൽ മാനസാന്തരവും ഉണർവ്വും അവർക്ക് ഉണ്ടാകയും ചെയ്തു. സിംഹാസനത്തിൽ ഇരിക്കുന്ന അശ്ശൂർ രാജാവുമുതൽ സാധാരണക്കാർ വരെ ദൈവമുമ്പാകെ കവിണ്ണുവീണ് കരുണയ്ക്കായി അപേക്ഷിക്കുന്നു. ദൈവം അവരുടെ നിലവിളി ശ്രദ്ധിച്ചപ്പോൾ യോനയുടെ പ്രവചനം നടക്കാതെ പോയി. ഇതിൽ ക്ഷുഭിതനായ യോന കോപിക്കുന്നു. ഭീഷണിപ്പെടുത്തിയിട്ട് പിൻമാറിയ ദൈവം ഒരു പ്രവാചകൻ എന്ന തന്റെ പേരിനാണ് ക്ഷതം വരുത്തിയത്. പഴയ സ്വയജീവിതത്തിന്റെ മറ്റൊരു മുഖം! ലോകസുഖങ്ങൾക്കായുള്ള മോഹം ഒരുവൻ ഉപേക്ഷിച്ചെന്നു വരാം. എന്നാൽ ആ പഴയ സ്വയജീവൻ 'ക്രിസ്തീയ' പരിവേഷമുള്ള മറ്റെന്തെങ്കിലും കാര്യത്തിൽ സന്തോഷം കണ്ടെത്താൻ ശ്രമിക്കുകയാവും. ലോകക്കാരിൽ നിന്നുള്ള താരപരിവേഷം വേണ്ടെന്നു വച്ച ഒരു സഹോദരി, സഭയിലെ കൂട്ടുസഹോദരിമാരുടെ ആദരവിൽ സന്തോഷിക്കുന്ന അനുഭവം ഉണ്ടാകാം. ആയിരക്കണക്കിന് ആളുകളെ പിടിച്ചിരുത്താൻ കഴിയുന്ന ഒരു സുവിശേഷ പ്രസംഗകൻ, ലോകക്കാരനായ ഒരു നടനെക്കാളും രാഷ്ട്രീയക്കാരനെക്കാളും ഉദ്ദേശ്യശുദ്ധിയിൽ ഒട്ടും മെച്ചമല്ല എന്നു വരാം. യോനയുടെ ആദ്യകാല ശുശ്രൂഷയിലെ വിജയമാകാം ഈ പാഠങ്ങൾ നൽകുന്നത്: കർത്താവിന്റെ മഹത്വം ആർക്കും കൊടുക്കുകയില്ല. ക്രിസ്തുമാത്രം എല്ലാ പുകഴ്ചയ്ക്കും ബഹുമാനത്തിലും യോഗ്യൻ. നമ്മുടെ നിഴലുകളെ പിറകിലെറിഞ്ഞ് യജമാനന്റെ മഹത്വത്തിൽ സ്വയം മറക്കുവാൻ നമുക്ക് കഴിഞ്ഞിരുന്നെങ്കിൽ!

8. തന്റെ പ്രവൃത്തിക്ക് ചേതം വരാതിരിക്കുവാൻ ദൈവത്തിന് യോനയെ പൊടിയോളം താഴ്ത്തേണ്ടിവന്നു. ദൈവം നമ്മെ തന്റെ മഹത്തായ പ്രവൃത്തിയിൽ ഭാഗഭാക്കുകളാക്കുവാൻ ആഗ്രഹിക്കുന്നു. സ്വയം മറക്കാൻ ഇഷ്ടപ്പെട്ടിരുന്ന മോശെ, ശമുവേൽ, പൗലൊസ് എന്നീ ദൈവഭൃത്യരെ ദൈവം മാനിച്ച വിധം ഓർക്കുക. അവരിൽ നിന്നും എത്ര വ്യത്യസ്തനായിരുന്നു യോന. "ദൈവം നിഗളികളോട് എതിർത്തുനില്ക്കുന്നു. താഴ്മയുള്ളവർക്കു കൃപനൽകുന്നു." അവിടുത്തെ





## ബൈബിളിലൂടെ....(28 ൽ നിന്നു തുടർച്ച)

കാരം ഒരു ബൈബിൾ വാക്യം തന്റെ മേശയ്ക്കരികിൽ പതിക്കുന്നതു ഞാൻ കണ്ടിട്ടില്ല. ക്രൈസ്തവർക്ക് അങ്ങനെ ചെയ്യുവാൻ ലജ്ജയാണ്. ചിലർ അതു മൂലം തങ്ങളുടെ ജോലിക്കയറ്റിത്തിനുള്ള സാദ്ധ്യത തടയപ്പെടുമോ എന്നു ശങ്കിക്കുന്നു - തങ്ങളുടെ വെളിച്ചത്തെ മറയ്ക്കുന്നു. എന്തൊരു ദുരന്തം! യേശു ഒരു കുരിശിൽ തൂക്കപ്പെടുവാൻ ലജ്ജിച്ചില്ല - നമുക്കവേണ്ടി. നാം ഒരിക്കലും അവനെ ഏറ്റു പറയുന്നതിന് അധൈര്യപ്പെട്ടു കൂടാ. ഞാൻ നേവിയിൽ ജോലി ചെയ്തിരുന്ന കാലത്ത് എനിക്കു പരസ്യമായി സാക്ഷ്യം പറയാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഞാൻ എന്റെ മേശമേൽ ഒരു ബൈബിളും ചില ലഘുലേഖകളും വച്ചിരുന്നു. ഒരു ലഘുലേഖ ആവശ്യമുള്ളവർക്ക് ഒന്നെടുക്കാൻ കഴിയുമായിരുന്നു. നമ്മുടെ വെളിച്ചം പ്രകാശിപ്പിക്കുവാൻ എത്രയോ വഴികളുണ്ട്. സഭാഹാളിനുള്ളിൽ കർത്താവിനെ സാക്ഷിക്കുന്നതിനെക്കാൾ പ്രധാനമാണ് പുറത്ത് അവിടുത്തെ സാക്ഷിയായിരിക്കുന്നത്. യാതൊരു വെളിച്ചവുമില്ലാത്തിടത്തു നമ്മുടെ വെളിച്ചം പ്രകാശിക്കണം.

8:44 - ൽ യേശുവിന്റെ വസ്ത്രാഗ്രം തൊട്ട ഒരു സ്ത്രീയെക്കുറിച്ച് നാം വായിക്കുന്നു. ധാരാളം പേർ യേശുവിനു ചുറ്റും കൂടിയിരുന്നു എങ്കിലും ഒരു സ്ത്രീ മാത്രമേ സൗഖ്യം പ്രാപിച്ചുള്ളൂ. വിശ്വാസമുള്ളവർ മാത്രമേ യേശുവിനെ സ്പർശിക്കുന്നുള്ളു. അവിടെ ഒരാളും ഇവിടെ ഒരാളും അത്ര മാത്രം. ഓരോ സഭായോഗത്തിലും നമുക്കും ആ സ്ത്രീയെപ്പോലെ കൈനീട്ടി യേശുവിനെ വിശ്വാസത്താൽ തൊടാം.

9:16 - ൽ അയ്യായിരം പേർക്കു ഭക്ഷണം നൽകുന്ന സംഭവം നാം വായിക്കുന്നു. നാമും ഇത്തരത്തിൽ മറ്റു

---

ശുശ്രൂഷ ചെയ്താൽ പിതാവ് ഒരുവനെ മാനിക്കും എന്നാണ് യേശു പറഞ്ഞത്. മാനം സ്വയം അന്വേഷിച്ച യോനയ്ക്ക് അത് നഷ്ടമായി. വാടിക്കരിഞ്ഞ ആവണക്കിന്റെ ചുവട്ടിൽ നിരാശനായിരിക്കുന്ന യോനാ നമുക്ക് നൽകുന്നത് എത്ര ശക്തമായ മുന്നറിയിപ്പാണ്.

9. മരിക്കാൻ ഒട്ടും തയ്യാറല്ലാതിരുന്ന നിമിഷത്തിലാണ് യോന എനിക്കു മരിച്ചാൽ മതി എന്ന് പറയുന്നത്. ദൈവം തന്റെ മഹാകരുണയിൽ സത്യസന്ധതയില്ലാത്ത ആ പ്രാർത്ഥന ചെവിക്കൊണ്ടില്ല. അപകടകരമായ പ്രാർത്ഥനകൾ നാം ഉരുവിടരുത്. കോപംകൊണ്ട് അന്ധനായ ഒരു നിമിഷത്തിൽ തനിക്കു മരിച്ചാൽ മതി എന്ന് യോന പറഞ്ഞു. എത്ര സങ്കടകരം! ആ നിമിഷം മുതൽ യോനാ തിരുവചനത്തിൽ നിന്നും അപ്രത്യക്ഷനാകുന്നു! മരിക്കാനായി നാം യഥാർത്ഥത്തിൽ തയ്യാറാകുന്നത് ദൈവത്തിന്റെ മഹത്വത്തിനായി മാത്രം ജീവിക്കാൻ നാം തയ്യാറാകുമ്പോഴത്രേ.

10. ദൈവത്തിനായി ജീവിക്കുന്ന തന്റെ യഥാർത്ഥരഹസ്യം (നമ്മുടെ ഏറ്റവും ഉന്നതമായ താത്പര്യങ്ങൾക്കായും അനുഗ്രഹത്തിനായും) യോനയിൽ നിന്നു നമുക്ക് പഠിക്കാം. ക്രൂശിക്കപ്പെട്ട ഒരു ജീവിതം എങ്ങനെയെന്ന് കർത്താവായ യേശുക്രിസ്തു നമ്മെ പഠിപ്പിക്കുന്നു. പൂർണ്ണഹൃദയത്തോടെ അവൻ നമുക്കായി തന്റെ ജീവനെ വച്ചുതന്നു. തന്നോടൊപ്പം മരിക്കുവാനും, നിസ്വാർത്ഥമായ സ്നേഹത്താൽ നിറഞ്ഞവരായി തന്നോടൊപ്പം ഉയിർത്തെഴുന്നേറ്റവരായി ജീവിക്കുവാനും എങ്ങനെ കഴിയും എന്ന് യേശു നമ്മെ പഠിപ്പിക്കുന്നു. ❖

ള്ളവർക്ക് ഒരു അനുഗ്രഹമായിരിക്കണമെന്നു ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. അതിനുള്ള ഒന്നാമത്തെ പടി നമുക്കുള്ളതെല്ലാം കർത്താവിനു സമർപ്പിക്കുക എന്നതാണ്. ആ ചെറിയ കുട്ടിയുടെ കൈയിൽ അഞ്ചപ്പവും രണ്ടു മീനും ഉണ്ടായിരുന്നു. അവൻ തനിക്കുവേണ്ടി ഒന്നും സൂക്ഷിക്കാതെ എല്ലാം കർത്താവിന്റെ കൈയിൽ കൊടുത്തു. യേശു ആ അപ്പവും മീനും അനുഗ്രഹിച്ചു. ഇതാണു രണ്ടാമത്തെ പടി. നാം നൽകുന്നതിന്മേൽ ദൈവത്തിന്റെ അനുഗ്രഹം ഉണ്ടാകണം. ദൈവം തന്റെ ആത്മാവിനെ നമ്മുടെ മേൽ പകരണം. ഇപ്പോഴും പുരുഷാരത്തിനു ഭക്ഷണം ലഭിച്ചിട്ടില്ല. മൂന്നാമത്തെ പടി നമ്മെ നുറുക്കുവാൻ നാം കർത്താവിനെ അനുവദിക്കുന്നതാണ്. യേശു ആ അപ്പം നുറുക്കി. അവിടുന്നു നമ്മെയും നുറുക്കും - ആളുകളിലൂടെയും സാഹചര്യങ്ങളിലൂടെയും തുടർന്നു അപ്പം ഒരു പുരുഷാരത്തിനു നൽകി. ദൈവം തങ്ങളെ നുറുക്കാൻ അനുവദിക്കാത്തതുകൊണ്ടു തന്നെ ദൈവോദ്ദേശ്യം തങ്ങളുടെ ജീവിതത്തിൽ നിറവേറ്റുവാൻ കഴിയാത്തത് അനേക ആത്മനിറവുള്ള വിശ്വാസികളുടെ ജീവിതത്തിൽ ഞാൻ കണ്ടിട്ടുണ്ട്. അവർ തങ്ങൾക്കുള്ളതെല്ലാം ദൈവത്തിനു സമർപ്പിച്ചവരും ആത്മ നിറവുള്ളവരുമാണ്. പക്ഷേ അവർ ആത്മവിശ്വാസമുള്ളവരും നുറുക്കപ്പെടാത്തവരുമാണ്. അവരുടെ ശുശ്രൂഷയിൽ ധാരാളം ആളുകൾ സംബന്ധിക്കുന്നുണ്ട്. എന്നാൽ അവരുടെ പ്രവർത്തന നിലവാരം തികച്ചും ശുഷ്കമാണ്. പല കൾട്ടുകൾ പോലും വലിയ ജനക്കൂട്ടത്തെ ആകർഷിക്കുന്നുണ്ട്. അതുകൊണ്ടു നിങ്ങളുടെ കൂട്ടായ്മകളിൽ സംബന്ധിക്കുന്ന ആളുകളുടെ എണ്ണം കണ്ട് പുകഴേണ്ടതില്ല. അവരുടെ ആത്മീയ നിലവാരമെന്താണ്? അവർ ശിഷ്യന്മാരോ വെറും വിശ്വാസികളോ?

ഇതാ ഒരു ഉപമ: ഒരു പെൺമുയൽ ഒരു പെൺ സിംഹത്തോട് ഇങ്ങനെ പെരുമ പറഞ്ഞു: "ഞാൻ ഈ വർഷം ഇരുപതു കുട്ടികളെ പ്രസവിച്ചു. നീയോ?" സിംഹി അല്പം ഗൗരവത്തോടെ: "ഒന്നു മാത്രം. പക്ഷേ അതൊരു സിംഹമാണ്." ഇരുപതു വിശ്വാസികളേക്കാൾ ഒരു ശിഷ്യൻ തന്നെയാണ് നല്ലത്.

9:23 - ലൂക്കോസിന്റെ സുവിശേഷത്തിലെ അതിപ്രധാനമായ വാക്യങ്ങളിൽ ഒന്നാണ് "ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു നാൾ തോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ." നിങ്ങൾ എല്ലാദിവസവും സ്വയം ത്യജിക്കയും സ്വയത്തിനു മരിക്കയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് യേശുവിനെ അനുഗമിക്കുവാൻ കഴികയില്ല. സ്വയം ത്യജിക്കുക എന്നുവച്ചാൽ നിങ്ങളുടെ സ്വന്തജീവൻ ആവശ്യപ്പെടുന്ന ഏതു കാര്യവും നിഷേധിക്കുക എന്നാണ്. ക്രൂശെടുക്കുക എന്നാൽ എന്താണ്? ഇക്കാര്യത്തെ നമുക്ക് ഇങ്ങനെ ചിന്തിക്കാം: നിങ്ങളുടെ ഹിതം ദൈവഹിതത്തെ ഭേദിക്കുന്ന ഒരു ഇടത്താണ് ക്രൂശുണ്ടാകുന്നത്. കുരിശിന്റെ ലംബമായുള്ള ഭാഗം ദൈവഹിതവും തിരശ്ചീനമായുള്ള ഭാഗം നിങ്ങളുടെ ഹിതവും ആണ്. ക്രൂശെടുക്കുക എന്നാൽ നിങ്ങളുടെ ഹിതത്തിനു മരിച്ച് ദൈവഹിതം നിറവേറ്റുക എന്നതാണ്. എന്നുവച്ചാൽ നിങ്ങളുടെ ഇഷ്ടങ്ങൾ, നിങ്ങളുടെ ലക്ഷ്യങ്ങൾ, നിങ്ങളുടെ സൽപ്പേര്, നിങ്ങളുടെ താത്പര്യങ്ങൾ, നിങ്ങൾ അന്യരുടെ മുമ്പിൽ പ്രതികരിക്കാനാഗ്രഹിക്കുന്ന വിധങ്ങൾ മുതലായവ.... എല്ലാദിവസവും ക്രിസ്തുവിൽ മരിച്ചവർ എന്നു നിങ്ങളെത്തന്നെ എണ്ണുക എന്നാണർത്ഥം.

❖

(തുടരും)





Youth Section




# THE HOLY AND LOVING GOD

(Part II)

Sandeep Poonen

***Question:***
How must I interact with the Christian God who is Love and yet Holy? These two attributes seem contradictory to me. The love of God seems to invite me in, but His holiness seems to scare me away. Is the God of Holiness simply for the Old Testament, and God is now the God of Love for those of us who live after Jesus Christ?

***Answer:***
This is the second part of my answer to this question.

In the first part of my answer, I had written this in conclusion:
*Let me not keep the access card to God's presence (the Person of Jesus) in my pocket or as a plaque on my wall or simply a verse in my Bible. Let me grab a hold of this access, and enter God's presence and always embrace the love of God. And yet all the same, let me constantly remind myself of the wonder and reverence of His holiness.*

*It is not one or the other. Neither is it a 50-50 split. No, it is ALL of God's Love and ALL of God's Holiness that both co-exist in their fullness towards us. So it is 100-100.*

Now I want to talk about how I personally interact with God's love and God's holiness. And for myself, my view of God has been fundamentally based out of one story in the Bible – the story that is commonly known as the story of the Prodigal Son and described in Luke 15:11-32. The father in the story is a picture of God, and it is this description of God (by Jesus Himself) that drives my understanding of Him.

Now this is not to say that everything about God must fit into this story. Not at all! God is definitely so much bigger than every story written about Him.

However, when I am in doubt about the nature and passion of God, I invariably end up with this depiction of God by Jesus.

And from this story, I glean these lessons about God and His love and His holiness:

1. **When I approach God with a clear acknowledgement of my sins, I see God's overwhelming Love first.**
   I know from my own life that this is a very difficult reality to embrace. Almost always, my acknowledgement of my sins is a comparison of my own lack of holiness with God's total holiness. And I fall terribly short of the glory of God's holiness, and this is what is the sin that I see (Romans 3:23).

   At this very time when I realize how short I fall of God's holiness, it is very difficult to recognize that the Person running down the road to meet me (Luke 15:20) is the very same Holy God. And the reason this Holy God runs down to meet and embrace me is because He is Love.

   But this is the challenge before us. Will we use our reason that says that God cannot do this, or will we believe the words of Jesus who says that this very holy God runs down to embrace us in His great love – EVEN THOUGH He fully knows how much we have disappointed Him and squandered His love.

   This was the great challenge that I realized was set before me. Would I choose to believe that this same Holy God was indeed running down the road to embrace me EVERY TIME I CHOSE TO RETURN TO HIM? Or had I disappointed this Holy God so many times that now this Holy God was now sitting in His office, sick and tired of getting up to meet me who had deserted Him so often?

2. **This God wants to THEN have a dinner feast for me when I return home**
   After I return home, God wants me to have dinner with Him.

   Many times after I return home with God, I may grudgingly accept that God embraced me. But then I get into the house, and I am hit again by the guilt and shame of my past rejection. So I chose to go to my room and "be by myself" – so that I can show my Father than I am deeply disappointed about what I just did.

   But this is not the desire of my Heavenly Father. **There is no room service in the Heavenly Father's house**! My Father wants me to have dinner with Him. *Song of Songs 2:4 – He has brought me to his banquet hall, And his banner over me is love.* The Message paraphrase of this verse says, "*He took me home with him for a festive meal, but his eyes feasted on me!*" He wants to feast His eyes on me and share a meal with me. He first wants to make the time to listen to my heart, and have me see His love that overflows towards me.

   The utmost desire of the Father's heart is a restoration of our normalcy with God. Having a festive dinner with me is a statement to everybody (including me) that I have been restored indeed.

   This is God's first objective that He wants to drive home to me after I know that He loves me and has forgiven me.





3. **God teaches me about His holiness when I am in the house, not outside the house**
   God has a lot to teach me about who He is. And at the top of that list is the reality that God is Holy. But God does not teach me about His Holiness from outside the house. When I say "outside the house," I mean being separated from my Father. So when the younger son returned home, there was a time to discuss the past mistakes and correct them. But that must wait till after love and normalcy and intimacy has been restored.

   Even with the elder son, the father in Luke 15 goes outside and desires to also draw the resentful elder son back in (v 28). No matter what our sin is (worldliness or hypocrisy), the Father wants to draw us into the house first. Then He will deal with our sins.

   Too often, I think that we interact with the Holiness of God from afar. We see the holiness of God as the Israelites saw it – standing at the base of Mount Sinai. But that is not the God we know. We know a God who is our Father. So we must interact with the holiness of God while sitting inside the house, and by His side.

   God will teach us His Holiness AFTER He's embraced us and brought us into the house, and after we have shared a festive meal together.

   See these words in Peter's first epistle: *1 Peter 1:17-19 – [17]If you address as Father the One who impartially judges according to each one's work, conduct yourselves in fear during the time of your stay on earth…*

   To me, the order is critical. We are to conduct our lives in holy fear BECAUSE we address God as our Father. When we approach God in

His holiness without being fully secure that this same Holy God is our Heavenly Father, then we have MISSED the good news of what Jesus has established for us. He died so that our sins would not prevent us from entering heaven one day. But that is in the future. The good news of the gospel is present even now – that Jesus died for us, rose again, and went back to heaven so that we could have the Holy Spirit within us that allows us to call God our Father (Romans 8:15-16).

As I dwell within the house of God and grow in my security of His abounding love for me, I have also grown in my fear and reverence for this God who is equally Holy. As I choose by faith to embrace the overflowing love of God that is lavished on me, I am sobered by the corresponding Holiness of this same Loving God. So as I am immersed in this Love, I determine to live my life soberly – being careful to respect and honor this Person who has the highest regard for holiness.

So let me end with this final thought:
***We will not grow to love the One we've learned to fear.***
***We will grow to fear the One we've learned to love.***

(Please mail your genuine doubts to: **sandeep@poonen.org**)

# യേശുവിന്റെ അതുല്യത

ഒരിക്കൽ സാധു സുന്ദർ സിങ്ങിനോട് സംസാരിക്കവെ ഒരു പ്രഫസർ ഇങ്ങനെ ചോദിച്ചു: 'നിങ്ങളുടെ പഴയ മതത്തിലില്ലാത്ത എന്താണു നിങ്ങൾ ക്രിസ്തീയതയിൽ കണ്ടെത്തിയത്?'

'അത് യേശുക്രിസ്തുവിനെയാണ്.'സാധു മറുപടി പറഞ്ഞു.

സുന്ദർ സിങ്ങിനെ വാദപ്രതിവാദത്തിലേക്ക് വലിച്ചിഴയ്ക്കണമെന്ന ഉദ്ദേശ്യത്തോടെ പ്രഫസർ വീണ്ടും ചോദിച്ചു- ഉവ്വ്, അതെനിക്കറിയാം. എന്നാൽ മുമ്പില്ലാതിരുന്ന പ്രത്യേകമായ എന്ത് ഉപദേശമാണ്, തത്ത്വമാണ് നിങ്ങൾ ഇപ്പോൾ കണ്ടെത്തിയത്?'ഞാൻ കണ്ടെത്തിയിരിക്കുന്ന ആ പ്രത്യേകമായ കാര്യം ക്രിസ്തുവാണ്'സാധു വീണ്ടും മറുപടി പറഞ്ഞു.

പ്രഫസർ തിരിച്ചും മറിച്ചും എല്ലാം ചോദിച്ചിട്ടും യേശുവിന് അപ്പുറത്ത് എന്തെങ്കിലും പ്രത്യേകത ക്രിസ്തു മതത്തിന് ഉണ്ടെന്നു സമ്മതിക്കുവാൻ സാധു തയ്യാറായില്ല.

ക്രിസ്തീയതയുടെ കേന്ദ്രം യേശുവാണ്. യേശുക്രിസ്തുവിനെ മാറ്റിനിർത്തിയാൽ പിന്നെ അവശേഷിക്കുന്ന ക്രിസ്തീയത പൂജ്യം മാത്രമാണ്. ക്രിസ്തീയതയിൽ ഉപദേശങ്ങളും തത്ത്വങ്ങളും ഉണ്ട്. പക്ഷേ അത് ഉപദേശമോ തത്ത്വങ്ങളോ അല്ല. അത് അനുഷ്ഠാനങ്ങളെയും രീതികളെയും ഉപയോഗിക്കുന്നുണ്ട്. പക്ഷേ അത് അനുഷ്ഠാനമോ രീതിയോ അല്ല. അതിൽ സംഘടനകളും പ്രസ്ഥാനങ്ങളും ഉണ്ടെന്നു വരാം എന്നാൽ അതു സംഘടനയോ പ്രസ്ഥാനമോ അല്ല. ക്രിസ്തീയത ആഴത്തിൽ ഒരു വ്യക്തിയാണ്. ആവ്യക്തി യേശുക്രിസ്തുവാണ്.

## ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ (യോഹ 6: 68)

വാല്യം 9 മെയ് 2011 ലക്കം 5



**എഡിറ്റോറിയൽ ബോർഡ്**

ജോജി ടി. സാമുവൽ (കോട്ടയം)
ജോസ് മാത്യു (തിരുവനന്തപുരം)
മാത്യു ജോർജ് (തിരുവല്ല)
ബോബി ചെറിയാൻ (റാന്നി)
സാജു ജോസഫ് (ആലപ്പുഴ)
മാനേജർ
ജേക്കബ് മാത്യു (കായംകുളം)



**വാർഷിക സംഭാവന**

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :



**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള- 686016,
ഫോൺ:0481 - 2392753,
9495234087,9249516234
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

**വിദേശപ്രതിനിധികൾ**
**U.S.A - Binoy James**
Phone: 512990-2808(R) 512826-5028(O)
Email: benoyjames@hotmail.com
**DUBAI - Shabu Kuruvilla**
Phone: 050-7970839
E-mail: skuruvi@gmail.com


മൊഴിമുത്ത്

# നുറുക്കവും കാഠിന്യവും



കാഠിന്യത്തിന്റെ നേരെ എതിരാണു നുറുക്കം. കാഠിന്യം പറയും: ''അതു നിന്റെ കുറ്റമാണ്!" ഇതേ സമയം നുറുക്കം പ്രസ്താവിക്കും: "ഉവ്വ്, ഇത് എന്റെ കുറ്റമാണ്!" ക്രൂശിൽ ഒരു സമയത്ത് ഒരാൾക്കു മാത്രമേ ഇടമുള്ളു എന്ന കാര്യം നാം ഓർക്കണം. "ഞാൻ തെറ്റിപ്പോയി. എന്നാൽ നീയും തെറ്റുകാരനാണ്. നീയും എന്റെ ഒപ്പം അവിടേക്കു വന്നേ പറ്റൂ" എന്നു നമുക്കു പറയുവാൻ കഴിയുകയില്ല.

നാം ക്രൂശിലേക്കു പോയേ മതിയാകൂ. നമുക്കു തെറ്റുപറ്റിയെന്ന് അവിടെ നാം സമ്മതിക്കണം. നാം അതിനെച്ചൊല്ലി തകരണം. നമ്മുടെ വാക്കുകളോ പ്രവൃത്തികളോ കൊണ്ടു ചെയ്യാൻ കഴിയുന്നതിലേറെ നമ്മുടെ നുറുക്കത്തിലൂടെ അവിടുത്തേക്കു പ്രവർത്തിക്കുവാൻ സാധിക്കും.

റോയ് ഹെസ്സിയോൺ

## ഞാൻ നിങ്ങളെ സഹായിക്കട്ടെ?

A **Joyful 'toon** by Mike Waters




അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊള്ളുക - 1 പത്രോ.5:7

# MY TYPEWRITER

Xvxn though this type writer is an old modxl, it works vxry well, xxcxpt for onx kxy. You'd think that with all thx othxr kxys working, onx kxy would hardly bx noticxd. But just onx kxy out of which sxxms to ruin thx wholx xffort.

Havx you xvxr said to yoursxlf, "I'm only onx pxrson; no onx will noticx if I don't do my bxst"?. But it doxs makx a diffxrxncx, bxcause to bx xffxctivx, a family, a church, an organization or a businxss nxxds complxtx participation by xvxryonx to thx bxst of his or hxr ability. So if you'rx having onx of thosx days whxn you think you just arx n't vxry important and you arx txmptxd to slack off rxmxmbxr this old typxwritxr. You arx a kxy pxrson and whxn you don't do your bxst, nothing xlsx works out the way it's supposxd to.

Lord, help me do my best, whether I am comforting a fatigued spouse, sharing a special moment with a child, playing a game with my friends or completing my job at work, or serving in my church. Remind me, Lord, just how important I am.

## *Just a minute*

*"Do not fear for I am with you. Surely I will uphold you with my righteous right hand"*
*Isiah.41:10*

***Pheba Cleetus***

